# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 71
ലക്കം 8
ആഗസ്റ്റ് 2003
സുഹൂർ 1382
ജ. ആഖിർ, റജബ് 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ – 100 ക.
ഒറ്റപ്രതി – 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**


## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** *ഖുർആനും ഭൗമേതര ജീവികളും*
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**9** *കൊളംബസ് വരാതിരിക്കില്ല*
എം. അലി, വെള്ളയിൽ

**11** *ശ്രീകൃഷ്ണനോ ശ്രീരാമനോ ആരാണ് മുൻഗാമി?*
പ്രൊഫ. രുദ്രദേവ് ശാസ്ത്രി

**16** *ഹസ്റത്ത് ആയിശ(റ)യുമായുള്ള പ്രവാചക വിവാഹം*
ഖാലിദ്, എടപ്പകത്ത്

**20** *വാർദ്ധക്യം ഉണർത്തുന്ന ചിന്തകൾ*
ഇ. ഓർച്ചാഡ് അഹ്മദ്, കണ്ണൂർ

**23** *ഹസ്റത്ത് ഉസ്മാ (റ) നെതിരെയുള്ള ഗൂഢാലോചന*
മൗലാനാ ശൈഖ് മുബാറക് അഹ്മദ്

**28** *പ്രത്യുൽപന്നമതിയായ ഖലീഫ*
ഇയാൻ ആഡംസൺ

**30** *വിശുദ്ധഖുർആനിൽ ദുർബ്ബലപ്പെട്ട വചനങ്ങൾ ഉണ്ടോ?*
ഏ. പി. കുഞ്ഞാമു

**34** *ഒരു രാജാവിന്റെ സ്വപ്നം*
യൂസഫ് തൃക്കടേരി

**38** *37-ാമത് ലണ്ടൻ അഹ്മദിയ്യാ സമ്മേളനം സമാപിച്ചു*
കെ. എ. നദീർ, കോഴിക്കോട്

**40** കുറിപ്പുകൾ, അനുസ്മരണം, വാർത്തകൾ


മുഖചിത്രം : അമേരിക്കയുടെ ഒരു സ്പേസ് ദൗത്യം.


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut

## ഖുര്‍ആനില്‍ നിന്ന്


ആകാശങ്ങളുടേയും ഭൂമിയുടേയും അതു രണ്ടിലും അവന്‍ വ്യാപിപ്പിച്ച ജീവികളുടേയും സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളില്‍ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോള്‍ അവയെ ഒരുമിച്ചുകൂട്ടാന്‍ അവന്‍ കഴിവുറ്റവനത്രെ. (42:30)

## നബിവചനം

ആരാണോ വിജ്ഞാനത്തിന്റെ പാതയില്‍ സഞ്ചരിക്കുന്നത് അല്ലാഹു അവര്‍ക്ക് സ്വര്‍ഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും. വിജ്ഞാനാന്വേഷിയുടെ പ്രവൃത്തിയില്‍ സന്തോഷഭരിതരായ മാലാഖമാര്‍ അവരുടെ ചിറകുകള്‍ അവര്‍ക്ക് വിരിച്ചുകൊടുത്തു. ആകാശങ്ങളിലും ഭൂമിയിലുള്ളവരും ജലത്തില്‍ വസിക്കുന്ന മത്സ്യങ്ങളും വിജ്ഞാനിക്കുവേണ്ടി ദൈവത്തിന്റെ പക്കല്‍ പൊറുക്കലിനെ തേടും.

*-അബൂദാവൂദ്, തിര്‍മ്മിദി*

# ശാസ്ത്രവിരോധം ആപല്‍ക്കരം



**ഹസ്റത്ത് മിര്‍സാ ഗുലാം അഹ്മദ് (അ)**

നവീനവിജ്ഞാനങ്ങള്‍ ആര്‍ജ്ജിക്കുന്നതിനെ എതിര്‍ക്കുന്ന മൗലവിമാര്‍ പിഴച്ചവരാണെന്നു ഞാന്‍ കരുതുന്നു. തങ്ങളുടെ ബലഹീനതകള്‍ മറച്ചുവെയ്ക്കാന്‍ വേണ്ടിയാണ് അവരിങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങള്‍ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്‌ലാമില്‍നിന്നു അകറ്റിക്കളയുമെന്നും ഇവര്‍ കരുതുന്നു. യുക്തിയും സയന്‍സും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവര്‍ പുലര്‍ത്തുന്നതായിട്ടാണ് തോന്നുന്നത്. തത്വശാസ്ത്രങ്ങളുടെ ദൗര്‍ബ്ബല്യങ്ങള്‍ തുറന്നു കാട്ടാന്‍ അവര്‍ക്ക് കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങള്‍ പഠിക്കുന്നത് അനുവദനീയമല്ലെന്നു സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാന്‍ അവര്‍ ശ്രമിക്കുകയത്രെ. തത്വശാസ്ത്രങ്ങളുടെ മുമ്പില്‍ അവരുടെ ആത്മാക്കള്‍ വിറകൊള്ളുകയും നവംനവങ്ങളായ കണ്ടുപിടുത്തങ്ങള്‍ക്ക് മുമ്പില്‍ കുമ്പിടുകയും ചെയ്യുന്നു. ദിവ്യവെളിപാടുകളിലൂടെ ജന്മമെടുക്കുന്നതും വിശുദ്ധ ഖുര്‍ആനില്‍ നിറഞ്ഞു തുളുമ്പുന്നതുമായ തത്വചിന്തകള്‍ അവര്‍ക്ക് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. അങ്ങേയറ്റത്തെ വിനയത്തോടും ശൂന്യഭാവത്തോടും കൂടി ദൈവസവിധത്തില്‍ പ്രനിപതിക്കുന്നവര്‍ക്കും എല്ലാതരം അഹങ്കാരങ്ങളില്‍നിന്നും മനസ്സും ഹൃദയവും മുക്തമായിട്ടുള്ളവര്‍ക്കും തങ്ങളുടെ ദൗര്‍ബ്ബല്യങ്ങള്‍ ഏറ്റുപറഞ്ഞു കൊണ്ടു യഥാര്‍ത്ഥ ദൈവദാസരെന്ന് സവിനയം സമ്മതിക്കുന്നവര്‍ക്കുമത്രെ ഈ ദര്‍ശനങ്ങള്‍ അനുഗ്രഹിച്ചരുളപ്പെടുക. (മല്‍ഫൂസാത്ത് 1 ഭാ 65-66)

മുഖക്കുറിപ്പ്

# ഭൗമേതര നാഗരികത

ശസ്ത്രക്രിയ നടത്തുന്ന ഓപ്പറേഷൻ തിയേറ്ററിലെ സ്റ്റെറിലൈസ് ചെയ്ത ഉപകരണങ്ങളെപോലെ ഭൂമിയൊഴികെയുള്ള ഈ പ്രപഞ്ചം ജീവാണു മുക്തമാണോ? ജീവന്റെ കണിക മറ്റെവിടെയെങ്കിലുമില്ലെന്നാണോ? നിതാന്ത നിശബ്ദതയുടെ അപാര തീരങ്ങളിലൂടെ ഏകാന്ത മൂകമായി ചുറ്റിക്കറങ്ങുന്ന ഭൂമിക്ക് അതിലെ അറിവിന്റെ വിസ്മയങ്ങളും ഹൃദയവികാരങ്ങളും പങ്ക് വെക്കാൻ ഈ പ്രപഞ്ചത്തിൽ മറ്റാരുമില്ലേ? ശാസ്ത്രം സന്ദേഹിയുടെ വിഹ്വലതയോടെ വളരെക്കാലമായി ജീവന്റെ തുടിപ്പുകൾക്കായി അന്വേഷണമാരംഭിച്ചിട്ട്. എന്നാൽ പ്രപഞ്ചത്തിൽ ഭൂമിയെ കൂടാതെ ധൈഷണിക നാഗരിക സമൂഹങ്ങൾ നിലവിലുണ്ടെന്നും സമയം ആസന്നമായാൽ അവ സമ്പർക്കത്തിലേർപ്പെടുമെന്നും പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പെ വിശുദ്ധ ഖുർആൻ ഉറപ്പിച്ചു പറയുകയുണ്ടായി! കവി പാടിയതുപോലെ

> "അനന്തമജ്ഞാതമവർണ്ണനീയം-
> മീലോക ഗോളം തിരിയുന്ന മാർഗ്ഗം
> അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
> നോക്കുന്ന മർത്ത്യൻ കഥയെന്തുകണ്ടൂ" *(കണ്ണുനീർത്തുള്ളി -നാലപ്പാട്ട്)*

അനന്ത വിശാലമായ ഈ പ്രപഞ്ചത്തിൽ ഭൂമിയെപ്പോലെ മറ്റ് ഭൂമികളുണ്ടെന്ന് ഖുർആൻ പറയുന്നു. "ഏഴ് ആകാശങ്ങളേയും അതിന്റെ ഭൂമിയേയും സൃഷ്ടിച്ചവനത്രെ അല്ലാഹു" (65:15) 'ഏഴ്' എന്നത് അനേകം എന്ന അർത്ഥത്തിൽ അറബിഭാഷയിൽ ഉപയോഗിക്കുന്ന ഒരു സാങ്കേതിക പ്രയോഗമാണ്. മറ്റൊരു വചനം ഇങ്ങിനെയാണ്. "സകല ഉൽകൃഷ്ടനാമങ്ങളും അവനുള്ളതത്രെ ആകാശ മണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ അവന്റെ മഹത്വം പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ്വ വല്ലഭനും സർവ്വജ്ഞനുമത്രെ " (59:25) ഈ ഖുർആൻ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹസ്റത്ത് അഹ്മദ് (അ) പറയുന്നത് ഈ വാക്യം ആകാശഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നും അവർ ദൈവത്തിന്റെ മാർഗ്ഗദർശനത്തിൽ വർത്തിക്കുന്നവരാണെന്നും സൂചിപ്പിക്കുന്നുണ്ട് എന്നാണ്. (ഇസ്ലാം മത തത്വജ്ഞാനം)

ബുദ്ധിയുടെ സ്ഫുരണങ്ങളുള്ള ഏതെങ്കിലും സിഗ്നലുകൾക്ക് കാതോർത്ത് ഭൂമിയിലും ബഹിരാകാശത്തും, സ്ഥാപിച്ച പടുകൂറ്റൻ പാരബോളിക്ക് ഡിഷുകളും നിരന്തരമായ ബഹിരാകാശ ദൗത്യങ്ങളും മനുഷ്യന്റെ അജ്ഞാതനായ സഹജീവിയെ തേടിയുള്ള അലച്ചിലിന്റെ സൂചകങ്ങളാണ്. അറിവിന്റെ അനുഭൂതികൾ പരസ്പരം കൈമാറുന്ന ഗോളാന്തര പ്രണയ സംഗമസുദിനം വരാതിരിക്കില്ല. സ്രഷ്ടാവിന്റെ വചനത്തിലെ രഹസ്യങ്ങൾ പുലരുന്നത് വരെ നമുക്ക് കാത്തിരിക്കാം.

●

ലേഖനം

# ഖുർആനും ഭൗമേതര ജീവികളും

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

## പ്രപഞ്ചത്തിലെ മറ്റു ഗോളങ്ങളിലും ജീവികളുണ്ടെന്നും അവരുമായി ഭൂമിയിലുള്ള മനുഷ്യൻ ബന്ധം സ്ഥാപിക്കുമെന്നും ഖുർആൻ പറയുന്നു.

പുരാതന കാലത്തെ എല്ലാ തത്വജ്ഞാനികളും മതപുരുഷന്മാരും വെച്ചു പുലർത്തിയിരുന്ന വീക്ഷണങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഖുർആൻ അവതരിപ്പിക്കുന്ന പ്രപഞ്ച ദർശനത്തിന് ധ്രുവങ്ങൾ തമ്മിലുള്ള അന്തരമുണ്ട്. ഖുർആൻ അവതരിക്കുന്ന കാലത്ത് ഗ്രീക്ക് ഖഗോള ശാസ്ത്രമായിരുന്നു ലോകത്തെങ്ങുമുള്ള ജനമനസ്സുകളിൽ അധീശത്വം പുലർത്തിയിരുന്നത്. അക്കാലത്തെ സംസ്കാരങ്ങളെല്ലാം ഗ്രീക്ക് പ്രപഞ്ച സങ്കല്പത്തിന്റെ സ്വാധീനത്തിലുമായിരുന്നു. കോപ്പർനിക്കസിന്റെ കാലംവരെ ഈ ഗ്രീക്ക് അധീശത്വം അഭംഗുരമായി തുടർന്നു വന്നു. ആകാശമെന്നത് സുതാര്യമായ പ്ലാസ്റ്റിക്ക് വസ്തുക്കൾ പടലകളായി അടുക്കിവെച്ചതാണെന്നും അതിൽ പ്രകാശിക്കുന്ന വസ്തുക്കൾ പതിച്ചതാണ് നക്ഷത്രങ്ങളെന്നും അക്കാലത്ത് സാർവ്വത്രികമായി വിശ്വസിച്ചു. കൂടുതൽ സൂക്ഷ്മമായി പറയുകയാണെങ്കിൽ അക്കാലത്തെ ജനങ്ങളുടെ വിജ്ഞാന സാകല്യം ഇപ്രകാരം സംഗ്രഹിക്കാം.

1. പൊടി മണ്ണ്, പാറ, വെള്ളം, വായു എന്നീ വസ്തുക്കൾക്കൊണ്ട് ഉണ്ടാക്കപ്പെട്ടതാണ് ഭൂമി. അത് ഏകദേശം പരന്ന ആകൃതിയിലുള്ള ചലിക്കാത്ത ഒരു വസ്തുവാണ്. അത് സ്വയം ഭ്രമണം ചെയ്യുകയോ മറ്റൊരു ഖഗോള വസ്തുവിനെ ചുറ്റുകയോ ചെയ്യുന്നില്ല.

2.ഭൂമിക്ക് പ്രപഞ്ചത്തിൽ ഒരു അതുല്യസ്ഥാനമാണുള്ളത്. അതുപോലെയൊന്ന് പ്രപഞ്ചത്തിലെവിടെയും നിലനിൽക്കുന്നില്ല. ഭൂമി സ്ഥിരമായി ഒരു സ്ഥലത്ത് നില്ക്കുകയാണ്. അതേസമയം ആകാശമെല്ലാം സ്ഥിരമായി അതിനെചുറ്റിക്കൊണ്ടിരിക്കയുമാണ്.

ഈ പ്രപഞ്ച സങ്കൽപം വ്യക്തമായും മറ്റെവിടെയങ്കിലും ജീവനുണ്ട് എന്ന സാധ്യതയെ നിരാകരിക്കുന്നു. ജീവനുള്ള ഒരേയൊരു ഗ്രഹമായ ഈ ഭൂമി ആകാശത്തിന് മദ്ധ്യേ തൂങ്ങി നില്ക്കുകയാണെന്നായിരുന്നു അക്കാലത്തുള്ളവരുടെ ധാരണ. ഇതിന് വിരുദ്ധമായി ഭൂമിയുടെ അതുല്യതയോ അത് സ്ഥിരമായി നിൽക്കുകയാണെന്നോ ഖുർആൻ അംഗീകരിക്കുന്നില്ല. ഭൂമിയെ കൂടാതെ മറ്റു ഭൂമികളുണ്ടെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

ഏഴ് ആകാശങ്ങളേയും അതുപോലെയുള്ള അതിന്റെ ഭൂമിയേയും സൃഷ്ടിച്ചവനത്രെ അല്ലാഹു (65:13)

ഇവിടെ ഒരു കാര്യം വിശദീകരിക്കേണ്ടതുണ്ട്. അതായത് ഈ വചനത്തിലെയും അതുപോലെ മറ്റു വചനങ്ങളിലെയും ഏഴ് എന്ന എണ്ണം ഒരു പ്രത്യേക സാങ്കേതിക പദമായി കണക്കാക്കേണ്ടതുണ്ട്. അത് അർത്ഥമാക്കുന്നതെന്തെന്നാൽ ഈ പ്രപഞ്ചം ആകാശങ്ങളുടെ അനേകം ഘടകങ്ങൾ ചേർന്നതാണ്. ഓരോന്നും ഏഴ് വീതമുള്ള (ഒരു പൂർണ്ണ സംഖ്യ) ഗ്രൂപ്പുകളായി വിഭജിച്ചിരിക്കുന്നു. ഓരോന്നിനും ഓരോ ഭൂമിയുമുണ്ട്. അതിലെ മുഴുവൻ ആകാശവും (ക്ഷീരപഥം) ആ ഭൂമിക്ക് സഹായകരമായി വർത്തിക്കുന്നു. പൊതുവെ അത്തരം ഖഗോള വ്യവസ്ഥയെ പറ്റി പറയുമ്പോൾ ഭൗമേതര ജീവികളെക്കുറിച്ച് കൂടുതൽ സവിശേഷകരമായ രീതിയിൽ താഴെ പറയുന്ന പ്രകാരം ഒരു വചനം ഖുർആനിൽ പ്രതിപാദിച്ചതായിക്കാണാം.

ആകാശങ്ങളുടേയും ഭൂമിയുടേയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടേയും (ദാബ) സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ. (42:30)

'ദാബ' എന്നത് ഭൂമിയുടെ ഉപരിതലത്തിൽ ഇഴയുകയും ചരിക്കുകയും ചെയ്യുന്ന എല്ലാ ജീവികൾക്കുമുള്ള പേരാണ്. നീന്തുകയും പറക്കുകയും ചെയ്യുന്ന ജീവികൾ അതിൽപ്പെടുന്നില്ല. ഏതെങ്കിലും തരത്തിലുള്ള ആത്മീയ ജീവികളെയും ആ പദം കൊണ്ട് വിശേഷിപ്പിക്കാറില്ല. അറബിയിൽ ഒരു പ്രേതത്തെ 'ദാബത്ത്' എന്ന് പറയാറി

ല്ല. ആ അർത്ഥത്തിൽ മലക്കുകളും ദാബത്ത് എന്ന പദത്തിന്റെ പരിധി യിൽ വരുന്നില്ല. ഈ വചനത്തിന്റെ രണ്ടാം ഭാഗത്തിന്റെ ഭൗമേതര ജീവി കളുടെ സാധ്യത പറയുക മാത്രമല്ല. അവ നിലനിൽക്കുന്നു എന്ന് അസന്നി ഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്യു ന്നു. ആധുനിക ശാസ്ത്ര ഗവേഷക ന്മാർക്ക് പോലും ഇന്നുവരെ ഉറപ്പിച്ചു പറയാൻ കഴിഞ്ഞിട്ടില്ലാത്ത ഒരവകാശ വാദമാണിത്. ഇക്കാര്യം മാത്രമല്ല ആ വചനം വ്യക്തമാക്കുന്നത്. അത്ഭുതക രമെന്ന് പറയട്ടെ ഈ വചനത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ഉദ്ദേശി ക്കുമ്പോൾ ആകാശത്തും ഭൂമിയിലു മുള്ള ജീവികളെ ഒരുമിച്ചു കൂട്ടുമെന്നും നാം വായിക്കുന്നു.

"അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചു കൂട്ടുവാൻ അവൻ കഴിവുറ്റ വനത്രെ" (42:30)

'ജം ഇഹിം' എന്ന അറബി പദം ഭൂമിയിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ജീവികളെ ഒന്നിച്ചു ചേർക്കുന്ന തിനെ പറ്റിയുള്ള വ്യക്തമായ പരാ മർശമാണ്. ഈ രണ്ടു കൂട്ടരുടേയും സംഗമം നടക്കുന്ന സന്ദർഭം എപ്പോഴാ ണെന്നോ അത് ഇവിടെ ഭൂമിയിൽ വെച്ചോ അല്ലെങ്കിൽ മറ്റെവിടെ വെച്ചോ ആണെന്നോ വ്യക്തമാക്കിയിട്ടില്ല. ഒരു കാര്യം ഇവിടെ ഉറപ്പിച്ചു പറഞ്ഞിരിക്കു ന്നു. ദൈവം ഇച്ഛിക്കുമ്പോഴാണ് ഇത് സംഭവിക്കുക എന്ന്. ശാരീകകൂടിചേ രലിനോ ആശയ വിനിമയങ്ങളിലൂടെ യുള്ള സമ്പർക്കത്തിന്നോ 'ജമാ' എന്ന പദം ഉപയോഗിക്കുമെന്ന കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഭാവി കാലത്തിന് മാത്രമേ ഇത് എപ്പോൾ എങ്ങിനെ സംഭവിക്കും എന്ന് വ്യക്ത മായി പറയാൻ സാധ്യമാവൂ.പക്ഷേ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അത്തരമൊരു സാധ്യതയെപറ്റി പ്രവ ചിക്കുക എന്നത് പോലും അത്ഭുതക രമാണ് എന്നതാണ് വസ്തുത.

പ്രപഞ്ച വിജ്ഞാനീയം (Cosmology) ഒരു ശാസ്ത്രമായി പിറവികൊണ്ടി ട്ടില്ലാത്ത ഒരു കാലത്താണ് ഖുർആന്റെ ഈ വെളിപാട് അവതരിച്ചത്. ഭൗമേ തര ജീവികളുടെ അസ്തിത്വത്തെ ക്കുറിച്ച് ചിന്തിക്കുന്നതിന് വളരെ മുമ്പെ അതിനെ പറ്റിയുള്ള സൈദ്ധാ ന്തിക ഭാവനയുടെ വേറിട്ടൊരു കാല ഘട്ടമുണ്ടായിരുന്നു. ഈ ആധുനിക കാലത്തുപോലും ഭൗമേതര ജീവികളെ ക്കുറിച്ചു അവകാശവാദങ്ങൾ ശാസ്ത്ര നോവലുകളിൽ മാത്രമേ കാണപ്പെടു ന്നുള്ളൂ.

ബാഹ്യലോകത്ത് ഭൗമേതര ജീവി കളുണ്ടോ എന്ന കാര്യത്തിൽ ശാസ്ത്ര ജ്ഞന്മാർ ഇതിന് മുമ്പ് വെച്ചു പുലർത്തിയ സന്ദേഹങ്ങൾ പൂർണ്ണമാ യും കൈയൊഴിച്ചിട്ടില്ല. ഭൗമേതര ജീവികളുടെ അസ്തിത്വത്തെ സംബ ന്ധിച്ച് വ്യക്തമായ തെളിവുകളും ഇന്നോളം കണ്ടുപിടിക്കപ്പെട്ടില്ല. അവർ ഇപ്പോഴും സാധ്യതകളെ സംബന്ധിച്ച് മാത്രമാണ് പറയുന്നത്.

പ്രപഞ്ചത്തിലെവിടെയങ്കിലും ധിഷ ണാശേഷിയുള്ള ജീവികളുണ്ടോ എന്ന സാധ്യതയെ പറ്റിയുള്ള അന്വേഷണ ത്തിൽ അഗാധമായി പ്രതിബദ്ധത പുലർത്തിയിരുന്ന ഉത്സാഹികളും പ്രഗ ത്ഭരുമായ ശാസ്ത്രജ്ഞന്മാരിൽ ഒരാ ളായിരുന്നു ഗ്ലാസ്ഗോ യൂണിവേഴ്സി റ്റിയിലെ പ്രൊഫ. ആർചി ബാൽഡ് റോയ് . അദ്ദേഹം എഴുതുന്നു.

"ഭൗമേതര ജീവികളെപ്പറ്റിയുള്ള സമസ്യകൾ നിരവധി അന്താരാഷ്ട്ര സമ്മേളനങ്ങളിൽ ചർച്ച ചെയ്യപ്പെടുക യുണ്ടായി. പ്രപഞ്ചത്തിൽ എവിടെ നിന്നെങ്കിലും, ഒരു ധൈഷണിക കേന്ദ്ര ത്തിൽ നിന്നുമുള്ള സിഗ്നലുകൾ നമുക്ക് തിരിച്ചറിയാനുള്ള ഒരു സാധ്യത ഉണ്ടന്ന് മാത്രമല്ല. അത്തരം ധൈഷണിക ജീവികളുമായി ആശയ വിനിമയത്തിലേർപ്പെടാനും വിവര ങ്ങൾ കൈമാറാനും സാധ്യമാണ്.(Roy A. E. Clark (1989) Astronomy : Structure of the Universe. Adam Hilger Ltd. Bristol. P. 270)

ഈ വിഷയത്തിൽ പ്രൊഫ. റോയി യുടെ ഉത്സാഹം മറ്റു ശാസ്ത്രജ്ഞ ന്മാർ പങ്കുവെക്കുന്നില്ല. ന്യൂ ഓർലി യൻസിലെ തുലാനി യൂണിവേഴ്സിറ്റി യിലെ ഡോ. ഫ്രാൻങ്ക് ടിപ്ളർ ഭൗമേ തര ജീവികളുടെ കാര്യത്തിൽ സന്ദേ ഹിക്കുന്നവരുടെ കൂട്ടത്തിൽപ്പെട്ട ആ ളാണ്. ഗണിത ശാസ്ത്രത്തിന്റെ കണ ക്ക് കൂട്ടലിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന്റെ ഈ സന്ദേഹം.

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭൗതിക പരിണാമത്തിന്റെ അവ്യസ്ഥി തവും അന്ധവുമായ പ്രവർത്തനങ്ങ ളിലൂടെ യായിരിക്കും പ്രപഞ്ചത്തിലെ വിടെയെങ്കിലും ബുദ്ധിയുള്ള ജീവി കൾ പ്രാദുർഭവിക്കുക. ഇത് വലിയ സംഖ്യകളുടെ ഗണിത നിയമങ്ങളെ പരാജയപ്പെടുത്തുന്നു. ഇവിടെ ഭൂമി യിൽ ജീവൻ എങ്ങിനെയുണ്ടായി എന്നത് ഒരു പ്രഹേളികയാണ്. ഈ പ്രഹേളിക ശാസ്ത്രജ്ഞന്മാർക്ക് കണ്ടെത്താൻ കഴിയുന്നതാണ്. അത്ത രം ഒരു വമ്പിച്ച സംഖ്യയുടെ സാധ്യ തയുള്ള നിഗൂഢാത്മകമായ പ്രതിപ്ര വർത്തനത്തിലൂടെ അത് വീണ്ടും ആവർത്തിക്കുക എന്നത് മനുഷ്യന്റെ കണക്ക് കൂട്ടലുകളെ തെറ്റിക്കുന്നു. അതൊരു ഗണിതപരമായ അസംഭാവ്യ തയാണ്. ഡോ. ടിപ്ളർ പറയു ന്നു.

"ഇവിടെ ഭൗമേതര ജീവികളില്ല. നാം ഈ വസ്തുതയെ വ്യാഖ്യാനിക്കേ

**അത്ഭുതകരമെന്ന് പറയട്ടെ ഈ വചന ത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ ആകാശത്തും ഭൂമിയിലുമുള്ള ജീവികളെ ഒരുമിച്ചു കൂട്ടുമെന്നും നാം വായിക്കുന്നു.**

ണ്ടിയിരിക്കുന്നു. തെളിവുകൾക്ക് വിരുദ്ധമായ ചില തത്ത്വശാസ്ത്ര സിദ്ധാന്തങ്ങളുടെ പേരിൽ പല ജ്യോതിശാസ്ത്രജ്ഞന്മാരും ഭൗമേതര ജീവികളുണ്ടെന്ന വിശ്വാസത്തിൽ ഒട്ടിപ്പിടിച്ചിരിക്കുകയാണ്. കോപ്പർ നിക്കസിന്റെ ആശയ പ്രകാരം പ്രപഞ്ചത്തിൽ നാം വസിക്കുന്ന സ്ഥലം തികച്ചും ഒരു പ്രത്യേക സ്ഥലമാണ്. പക്ഷേ ഈ ആശയം തെറ്റാണെന്ന് നമുക്കറിയാം. പ്രപഞ്ചം ക്രമേണ വികസിക്കുന്നതാണ്. അത്യധികമായുള്ള ചൂട് കാരണം പ്രപഞ്ചത്തിൽ ഒരു കാലത്ത് ജീവികളില്ലായിരുന്നു എന്നാണ് കോസ്മിക് റേഡിയേഷൻ നൽകുന്ന സൂചന. അതായത് നമ്മുടെ സ്ഥലം കാലത്തിലെ ഒരു പ്രത്യേക സ്ഥലമാണ്. സവിശേഷമായി അവിടെ ആദ്യമായി ഒരു നാഗരികത വേണ്ടതുണ്ട്. അത് നമ്മുടെ നാഗരികതയായിട്ടാണ് സംഭവിച്ചിരിക്കുന്നത്. (Tipler. F (Nov. 1991) Alien life, Nature; 354:334-335)

ബ്രിട്ടീഷ് ഇന്റർപ്ലാനിറ്ററി സൊസൈറ്റിയുടെ മുൻ ഉപാദ്ധ്യക്ഷനായിരുന്ന ഡോ. ടോണി മാർട്ടിൻ ഇതുപോലെ സംശയം പുലർത്തുന്ന ആളാണ്. ഈ എതിർപ്പുളെല്ലാമുണ്ടായിട്ടും ഡോ. റോയിയുടെ ശാസ്ത്ര സ്വപ്നങ്ങൾ ഭാഗികമായിട്ടെങ്കിലും സാക്ഷാൽക്കരിക്കുകയാണ്. ഭൗമേതര ബുദ്ധിജീവികൾക്ക് വേണ്ടിയുള്ള അന്വേഷണങ്ങൾക്കായി അമേരിക്കയിലെ നാസ (NASA) യുടെ ഒരു ബൃഹദ് ഗവേഷണത്തിന് ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിരിക്കുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ പ്രൊഫ. കാൾ സാഗനെ പോലെയുള്ളവർ ഈ സംരംഭത്തെ പിന്താങ്ങുന്നു. (Mc KIE, R. Calling outer space - Is anybody there? Readers Digest 31. 35 (September 1985)

*Revelation Rationality Knowledge and Truth - By Hazrath Miraza Thahir Ahamed.*

❍

# ‘ഖിയാമത്ത്’ എപ്പോൾ

**ഹസ്റത്ത് അഹ്മദ് (അ)**

ഖിയാമത്ത് നാളിനെപ്പറ്റി ആർക്കും അറിവില്ല എന്നു പറഞ്ഞതിന്റെ അർത്ഥം യാതൊരു കാരണവശാലും അറിവുണ്ടാവുകയില്ല എന്നല്ല, അങ്ങിനെയാണെങ്കിൽ ‘ഖിയാമത്തിന്റെ അലാമത്തുകൾ’ അഥവാ അവസാന കാലത്തിന്റെ അടയാളങ്ങൾ വിശുദ്ധ ഖുർആനിലും സഹീഹായ ഹദീസുകളിലും ഉള്ളതു സ്വീകാര്യമായിരിക്കുന്നതല്ല. എന്തെന്നാൽ, ഖിയാമത്തിന്റെ അടുപ്പത്തെപ്പറ്റി അതുമുഖേനയും ഒരു അറിവ് ലഭിക്കുന്നുണ്ടല്ലോ. ഭൂമിയിൽ ധാരാളം കനാലുകൾ നിർമ്മിക്കപ്പെടുമെന്നും പുസ്തകങ്ങൾ ധാരാളം പ്രസിദ്ധീകരിക്കപ്പെടുമെന്നും-ഇതിൽ പത്രങ്ങളും ഉൾപ്പെടുന്നുണ്ട്-ഒട്ടകം നിരുപയോഗ്യമായി ഉപേക്ഷിക്കപ്പെടുമെന്നും വിശുദ്ധഖുർആനിൽ എഴുതപ്പെട്ടിട്ടുണ്ട്. ഈ കാരണങ്ങളെല്ലാം നമ്മുടെ കാലത്ത് പൂർത്തിയായിക്കഴിഞ്ഞതായും നാം കാണുന്നു. ഒട്ടകങ്ങളുടെ സ്ഥാനത്ത് റയിൽവെ മുഖേന വ്യാപാരം ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ, ഖിയാമത്ത് അടുത്തെത്തിയെന്നു നാം മനസ്സിലാക്കുകയും ചെയ്തു. അല്ലാഹു ‘ഇഖ്തറബത്തിസ്സാ അത്തു’ (വി. ഖുർആൻ 53:2) എന്ന ആയത്ത് മുഖേനയും മറ്റു ആയത്തുകളിലൂടെയും ഖിയാമത്തിന്റെ സമീപനത്തെപ്പറ്റി നമുക്ക് വിവരം നൽകികഴിഞ്ഞിരിക്കുന്നു. ‘ഖിയാമത്ത്’ സംഭവിക്കുന്നതു എല്ലാ പ്രകാരത്തിലും മറഞ്ഞു കിടക്കണമെന്നത് ശരീഅത്തിന്റെ ഉദ്ദേശ്യമല്ല. സകല പ്രവാചകന്മാരും അവസാനകാലത്തിന്റെ അടയാളങ്ങൾ അറിയിച്ചു പോന്നിട്ടുണ്ട്. സുവിശേഷങ്ങളിലും ഇതു എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ, ആ പ്രത്യേകസമയത്തെപറ്റി മുഹൂർത്തത്തെപ്പറ്റി ആർക്കും അറിവില്ല എന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആയിരംകൊല്ലം കഴിയുമ്പോൾ കുറച്ചു നൂറ്റാണ്ടുകൾ കൂടുതലാക്കുവാൻ അല്ലാഹു കഴിവുള്ളവനാണല്ലോ. കുറക്കൽ ഇതിൽ എണ്ണപ്പെടുന്നില്ല. ഗർഭകാലം ചിലപ്പോൾ ഏതാനും ദിവസം അധികരിക്കുന്നു. ശിശുക്കൾ അധിക വും തന്നെ ഒമ്പതുമാസം കഴിഞ്ഞു പ ത്തു ദിവസത്തിനുള്ളിൽ ആണ് ജനിക്കുന്നത് എന്നു എല്ലാവർക്കും അറിയാം. എങ്കിലും എപ്പോഴാണ് പ്രസവവേദന വരുന്നതെന്ന് ആർക്കും അറിവില്ലല്ലോ. ഇതേപ്രകാരം തന്നെ ലോകത്തിന്റെ അവസാനത്തിനു ഇനി ഒരായിരം കൊല്ലം ബാക്കിയുണ്ട്. ഖിയാമ ത്ത് സംഭവിക്കുന്ന ആ മുഹൂർത്തത്തെക്കുറിച്ചുള്ള വിവരം പക്ഷേ ആർക്കും ഇല്ല.

ഇമാമത്തിനും നുബുവ്വത്തിനുമുള്ള തെളിവുകളായി അല്ലാഹു ഉന്നയിച്ചിട്ടുള്ള വാദഗതികളെ തള്ളിക്കളയുകയെന്നത് സത്യവിശ്വാസത്തെ നഷ്ടപ്പെടുത്തലാണ്. ഖിയാമത്ത് സമീപിച്ചിട്ടുള്ളതിലേക്കുള്ള സകല അടയാളങ്ങളും ഒന്നിച്ചുചേർന്നു ഈ കാലഘട്ടത്തിൽ ഒരു മഹാവിപ്ലവത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. വിശുദ്ധഖുർആനിൽ ഖിയാമത്തിന്റെ അടയാളങ്ങൾ വിവരിച്ചിട്ടുള്ളതിൽ ഭൂരിപക്ഷവും വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു.ഭൂമിയിൽ ധാരാളം കനാലുകൾ കീറപ്പെടുമെന്നും ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുമെന്നും കൃഷിയ്ക്കുവേണ്ടി ഭൂമി വളരെയധികം ജനവാസയോഗ്യമായിത്തീരുമെന്നും മനുഷ്യർതമ്മിൽ ബന്ധപ്പെടുന്നതിനുള്ള വഴികൾ തുറക്കപ്പെടുമെന്നും ജനതകളിൽ മതത്തെ മുൻനിർത്തിയുള്ള ഒച്ചപ്പാടുകളും ആവേശങ്ങ ളും ഉയരുമെന്നും ഒരു ജനത മറ്റൊരു ജനതയുടെ മേൽ തിരമാലയെന്നോണം ചാടിവീഴുമെന്നും, അതേ കാലങ്ങളിൽ തന്നെ സ്വർഗ്ഗീയമായ കാഹളം ഊതപ്പെടുകയും സ്വർഗ്ഗീയമായ ലക്ഷണങ്ങളുമായി യോജിക്കാത്ത പ്രകൃതക്കാർ ഒഴികെ സകല ജനവിഭാഗങ്ങളും ഒരേ മതത്തിൽ ഒന്നിച്ചു ചേരുകയും ചെയ്യുമെന്നും ഖുർആൻ പറയുന്നു.

*ലക്ച്ചർ സിയാൽക്കോട്ട്* ❍

ലേഖനം

# കൊളംബസ് വരാതിരിക്കില്ല!

എം. അലി, വെള്ളയിൽ

## ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അവന്നധീനമാണ് - വിശുദ്ധ ഖുർആൻ

പ്രപഞ്ചശാസ്ത്രം ഏറ്റവും പഴക്കമേറിയ ഒരു ഗ്രഹത്തെ കണ്ടെത്തിയിരിക്കുന്നു. ഈ ഗ്രഹത്തിന്റെ പ്രായം ആയിരത്തി മുന്നൂറ്കോടി വർഷമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതൊരു വാതക ഗോളമാണ്. അതിൽ കാർബണും, ഓക്സിജനുമില്ലാത്ത കാരണത്താൽ ജീവൻ നിലനിൽക്കാനുള്ള സാദ്ധ്യത പരിഗണിക്കപ്പെടുന്നില്ല. ഭൗമേതര ജീവികളെ അന്വേഷിച്ചുകൊണ്ടുള്ള മനുഷ്യന്റെ പ്ര യാണം വർത്തമാനകാലത്തിലും അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്.

ഭൂമിയെപ്പോലെ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു ഗ്രഹത്തിൽ ജീവൻ പരിണമിച്ചുണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയാൻ സാദ്ധ്യമല്ല. ഭൂമിയിൽ ജീവൻ സൃഷ്ടിച്ച ഭൗതിക നിയമങ്ങൾ തന്നെ മറ്റൊരു ഗ്രഹത്തിലും അനുകൂലമായ സാഹചര്യത്തിൽ ആവർത്തിക്കപ്പെടുമെന്നത് യുക്തിപരമായ ഒരു യാഥാർത്ഥ്യമാണ്. പ്രപഞ്ചം ആവർത്തനങ്ങളുടെ ഒരു മഹാശൃംഖലയാണ്. പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം ഏകമായ ഒരവസ്ഥ അതിന്റെ ഉൽപ്പന്നങ്ങളിൽ നിലനിൽക്കുന്നില്ല. സൃഷ്ടിക്കപ്പെട്ടതെല്ലാം ദ്വൈതാവസ്ഥയിലാണെന്നാണ് വി. ഖുർആൻ അവകാശപ്പെടുന്നത്. ദൈവത്തിന്റെ ഏകമായ അവസ്ഥക്ക് സമാനത ഇല്ലാതിരിക്കുവാനാണ് സൃഷ്ടികളെല്ലാം ദ്വൈതാവസ്ഥയിൽ സൃഷ്ടിക്കപ്പെട്ടതിന്റെ അടിസ്ഥാനം. ആയതിനാൽ മറ്റൊരു ഭൂമിയെ മനുഷ്യൻ കണ്ടെത്താതിരിക്കുകയില്ല.

ഭൗമേതര ജീവികളുടെ കാര്യത്തിൽ ഭൗതിക ശാസ്ത്രം ദൈവശാസ്ത്രപരമായ ഒരു യുക്തിയുടെ രീതിശാസ്ത്രമാണ് സ്വീകരിച്ചിരിക്കുന്നത്. ഫ്രാൻസിസ് ബേക്കൺ എന്ന ദാർശനികനിൽ നിന്ന് സയൻസ് സ്വീകരിച്ച ശാസ്ത്രീയ യുക്തിയുടെ രീതിശാസ്ത്രം മറ്റൊന്നാണ്. ഗണിതശാസ്ത്രപരമായോ, പരീക്ഷണ നിരീക്ഷണങ്ങളിലൂടെയോ പുനഃപരിശോധിക്കാൻ സാധിക്കുന്ന ഒരു യുക്തിയാണ് ശാസ്ത്രീയ യുക്തി.

ഭൗതിക ശാസ്ത്രത്തിന് ഭൗമേതര ജീവികളുടെ വിഷയങ്ങളിൽ ഇന്നോളം നിരീക്ഷണപരമായ യാതൊരു തെളിവും ലഭിച്ചിട്ടില്ല. ഭാവിയിലെ ശാസ്ത്രമായാണ് വർത്തമാന കാലത്തിൽ അത് നിലനിൽക്കുന്നത്. ആശയപരമായ ഒരു ചർച്ചയിൽ എന്നോട് ഒരു ഭൗതികവാദി ചോദിച്ച യുക്തിപരമായ ഒരു ചോദ്യം ഇങ്ങനെയാണ്. ശാസ്ത്രം പലപ്പോഴായി ഓരോ സത്യങ്ങൾ കണ്ടെത്തുമ്പോളെല്ലാം അത് വി. ഖുർആനിലുണ്ടെന്ന് സാധാരണയായി മുസ്ലിംകൾ പറയാറുണ്ട്. ശാസ്ത്രം അത് കണ്ടെത്തുന്നത് വരെ ആ വിഷയത്തിൽ അവർ മൗനം പാലിക്കുന്നു. അതുകൊണ്ട് ഇന്നോളം കണ്ടെത്താത്ത പുതിയ ഒരു സത്യത്തെക്കുറിച്ച് ദൈവിക ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി പ്രവചിക്കാൻ സാധിക്കുമോ?

ഭൗമേതര ജീവികൾ നിലനിൽക്കുന്നുവെന്നതും, ദൈവം ഇച്ഛിക്കുമ്പോൾ നാം അവയുമായി സമ്പർക്കം പുലർത്തുമെന്നതും ദൈവിക ഗ്രന്ഥമായ വി. ഖുർആന്റെ ഒരു പ്രവചനമാണ്. ഇനിയും പുലർന്നിട്ടില്ലാത്ത നിരവധി ശാസ്ത്രീയ സത്യങ്ങൾ അടക്കം ചെയ്ത പ്രവചനങ്ങൾ വേറെയും ധാരാളമായി ഖുർആനിലുണ്ട്. വി. ഖുർആൻ പറയുന്നു. " ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അവന്നധീനമാണ്. എല്ലാവരും അവന് കീഴ്പ്പെട്ട് ജീവിക്കുന്നവരുമാണ്." 30:26 "ആകാശങ്ങളുടെയും ഭൂമിയുടെയും അത് രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെയും സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽ പെട്ടതാണ്" 42:29. "ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അവനുള്ളത് തന്നെയാണ്" 21:19. ''ആകാശങ്ങളിലും ഭൂമിയിലുമുള്ളവരും അവരുടെ നിഴലു

കളും പ്രഭാതത്തിലും പ്രദോഷത്തിലും സ്വമനസ്സാലെയോ നിർബന്ധിതമായോ അല്ലാഹുവിനോട് തന്നെയാണ് അനുസരണം പുലർത്തുന്നത്." 13:15.

ആയിരത്തി നാന്നൂറ് വർഷങ്ങൾക്ക് മുമ്പ് വി. ഖുർആൻ ഈ പ്രവചനം നടത്തുമ്പോൾ ഗ്രീക്ക് ജ്യോതിശാസ്ത്രമായിരുന്നു ലോകത്ത് പ്രഭാവം ചെലുത്തിയിരുന്നത്. ഗ്രീക്ക് ജ്യോതിശാസ്ത്രത്തിന്റെ പ്രപഞ്ച വീക്ഷണം ഭൂകേന്ദ്ര സിദ്ധാന്തമായിരുന്നു. അതിൽ അരിസ്റ്റോട്ടലിന്റെയും ടോളമിയുടെതുമായിരുന്നു ശ്രദ്ധേയം. അരിസ്റ്റോട്ടിലിന്റെ സങ്കൽപ്പത്തിൽ ഭൂമി പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ നിശ്ചലമായി നിൽക്കുകയും സൂര്യനും മറ്റു ഗോളങ്ങളുമെല്ലാം ഭൂമിയെ പ്രദക്ഷി ണം ചെയ്യുകയുമാണെന്നാണ് എങ്കിലും അരിസ്റ്റോട്ടിൽ ഭൂമിയുടെ സ്വയം ഭ്രമണം അംഗീകരിച്ചിരുന്നു. ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാകാൻ കാരണം ജീവൻ ഭൂമിയിൽ മാത്രമായതിനാലാണ്.

സൗരയൂഥം നിലനിൽക്കുന്ന മിൽക്കിവേ ഗാലക്സിയിൽ തന്നെ പതിനായിരം കോടി നക്ഷത്രങ്ങളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കാൾ സാഗന്റെ അഭിപ്രായത്തിൽ ഒരു ലക്ഷം നക്ഷത്രങ്ങൾക്കിടയിൽ നമ്മോട് സമാനമായ ഒരു സൗരയുഥം എങ്കിലും കാണാതിരിക്കില്ലെന്നാണ്. മറ്റു പലരും കണക്ക് കൂട്ടുന്നതു ഇതിനെക്കാൾ കൂടുതൽ എണ്ണമുണ്ടാകുമെന്നാണ്.

പ്രപഞ്ചത്തിൽ നാം തനിച്ചല്ലെങ്കിൽ നമ്മെപ്പോലെ പരിഷ്കൃത കഴിവുകളോടുകൂടിയ സമൂഹമോ, അതോ നമുക്ക് മുമ്പ് രൂപപ്പെട്ട സൗരയൂഥങ്ങളോ ഉണ്ടെങ്കിൽ, അവർ കൊളംബസിനെപ്പോലെ അതല്ലെങ്കിൽ വാസ്ക്കോഡിഗാമയെപ്പോലെ അവർ എന്തുകൊണ്ട് നമ്മെ ചൂഷണം ചെയ്യാനെത്തുന്നില്ല.

വൃശ്ചികരാശിയിൽ എം. - 4 എന്ന പുരാതന നക്ഷത്ര സമൂഹത്തിനു നടുവിലാണ് നാം ഇപ്പോൾ കണ്ടെത്തിയ വാതകഗോളം നിലനിൽക്കുന്നത്. ആ ഗ്രഹത്തിലേക്ക് ഒരു സന്ദേശം നാം അയക്കുകയാണെങ്കിൽ അത് അവിടെ എത്തുന്നത് അയ്യായിരത്തി അറുനൂറ് വർഷം കൊണ്ടാണ്. ഈ നീണ്ട കാല ദൈർഘ്യം ഗവേഷകരെ സന്ദേശം അയക്കുന്ന കാര്യത്തിലിപ്പോൾ നിഷ്ക്രിയരാക്കുന്നു. പകരം അവരിപ്പോൾ ഭൗമേതര ജീവികളുടെ സന്ദേശം തിരയുകയാണ്.

പ്രപഞ്ചത്തിൽ കണ്ടെത്തിയിട്ടുള്ള ഏറ്റവും കൂടിയ വേഗത പ്രകാശ വേഗതയാണ്. പ്രകാശ വേഗതയിൽ സഞ്ചരിക്കുന്ന ഒരു വാഹനം നിർമ്മിക്കുക എന്നത് ഇന്നത്തെ വൈജ്ഞാനിക നിലവാരത്തിൽ അസാദ്ധ്യമാണ്. ദ്രവ്യനിയമങ്ങൾ ഈ സങ്കല്പത്തിന് മുന്നിൽ അസാദ്ധ്യതയുടെ കോട്ട പണിയുന്നു. പ്രകാശ വേഗത്തിൽ സഞ്ചരിക്കുന്ന വാഹനത്തിന്റെ ചലനോർജ്ജം സ്ഥിതികോർജ്ജമായി പരിവർത്തിക്കപ്പെടുന്നതിനാൽ വാഹനത്തിന്റെ പിണ്ഡം വർദ്ധിച്ചുകൊണ്ടേയിരിക്കും. പിണ്ഡം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലത് വേഗത കുറച്ചുകൊണ്ടിരിക്കും. കൂടാതെ ഫിറ്റ് ജെറാൾഡ് സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ ലംബം കുറക്കപ്പെടും. ഇങ്ങനെ നിരവധി അസാദ്ധ്യതകൾ തടസ്സം സൃഷ്ടിക്കും.

പ്രകാശ വേഗത അസാദ്ധ്യമാണെന്ന ആപേക്ഷിക സിദ്ധാന്തത്തിന്റെ നിഗമനങ്ങളെല്ലാം നാലുമാന (Dimension) ങ്ങളുള്ള ദ്രവ്യ സങ്കല്പത്തിലാണ് ഉയർന്നു നിൽക്കുന്നത്. ക്വാണ്ടം ഭൗതികത്തിലെ സ്ട്രിംഗ് (String) സിദ്ധാന്തത്തിന്റെ പ്രവചനം ദ്രവ്യത്തിന് നാലിലേറെ മാനങ്ങളുണ്ടെന്നാണ്. സ്ട്രിംഗ് തിയറിയുടെ ഭാവിയിലെ വിജയം മഹത്തായ പല പുതിയ വിജ്ഞാനങ്ങളും ഖനനം ചെയ്തെടുക്കുമെന്ന് തീർച്ചയായും പ്രതീക്ഷിക്കാം (ഒരു പക്ഷെ ആ സിദ്ധാന്തം തന്നെ ക്വാണ്ടം ഭൗതികം ഉപേക്ഷിച്ചെന്നുംവരാം). അങ്ങനെ ഇന്നത്തെ അസാദ്ധ്യതകൾ നാളത്തെ സാദ്ധ്യതകളായി പരിണമിച്ചാൽ അതൊരു മഹത്തായ ശാസ്ത്രീയ വിപ്ലവമായിരിക്കും.

ആപേക്ഷിക സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ചലനത്തിന്റെ വേഗത സമയത്തിന്റെ ഗതിയിൽ മാറ്റം വരുത്തും. നിരീക്ഷണപരമായി സ്ഥിരീകരിക്കപ്പെട്ട ഒരു വസ്തുതയാണിത് - ചലനവേഗത പ്രകാശത്തോട് അടുക്കുമ്പോൾ ഐൻസ്റ്റന്റെ സമയ സങ്കൽപ്പം അവിശ്വസനീയമായ വിധം ആശ്ചര്യകരമാണ്. നമ്മോട് ഏറ്റവും അടുത്ത് കിടക്കുന്ന രണ്ടാമത്തെ നക്ഷത്രമാണ് പ്രോഗ്സിമ സെഞ്ചുറി. ഭൂമിയിൽ നിന്ന് അതിലേക്കുള്ള ദൂരം നാല് പ്രകാശ വർഷമാണ്. ഭൂമിയിൽ നിന്ന് നാം ഒരു സിഗ്നൽ അങ്ങോട്ടയച്ചാൽ അത് നാലു വർഷം കൊണ്ടെ അവിടെ എത്തുകയുള്ളൂ. പ്രകാശ വേഗത്തിൽ ഒരു വാഹനം ആ നക്ഷത്രത്തെചുറ്റി ഭൂമിയിൽ തിരിച്ചെത്തുമ്പോൾ ഭൂമിയിൽ എട്ടുവർഷം കഴിഞ്ഞിരിക്കും. എന്നാൽ അതിനകത്ത് ഒരു ഗവേഷകനുണ്ടായിരുന്നുവെങ്കിൽ അയാൾക്ക് ഏതാനും മണിക്കൂറുകളായെ അനുഭവപ്പെടൂ. ഇതിന് ആപേക്ഷികതാ സിദ്ധാന്തം സമർപ്പിക്കുന്ന കാരണങ്ങൾ ഇങ്ങനെയാണ്. പ്രകാശ വേഗത്തോടടുത്ത വേഗത്തിൽ സഞ്ചരിക്കുന്ന ഒരാളുടെ വാച്ച്, ഹൃദയം, ശ്വാസകോശം, പചന വ്യവസ്ഥ, മാനസിക പ്രവർത്തനങ്ങൾ എന്നിവയെല്ലാം എഴുപതിനായിരത്തിൽ ഒന്നായി മാന്ദ്യപ്പെടുമെന്നാണ്.

വർത്തമാനകാലത്തിൽ മനുഷ്യന്റെ യാത്രാ സൗകര്യങ്ങൾ തൊള്ളായിരം കോടി കിലോമീറ്ററിൽ വിന്യസിച്ചു നിൽക്കുന്ന സൗരയുഥത്തിന്റെ ചെറിയ ഒരു കോണിൽ ബന്ധിതമായി നിൽക്കുകയാണ്. നമ്മുടെ ഭൂഖണ്ഡം ഒരു ലക്ഷം പ്രകാശ വർഷത്തിൽ വിന്യസിച്ചു നിൽക്കുകയാണ്. അടുത്ത ദ്വീപായ ആൻഡ്രേമിസ ഗാലകസി ഇരുപത് ലക്ഷം പ്രകാശ വർഷം അകലെയാണ്. പ്രപഞ്ചത്തിന്റെ വിശാലത നമ്മുടെ യാത്രാസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അനന്തമായി നിലനിൽക്കുകയാണ്. പ്രപഞ്ചത്തെ സാന്തമാക്കാൻ കൊളംബസ് പ്രകാശ വേഗതയിൽ സഞ്ചരിക്കുന്ന വാഹനത്തിന്റെ പണിപ്പുരയിലാണ്. ഭൂമിയെ കണ്ടെത്തുവാനും നമ്മെ ചൂഷണം ചെയ്യുവാനും ഉടനെ ഇങ്ങോട്ടെത്താതിരിക്കില്ല. ❍

# ശ്രീകൃഷ്ണനോ ശ്രീരാമനോ ആരാണ് മുൻഗാമി?

പ്രൊഫ. രുദ്രദേവ് ശാസ്ത്രി

**ശ്രീകൃഷ്ണന് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് അവതരിച്ച മഹാത്മാവായിരുന്നു ശ്രീരാമചന്ദ്രൻ എന്നത് ഹസ്റത്ത് അഹ്മദി (അ) ന്റെ ഒരു വാദമുഖമാണ്. ന്യായ പ്രമാണവാഹകൻ അതിനുശേഷമുള്ള പരിഷ്കർത്താവ് എന്ന രീതിയിലുള്ള പ്രവാചക ബന്ധമായിരുന്നു ശ്രീകൃഷ്ണനും ശ്രീരാമനും തമ്മിലുണ്ടായിരുന്നത്. ഈ സിദ്ധാന്തത്തെ അധികരിച്ച് മഹാപണ്ഡിതനായ പണ്ഡിറ്റ് രുദ്രദേവ് ശാസ്ത്രി 63 വർഷങ്ങൾക്ക് മുമ്പ് Review of Religions - ൽ എഴുതിയതാണ് ഈ ലേഖനം. ഭാരതത്തിലെ വിശ്വോത്തര സർവ്വകലാശാലയായ ബനാറസ് ഹിന്ദുസർവ്വകലാശാല സംസ്കൃത വിഭാഗത്തിന്റെയും ഇന്ത്യൻ തത്വശാസ്ത്രവകുപ്പിന്റെയും മേധാവിയായിരുന്നു ലേഖകൻ.**

ഹിന്ദുമത രേഖകളുടെ അടിസ്ഥാനത്തിൽ ശ്രീരാമചന്ദ്രൻ ത്രേതായുഗത്തിലെ മധ്യത്തിലെവിടെയോ ആണ് ജീവിച്ചത്. ഹിന്ദു ജ്യോതിഷ പ്രകാരം ഈ കാലഘട്ടം പതിനഞ്ച് ലക്ഷം വർഷങ്ങൾക്ക് മുമ്പാണ്. (സിദ്ധാന്ത ശിരോമണി - ഭാസ്കരാചാര്യ 1114 എ. ഡി.) അതുകൊണ്ട് ശ്രീകൃഷ്ണനോ ശ്രീരാമചന്ദ്രനോ ആരാണ് ആദ്യം ജീവിച്ചിരുന്നതെന്ന പ്രശ്നം മതപരമായ വൃത്തത്തിൽ മാത്രം ഒതുങ്ങുന്നതാണ്.

ഇക്കാലത്ത് ചരിത്രം ശാസ്ത്രത്തിന്റെ ശാഖയായിട്ടാണ് അറിയപ്പെടുന്നത്. സാമൂഹ്യ ശാസ്ത്രത്തിന്റെ ഭാഗം എന്ന നിലക്ക് അതൊരു സമൂർത്ത ശാസ്ത്ര ശാഖയാണ്. 'ശാസ്ത്രവും വിദ്യാഭ്യാസവും' എന്ന വിഷയത്തെ അധികരിച്ച് പ്രൊഫ. ഹക്സിലി (1825 - 1895) നടത്തിയ ഒരു പ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടത് പോലെ ചരിത്രത്തിന് അതിന്റെ ഇതിവൃത്തവുമായി നീതി പുലർത്തണമെങ്കിൽ ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം, ജന്തുശാസ്ത്രം, നരവംശശാസ്ത്രം എന്നീ ശാസ്ത്രങ്ങളെ അവലംബിക്കേണ്ടതുണ്ട്. വിരോധാഭാസമെന്ന് തോന്നാമെങ്കിലും ചരിത്രത്തിന്റെ ഒരു ഭാഗം ചരിത്രാതീത കാലഘട്ടത്തിലാണ് നിലകൊള്ളുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. ചരിത്രത്തിന്റെ മൂലതന്തു ഭൂഗർഭശാസ്ത്രം, ജന്തു ശാസ്ത്രം, നരവംശശാസ്ത്രം എന്നീ ശാസ്ത്ര ശാഖകളുമായി ബന്ധിപ്പിക്കപ്പെട്ടതാണ്. ഇത്തരത്തിലുള്ള അനുബന്ധ ശാസ്ത്രങ്ങളുമായി കെട്ടുപിണഞ്ഞു കൊണ്ടാണ് ചരിത്രം നിലകൊള്ളുന്നത്. ഭൂമിയുടെ പ്രായം എത്രയായി എന്ന പ്രശ്നം ചരിത്രാതീതകാലത്തെ ചരിത്ര പഠനത്തിന്റെ വിഷയമാണ്. ഹാംസ്വർത്തിന്റെ, ലോക ചരിത്രം, ഇത്തരത്തിലുള്ള വിഷയങ്ങൾക്കായി ഒരു പാട് പേജുകൾ നീക്കിവെച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽ അതിപുരാതന കാലത്തെ ചരിത്രശൈലിയും പിൻകാല ചരിത്രവുമായുള്ള വ്യത്യാസം വിവരിച്ചിരിക്കുന്നു. ആദ്യം പറഞ്ഞ ചരിത്രം, സാഹിത്യപരമായി പദ്യഗദ്യ രൂപത്തിലാണ് എഴുതപ്പെട്ടു വന്നത്. കണിശമായി പറഞ്ഞാൽ ഈ രീതിയിലുള്ള ചരിത്രം ചരിത്രമല്ല. അതിലെ ഒരു പാട് കാര്യങ്ങൾ തികച്ചും ഭാവനയും കല്പിതവുമാണ്.

പുരാതന ഭാരതത്തിന്റെ ചരിത്രം ഇപ്പറഞ്ഞ രൂപത്തിലുള്ളതാണ്. ഭൂഗർഭശാസ്ത്രം, ജന്തുശാസ്ത്രം, നരവംശശാസ്ത്രം തുടങ്ങിയ ആധുനിക ഗവേഷണഫലങ്ങളുമായി ഏറ്റുമുട്ടുമ്പോൾ ഇത്തരം വിവരണങ്ങൾ സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളികളെന്നപോലെ അപ്രത്യക്ഷമാവുന്നു. ബി. സി 800 നപ്പുറം വിശ്വസനീയമായ ഇന്ത്യാ ചരിത്രം പോവുന്നില്ല. അതിൽ തന്നെ ആദ്യത്തെ രണ്ട് നൂറ്റാണ്ട് സംശയത്തിൽ നിന്നും മുക്തമല്ല. രേഖപ്പെടുത്തപ്പെട്ട ചരിത്രം എന്ന നിലക്ക് ബി. സി. ആറാം നൂറ്റാണ്ടു മുതൽക്കാണ് കണിശമായ ശാസ്ത്ര ബോധത്തോടെ ഇന്ത്യയിൽ ചരിത്രം രേഖപ്പെടുത്തുവാൻ കഴിഞ്ഞത്.

ഹിന്ദു വിശ്വാസപ്രകാരം ഭഗവാൻ കൃഷ്ണനും രാമചന്ദ്രനും ജീവിച്ചത് ചരിത്രാതീതകാലത്താണ് ഹിന്ദു സാഹിത്യത്തിലെ വിവരണങ്ങളുടെ അടിസ്ഥാനത്തിൽ നമ്മെ അത് പതിനഞ്ച് ലക്ഷം വർഷങ്ങൾക്ക് പിറകോട്ട് കൊണ്ടു പോകും. എന്നാൽ ആധുനിക ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക ചിഹ്നങ്ങൾ ആവഹിച്ച യാതൊരു മനുഷ്യനെ സംബന്ധിച്ചും അക്കാലത്ത് അറിയപ്പെട്ടിരുന്നില്ല. ആദിമ മനുഷ്യനായ ഹോമോ സാപിയൻ പോലും അക്കാലത്ത് രംഗപ്രവേശം ചെയ്തിട്ടില്ല. പതിനഞ്ച് ലക്ഷം വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയുടെ ഭൂമിശാസ്ത്രഘടന തന്നെ മറ്റൊന്നായിരുന്നു.

പ്രൊഫ. ഫ്രെക്കും പ്രൊഫ. ബെയ്ലി വില്ലിയും ചേർന്ന് തയ്യാർ ചെയ്ത പൗരാണിക ഭൂപടത്തിൽ ശ്രീരാമചന്ദ്രൻ ജീവിച്ച കാലഘട്ടത്തിൽ ഹിമാലയ പർവ്വതം നിന്നിരുന്ന സ്ഥാനത്ത് ഒരു വലിയ സമുദ്രമായിരുന്നു. പ്രൊഫസർ സൂയസ് അതിനെ 'തെതിയസ് സമുദ്രം' എന്നാണ് വിളിച്ചിരുന്നത്. അക്കാലത്ത് ദക്ഷിണേന്ത്യയുടെ പടിഞ്ഞാറ് ഭാഗം ആസ്ട്രേലിയുമായും അറേബ്യയുമായും ആഫ്രിക്കയുമായും ബന്ധിക്കപ്പെട്ടിരുന്നു.

ഓർഡോവിഷൻ കാലഘട്ടം മുതൽ പുതിയ ഭൂഖണ്ഡങ്ങളുടെ രൂപം മാറിയിരുന്നു. എങ്കിലും പഴയ ഭൂഖണ്ഡ രൂപത്തിലെ നേരിയ രൂപ രേഖ പുതിയ ഭൂഖണ്ഡത്തിലും തിരിച്ചറിയാവുന്നതാണ്. ഓർഡോവിഷൻ കാലഘട്ടത്തിൽ വടക്കേ ഇന്ത്യയും മെസപ്പെട്ടോമിയ, അറേബിയ, ആഫ്രിക്ക എല്ലാം കൂടി ഒരു ഭൂഖണ്ഡമായിരുന്നു. രാജസ്ഥാൻ മരുഭൂമിക്ക് പകരം അവിടെ ഒരു മഹാസമുദ്രമായിരുന്നു. വിന്ധ്യാചലം ആ സന്ദർഭത്തിൽ രൂപം കൊണ്ടിരുന്നില്ല. ഇന്നത്തെ ദക്ഷിണ ഉപഭൂഖണ്ഡം കടലിലെ ഒരു ദ്വീപായിരുന്നു. ആസ്ത്രേലിയ വരെ വ്യാപിച്ചു കിടന്ന ദ്വീപ് സമുഹങ്ങളുമായി അവ ബന്ധിക്കപ്പെട്ടിരുന്നു. ബംഗാൾ ഉൾക്കടൽ, അറേബ്യൻ സമുദ്രം, ഇന്ത്യൻ മഹാസമുദ്രം എന്നീ സമുദ്രങ്ങൾ ശാസ്ത്രജ്ഞന്മാർ ഗോണ്ടാവന (Gondwona) എന്ന് വിളിക്കപ്പെടുന്ന ഒരു സ്ഥലത്തായിരുന്നു സ്ഥിതിചെയ്തിരുന്നത്. തെതിയസ സമുദ്രത്തിന്റെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്തിരുന്ന (Angara Land) കരയെ അംഗാരകര എന്ന് വിളിച്ചിരുന്നു. എന്നാൽ ചൈന, ജപ്പാൻ എന്ന് ഇന്നറിയപ്പെടുന്ന ഭൂവിഭാഗങ്ങൾ അന്ന് ജലത്തിനടിയിലായിരുന്നു. യൂറോപ്പിൽ ആൽപ്സ്, ഇറ്റലി, ഫ്രാൻസ്, ചെക്കസ്ലോവാക്കിയ യൂഗോസ്ലാവിയ, പിരണീസ് എന്നീ സ്ഥലങ്ങൾ നിലനിൽക്കുന്ന കര ഒരു കാലത്ത് സമുദ്രമായിരുന്നു. അതേസമയം മെഡിറ്ററേനിയൻ കടൽ സ്ഥിതി ചെയ്യുന്ന ഭാഗം അക്കാലത്ത് ഒരു കരയുമായിരുന്നു.

നാം പ്രപഞ്ചവുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിശാസ്ത്രം കണ്ടെത്തിയ ഈ പ്രതിഭാസങ്ങൾ താരതമ്യനേ വളരെയടുത്തകാലത്ത് സംഭവിച്ചതാണ്. നൂറുകണക്കിന് അടി ആഴത്തിൽ ഭൗമോപരിതലത്തെ ഇളക്കിമറിച്ച വമ്പിച്ച ഭൂകമ്പങ്ങൾ മദ്ധ്യ ഇയോഷ്യൻ (Eocene) കാലഘട്ടത്തിൽ സംഭവിച്ചു ഇതിന്റ ഫലമായി തെതിയസ് സമുദ്രത്തിൽ നിന്നും പൊങ്ങിവന്നതാണ് ഇന്നത്തെ ഭൂമിയുടെ സംവിധാനം. ഇയോഷ്യൻ കാലഘട്ടത്തിനു ശേഷമുള്ള അത്തരം ഭൂകമ്പങ്ങളാണ് ഹിമാലയ പർവ്വതത്തിന് ഇന്നത്തെ രൂപത്തിലുള്ള വമ്പിച്ച ഔന്നത്യം സമ്മാനിച്ചതെന്ന് ഭൂവിജ്ഞാന ശാസ്ത്രജ്ഞന്മാർ ഗവേഷണങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്.

ഹിമാലയ പർവ്വതത്തിൽ നിന്നും മത്സ്യങ്ങൾ, മുതല, ചീങ്കണ്ണി, കൊഞ്ച് എന്നിവയുടെ ഫോസിൽ രൂപങ്ങൾ കണ്ടെത്തിയത് ഇതിന് തെളിവാണ്. മറ്റു ഭൂവിതാനങ്ങളിൽ കരയിലെ ജീവികളുടേയും ഫോസിൽ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. ഈ പൗരാണിക ഫോസിൽ അവശിഷ്ടങ്ങൾക്കിടയിൽ സിവതാരിയം (Sivatharium) എന്ന് വിളിക്കപ്പെടുന്ന ആനയെ പോലെയുള്ള വലിയ കൊമ്പുള്ള ഒരു ജീവിയുടെ ഫോസിലും കണ്ടെത്തുകയുണ്ടായി.

ഇത്തരം ദൈർഘ്യമേറിയതും അതിപുരാതനവുമായ യുഗങ്ങളിൽ മനുഷ്യൻ എന്നാണ് രംഗപ്രവേശം ചെയ്തത് Book of Knowledge എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകാരനായ മീ (Mee) അവസാനത്തെ മുപ്പത് ലക്ഷം വർഷത്തെ പന്ത്രണ്ട് കാലഘട്ടങ്ങളായി തിരിക്കുന്നു. അതിൽ അവസാനത്തെ 8 കാലഘട്ടങ്ങൾ 1.കാംബ്രിയൻ (Cambrian) 2. സിലൂറിയൻ (Silurian) 3. ഡിവോണിയൻ (Devonian) 4. കാർബണോഫെറോസ് (Carbona- ferous) 5. ട്രിയാസിക്ക് (Triasic) 6. ജൂറാസിക് (Jurassic) 7. ക്രെറ്റാഷിയസ് (Critaceous) 8. ടെറിറ്റിയറി (Terititary). എന്നിവയാണവ. ചെടികളും ഷട്പദങ്ങളും രൂപം കൊണ്ടത് മേൽപറഞ്ഞ 8 കാലഘട്ടങ്ങളിലെവിടെയോയാണ്. പന്ത്രണ്ടിൽ ആദ്യത്തെ നാല് ഘട്ടങ്ങളിലായിരുന്നു. ഭൗമോപരിതലം രൂപം കൊണ്ടത്. ദിനോസാറുകളും കരയിലും കടലിലും ജീവിക്കുന്ന ഉഭയ ജീവികളും കശേരുകകളുള്ള മറ്റു ജീവികളും ഈ കാലഘട്ടങ്ങളിലെ അവസാനത്തിൽ രംഗപ്രവേശം ചെയ്തതാണ്. അതായത് ടെർട്ടിയറി കാലഘട്ടത്തിൽ. അന്ത്രോപായിട് കുരങ്ങ് (Anthropodiape) ഈ കാലഘട്ടത്തിന് ശേഷമാണ് നിലവിൽ വന്നത്. അതിന് ശേഷമാണ് നടക്കുന്ന വാനരൻ (Pithecenthropus - erectus) രംഗപ്രവേശം ചെയ്യുന്നത്. ഈ ജീവിയുടെ ആവിർഭാവം 4 ലക്ഷം വർഷങ്ങൾക്ക് മുമ്പാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. പിന്നീട് വന്നത് രണ്ട് ലക്ഷം വർഷങ്ങൽക്ക് മുമ്പ് ഇയോന്ത്രാപ്പോസ് (Eoanthropus) ആണ്. ക്രോമാഗനോൻ ഗുഹയിൽ നിന്നും കണ്ടെടുത്ത തലയോട് തൊട്ടടുത്ത വികസന ഘട്ടത്തെ സൂചിപ്പിക്കുന്നു. അതായത് ഇരുപതിനായിരം മുതൽ ഇരുപത്തയ്യായിരം വരെയുള്ള കാലഘട്ടം. പിന്നീട് പതിനായിരം വർഷം മുമ്പത്തെ തലയോട് കണ്ടെടുക്കുകയുണ്ടായി. ഈ ഘട്ടത്തിലാണ് ശിലായുഗ സംസ്കാരം (Paleolithic Culture) ഉടലെടുക്കുന്നത്.

മനുഷ്യ സംസ്കാരത്തിന്റെ ഭൂതകാല ചരിത്രം പതിനായിരം വർഷത്തി

ലധികം ഒരിക്കലും പിറകോട്ട് പോകുന്നില്ല. സുമേറിയ, അക്കാഡ്, ഈജിപ്ത്, എന്നീ സംസ്കാരങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് ബി. സി. എണ്ണായിരം മുതൽ ബി. സി. ഏഴായിരം വരെയുള്ള കാലഘട്ടത്തിലാണ്. ഈ രാജ്യങ്ങളിലെ ശിലായുഗത്തിന്റെ കാലഘട്ടമാണിത്. വെങ്കല യുഗം ആരംഭിക്കുന്നത് ബി. സി. 2500 മുതൽക്കാണ്. ഇരുമ്പ് യുഗം ബി. സി. 1500 മുതൽക്കും. മനുഷ്യചരിത്രത്തിലെ ചില നിർണ്ണായകമായ കാലഘട്ടങ്ങളാണ് മുകളിൽ പ്രതിപാദിച്ചത്.

നമുക്ക് ഹിന്ദു ചരിത്രരേഖകളിലേക്ക് കടക്കാം. പുരാണങ്ങളിലെ കണക്ക് പ്രകാരം ലോകത്തിന് 4,320,000, 000 വർഷം പ്രായമായിട്ടുണ്ടാവും. അതിൽ 1, 972, 949, 040 വർഷം കടന്നുപോയി. (സൂര്യസിദ്ധാന്തം - മാധ്യമാധികാർ പേജ് - 24)

ഹിന്ദു ശാസ്ത്ര പ്രകാരം ഈ ലോകത്തിന്റെ പ്രായം 14 മന്വന്തരങ്ങളും 15 സന്ധ്യകളും ഉൾക്കൊണ്ടതാണ്. ലോകം സന്ധ്യയിൽ നിന്നും ആരംഭിക്കുകയും തുടർന്ന് മന്വന്തരങ്ങൾ ആവിർഭവിക്കുകയും ചെയ്യുന്നു. ഇത് രണ്ടും നിശ്ചിത വിധിവരെ തുടർച്ചയായി ഇടവിട്ട് വരുന്നു. ഓരോ മന്വന്തരങ്ങളും 71 ചതുർയുഗങ്ങൾ അടങ്ങിയതാണ്. ഓരോ ചതുർയുഗങ്ങളും - കൃതയുഗം (17,28,000 വർഷം) ത്രേതായുഗം (12,76000 വർഷം) ദ്വാപരയുഗം (8,64,000 വർഷം) കലിയുഗം (4,32,000 വർഷം) എന്നീ യുഗങ്ങളടങ്ങിയതാണ്.

ഏഴ് മന്വന്തരങ്ങൾ കഴിഞ്ഞുപോയി. എട്ടാമത്തെ മന്വന്തരത്തിന് 71 ചതുർയുഗങ്ങളിൽ 27 ചതുർയുഗങ്ങളും കഴിഞ്ഞു. 28-ാമത്തെ ചതുർയുഗത്തിന്റെ കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം മുഴുവനും കടന്നുപോയി. ബാക്കിയുള്ള കലിയുഗത്തിലെ 5,040 വർഷവും ഇപ്പോൾ കഴിഞ്ഞു. 1, 728,000 വർഷങ്ങളടങ്ങിയതാണ് ഒരു സന്ധ്യ. ഈ കണക്ക് പ്രകാരം ലോകത്തിന്റെ പ്രായം 1,972, 949040 വർഷങ്ങളാണ്. ത്രേതായുഗത്തിന്റെ മധ്യത്തിൽ ശ്രീരാമചന്ദ്രനെ പ്രതിഷ്ഠിക്കുകയാണെങ്കിൽ ഏകദേശം 15,00,000 വർഷം പിറകോട്ട് പോകണം.

ഇങ്ങിനെയാണെങ്കിൽ ഭൂമിശാസ്ത്രത്തിന്റെയടിസ്ഥാനത്തിൽ നാം ഗുരുതരമായ ഒരു പ്രതിസന്ധി നേരിടേണ്ടിവരും. അതായത് പത്ത്ലക്ഷം വർഷങ്ങൾക്ക് മുമ്പ് ഭൂമി ജീവനുള്ളവർക്ക് വസിക്കാൻ യോഗ്യമായിരുന്നില്ല. അങ്ങനെ ഒരവസ്ഥ കാരണം ഭൂമിയിലൊരിടത്തും യാതൊരു വിധ ജീവികളും ജീവിച്ചിരുന്നില്ല. അതിനുശേഷം കുറേക്കഴിഞ്ഞുള്ള ജീവി രൂപങ്ങൾ പ്രത്യക്ഷപ്പെട്ടത്. അതിഭീമവും രാക്ഷസീയ രൂപങ്ങളുള്ള ദിനോസാർ, ഡിപ്ലോസോക്കസ്, ബ്രോൺ സ്ട്രോസറസ് എന്നീ ജീവികളായിരുന്നു അവ. ഇവയെല്ലാം സസ്യഭുക്കുകളാണെങ്കിൽ ട്രിനോസാർ ഭൂമിയിലെ അതിഭീകരനായ മാംസഭോജിയായിരുന്നു. ഒരാൾ ഈ ജീവികളുടെ ആകാരവലിപ്പം ഊഹിക്കണമെങ്കിൽ ഉദാഹരണത്തിന് ആ ജീവി ഖാദിയാനിലെ ഏറ്റവും ആഴമേറിയ കിണറിൽ ഇറങ്ങിനിന്നാൽ ഏറ്റവും നീളമേറിയ ഷീഷാൻ വൃക്ഷത്തിന്റെ ശിഖരങ്ങളിലെ ഇലകൾ അനായാസം ഭക്ഷിക്കാൻ സാധിക്കും. ഇത്തരത്തിലുള്ള വൃക്ഷങ്ങൾ ആ സമയത്ത് നിലവിലുണ്ടായിരുന്നില്ല എന്ന കാര്യവും നാം ഓർക്കണം. പന്നൽ ചെടികളുടെ രൂപത്തിലുള്ള സസ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. ആ ജീവികളുടെ ഭാരം 4800 മുതൽ 6400 കിലോഗ്രാം വരെയായിരുന്നു.

നാലാം ഹിമയുഗം ബി. സി. 30,000 മുതൽ 50,000 വരെയുള്ള കാലഘട്ടമാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. ഈ കാലഘട്ടത്തിലെ ഫോസിലുകൾ സൈബീരിയയിൽ നിന്നും ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണത്തിന് പടുകൂറ്റൻ ആനകളും (Mammoth) മസ്റ്റോടോണ (Mastodous) കളുടേയും അസ്ഥികൾ കണ്ടെത്തിയിട്ടുണ്ട്. പക്ഷേ മനുഷ്യനുമായി സാമ്യമുള്ള യാതൊന്നിന്റേയും ഒരസ്ഥികഷ്ണം പോലും ഈ കാലഘട്ടത്തിൽ ലഭിച്ചിട്ടില്ല. ജർമ്മനിയിലെ സൂസിക്സ് താഴ്വരയിൽ നിന്നും ലഭിച്ച അസ്ഥികൂടത്തിനെ പറ്റിയുള്ള സൂക്ഷ്മ പഠനങ്ങൾ ഈ ജീവികൾക്ക് തീയുടെ ഉപയോഗം അറിയില്ല എന്ന സൂചന നൽകുന്നു. തൗബക്ക്, സോമീ, സൂഷൻ എന്നീ താഴ്വരകളിൽ നിന്നും ലഭിച്ച തലയോടുകളിൽ നിന്നും അവ മനുഷ്യമസ്തിഷ്കങ്ങളുടെ രൂപം പ്രാപിച്ചുവരുന്നതായി കാണാം. പക്ഷേ ഈ കാലഘട്ടങ്ങളെല്ലാം ഹിമയുഗത്തിന് വളരെ ശേഷമാണ് സംഭവിച്ചതെന്ന് പ്രഗത്ഭ ഭൂഗർഭ ശാസ്ത്രജ്ഞൻ ഓസ്കാർ ഫ്രാസിന്റെ മനുഷ്യസംസ്കാരത്തിന് ഹിമയുഗത്തിലെ സംഭാവനകൾ (Contribution to the History of Civilization during the Glacial Periods) എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. പ്രായോഗികമായി എല്ലാ ഭൂഗർഭശാസ്ജ്ഞന്മാരും, ജന്തുശാസ്ത്രന്മാരും, നരവംശ ശാസ്ത്രജ്ഞന്മാരും, ചരിത്രകാരന്മാരും ശിലായുഗം ആരംഭിച്ചത്. ക്രിസ്തുവിന് 13000 വർഷങ്ങൾക്ക മുമ്പ് മാത്രമാണെന്ന അഭിപ്രായക്കാരാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ പുരാണങ്ങളിൽ നിന്നും രാമന്റെ കാലഗണന അവിശ്വസനീയം എന്ന് മാത്രമല്ല അസംബന്ധം കൂടിയാണ്.

ശ്രീരാമചന്ദ്രന്റെ വിഷയത്തിൽ പുരാണങ്ങളെ അടിസ്ഥാനമാക്കിയുള്ള കാലഗണന ശരിയല്ല. ശാസ്ത്രീയമായ ഭൂപഠനങ്ങളും ഇത് സാധൂകരിക്കുന്നില്ല. അമേരിക്കൻ നാഷനൽ റിസർച്ച് കൗൺസിലിന്റെ Age of Earth Bulletin ൽ പ്രസിദ്ധീകരിച്ച പഠനങ്ങളും (No. 8 : 1931) സർ ജോൺ മാർഷലിന്റെ Mohenjo -daro the ancient city of India (Illustrated News - London 1922 - 1927) എന്ന പ്രസിദ്ധീകരണത്തിലെ ലേഖനങ്ങളും കാൽകോലിത്തിക്ക് കാലഘട്ടം ബി. സി. 2000 മുതൽ 3000 വരെയുള്ള കാലഘട്ടങ്ങൾക്കപ്പുറത്തേക്ക് പോകുന്നില്ല എന്ന വസ്തുത വെളിപ്പെടുത്തുന്നു. രാമായണത്തിലെ ആഭ്യന്തര തെളിവുകൾ വ്യക്തമായും സൂചിപ്പിക്കുന്നത്. ചെമ്പു യുഗത്തിന്നും (Copper Age) വെങ്കല യുഗത്തിന്നും (Bronze) ശേഷം ആവിർഭവിച്ച ഇരുമ്പുയുഗത്തിന്റെ ആദ്യകാലങ്ങളിലാണ് രാമായണ

ത്തിലെ പുരാവൃത്തങ്ങൾ സംഭവിച്ച തെന്നാണ്, ബി. സി. 1200 നപ്പുറം രാമായണ കാലഘട്ടത്തെ തിരയാൻ സാധ്യമല്ല. രാമന്റെ ഏറ്റവും ആദ്യത്തെ പ്രതിമ ലഭിക്കുന്നത് ചോള സാമ്രാജ്യ കാലഘട്ടത്തിലാണ്. ചോള ഭരണ ത്തിന് മുമ്പുള്ള കാലഘട്ടത്തിന്റെ ഇന്ത്യാ ചരിത്രത്തിലെ രേഖകൾ ലഭ്യ മാണ്. ഉദാഹരണത്തിന് ബുദ്ധന് നിർവ്വാണം ലഭിച്ചത് ബി. സി. 483 നാണ്. മഗധയിലെ രാജാവായിരുന്ന അജാത ശത്രു (ബി. സി. 494-467) ബീഹാറിലെ ഗാന്ധാരം (ബിഹാറിലെ മുസഫർ പൂർ ജില്ല) കീഴടക്കിയത് നമു ക്കറിയാം. അതുപോലെ ബി. സി. 750 മുതൽ 850 വരെ ഫിനീഷ്യൻ കച്ചവട ക്കാർ ബറൂകച്ചും, സൂർ പാർക്കുമായി (ആധുനിക സൂറത്ത്) ബന്ധം സ്ഥാപി ച്ചതും അവരുടെ അക്ഷരമാല ഇന്ത്യ ക്കാരെ പഠിപ്പിച്ചതും നമുക്കറിയാം. ഈ ഭാഷയിലെ അക്ഷരങ്ങൾ അറബി യുടേത് പോലെയാണ് (അലിഫ്, ഹ, നൂൻ, വ) അതിന്റെ ഉച്ചാരണം അല്പം മാറിയിട്ടുണ്ട്. ഉദാഹരണത്തിന് അറബി ഭാഷയിലെ 'ബ' ക്ക് പകരം 'ബിത്ത്' എന്ന അക്ഷരം. ഇതിന് മുമ്പ് ഇന്ത്യയിൽ അക്ഷരമാല ഇല്ലായിരുന്നു. മറ്റൊന്ന് ബി. സി. 525 ൽ ബംഗാളിൽ അതികഠിനമായ ഒരു ക്ഷാമമുണ്ടായി. അപ്പോൾ മെമ്മോ, ലാലി എന്നീ പേരുള്ള ബർമ്മക്കാരായ രണ്ട് കച്ചവ ടക്കാർ ബംഗാളിൽ അരി കൊണ്ടുവ രികയും മടങ്ങിപ്പോവുമ്പോൾ ഒരു ക്ഷേത്രം പണിയുകയും ചെയ്തു. 'ഷിവിദഗോൺ പഗോഡ' എന്നാണ് അത് അറിയപ്പെടുന്നത്. ബി. സി. 546 ൽ പേർഷ്യൻ രാജാവായ കോരശ് ലിബിയൻ രാജാവായ സ്റീസസിനെ പരാജയപ്പെടുത്തിയത് നമുക്കറിയാം. സിന്ധു നദിക്കരയിൽ നിന്നും കോരശിന്റെ കാലത്തെ നാണയങ്ങൾ കണ്ടു കിട്ടിയിട്ടുണ്ട്. ബി. സി. 510 ൽ പേർഷ്യൻ രാജാവായ ദാരിയൂസ് സി ന്ധ് കീഴടക്കി. ഈ സംഭവം നക്സെ - ദുസ്തം' എന്ന ഗ്രന്ഥത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഈ രേഖ കളിലൊന്നും തന്നെ രാമചന്ദ്രനെക്കു റിച്ചുള്ള പരാമർശങ്ങളില്ല.

അതേ സമയം ക്രിസ്തുവിന് നൂറ്റാ ണ്ടുകൾക്ക് മുമ്പ് തന്നെ കൃഷ്ണനെ പറ്റിയുള്ള പരാമർശങ്ങളുണ്ട്. ബെന ഗറിലെ ഗ്രീക്ക് അംബാസിഡറായിരുന്ന ഹെലിയോഡോറസി (Heliodors) ന്റെ ഗരുഡധ്വജ സ്തംഭത്തിൽ ശ്രീകൃ ഷ്ണനെ അഭിസംബോധന ചെയ്തു കൊണ്ടുള്ള ഒരു ഗീതകം കാണാം. ഉദ യ്പൂരിലെ മജ്മികാ പട്ടണത്തിൽ ശ്രീകൃഷ്ണ ഭക്തനായിരുന്ന ഗജയാൽ എന്നയാൾ പണി കഴിച്ചതാണ് പൂജാ പ്രകാർ ശില. അവിടെ അക്കാലത്ത് അതായത് ബി. സി. രണ്ടാം നൂറ്റാണ്ടിൽ ശ്രീകൃഷ്ണ ഭക്തന്മാർ ഉണ്ടായിരുന്നു വെന്ന് ഇത് സൂചന നൽകുന്നു. മഥുര മ്യൂസിയത്തിലെ 1344-ാം പ്രദർശന വസ്തുവിനെ കുറിച്ചുള്ള വിവരണ ത്തിൽ പുരാവസ്തു പണ്ഡിതനായ പണ്ഡിറ്റ് ദയാരാം സാഹ്നി പറയു ന്നത് പ്രസ്തുത വിവരണം വാസുദേ വൻ (ശ്രീകൃഷ്ണന്റെ പിതാവ്) തന്റെ കൈക്കുഞ്ഞുമായി ജുമന പട്ടണം കട ന്നുപോയതിന്റെ വിവരണമാണെന്നാ ണ്. ഈ വിവരണം കുശാന രാജാക്ക ന്മാരുടെ (ബി. സി. 100) കാലഘട്ടത്തി ലുള്ളതാണ്. ബോംബേക്കടുത്തുള്ള എലിഫന്റാ ഗുഹകളിൽ കണ്ടെത്തിയ ബി. സി. 165 ലെ ജൈനന്മാരുടെ പ്രതി മകൾ വാസ്തവത്തിൽ കൃഷ്ണ പ്രതി മകളാണ്. പക്ഷേ പൊതുവായി അത് ജൈന പ്രതിമയായാണ് ഗണിക്കുന്നത്.

നമുക്ക് ഇന്ത്യയിലെ ഭൂഖനന ഗവേ ഷണങ്ങളിലേക്ക് വരാം. ബിതയിലെ (അലഹബാദ് ജില്ല) 21 അടി താഴ്ച യിൽ കണ്ടെത്തിയ ഇഷ്ടികകൾ ബി. സി. 800 ലേതാണെന്ന് പുരാവസ്തു ഗവേഷകർ പറയുന്നു. ഇത് ശ്രീരാമ ചന്ദ്രന്റെ ജന്മസ്ഥലമായ അയോദ്ധ്യ യിൽ നിന്നും വളരെയൊന്നും അകലെ യല്ല. പക്ഷേ ഈ ഖനന ഗവേഷണ ങ്ങളൊന്നും തന്നെ ശ്രീരാമചന്ദ്രനെ പറ്റി യാതൊരു തെളിവും നൽകുന്നി ല്ല. തൊട്ടടുത്തുള്ള രാംപൂരിലുള്ള ബീഹാറി (ചമ്പാരൻ ജില്ല) ൽ നട ത്തിയ ഖനനത്തിലും ശ്രീരാമനെ ക്കുറിച്ച് യാതൊരു സൂചനയും ലഭിച്ചി ല്ല. ശ്രീരാമന്റെ ഭാര്യാപിതാവിന്റെ രാജ്യമായിരുന്ന ജനകപുരം ഇവി ടെയാണ്. ഈ ഖനനങ്ങളിൽ ബി. സി. 400 മുതൽ 500 വരെയുള്ള കാലഘട്ട ങ്ങളുടെ രേഖകൾ ലഭിച്ചിട്ടുണ്ട് എന്നതും സ്മരണീയമാണ്.

ഗ്രീക്ക് ഇതിഹാസകാരൻ ഹോമർ (ബി. സി. 850) ഇലിയഡിലൂടെ അന ശ്വരമാക്കിയ ട്രോജനുകളും ഗ്രീക്കു കാരും തമ്മിലുള്ള യുദ്ധം ബി. സി. 1200 ലാണ് നടന്നത്. ഈ ഗ്രീക്ക് ഇതി ഹാസ സംബന്ധമായി മെസപെട്ടോമി യയിൽ നടത്തിയ ഉൽഖനനങ്ങളിൽ നിന്നും ലഭിച്ച ഒരു പുരാരേഖ വളരെ യേറെ ഗവേഷണങ്ങൾക്ക് ശേഷം ജർ മ്മൻ പുരാരേഖ വിദഗ്ധനായ ഹെഗോ വിൻക്ലർ വായിച്ചെടുക്കുകയുണ്ടായി. ഈ രേഖ ഹിറ്റീസ്, മീറ്റാനീസ് എന്നീ പേരുള്ള രണ്ടു വിഭാഗം ജനങ്ങൾ തമ്മിലുള്ള യുദ്ധത്തെ പ്പറ്റിയും യുദ്ധ സന്ധിയെക്കുറിച്ചും പ്രതിപാദിക്കുന്നു വെന്ന് അദ്ദേഹം വിശദീകരിച്ചു. യുദ്ധ മവസാനിപ്പിച്ചുകൊണ്ടുള്ള കരാറിലെ പ്രതിജ്ഞയിൽ ചില ദൈവങ്ങളുടെ പ്രതിപാദനമുണ്ട്. അവരുടെ നാമങ്ങ ൾ ഇന്ദ്രൻ, വരുണൻ, മിത്രൻ, നാസത്യ എന്നാണ്. ഈ രേഖ ബി. സി. 1400 ലെതാണെന്ന് വിശ്വസിക്കപ്പെടുന്നു.

ഇവിടെ പ്രതിപാദിക്കപ്പെട്ട ഇന്ദ്രൻ കൃഷ്ണന്റെ മൂത്ത സഹോദരനാണ്. താഴെ പറയുന്ന വിവരണങ്ങൾ ശ്രദ്ധി ക്കുക.

1. യാസ്കാ ചാര്യന്റെ അഭിപ്രായപ്ര കാരം വൈകുണ്ഡൻ എന്നത് ഇന്ദ്രന്റെ നാമമാണ്. വികുണ്ഠയുടെ പുത്രൻ എന്നാണർത്ഥം. ഇന്ദ്രന്റെ മാതാവിന്റെ പേരാണ് വികുണ്ഠ. ഇതേ നിഷ്പത്തിയിൽ നിന്നാണ് ഇന്ദ്രന്റെ സ്വർഗ്ഗീയ വാസ സ്ഥലത്തെ വൈകുണ്ഠം എന്ന് വിളിക്കുന്നത്. 'ഇന്ദ്ര' എന്ന പദത്തിന്റെ അർത്ഥമായി നിഘണ്ടുക്കളിൽ കൊടുത്തിരിക്കുന്ന തിൽ ഒന്ന് വാസവൻ എന്നാണ്. അതാ യത് 'വാസുവിന്റെ പുത്രൻ' എന്ന്. വാസു എന്നത് ഇന്ദ്രന്റെ പിതാവിന്റെ പേരാണ്. ഇന്ദ്രനെ വാസവൻ എന്ന് അദ്ദേഹത്തിന്റെ പിതാവിനോടൊപ്പം വിളിക്കുന്നു. സംസ്കൃതത്തിൽ ഇത് പോലെ ധാരാളം നാമങ്ങൾ രൂപം കൊ

ണ്ടിട്ടുണ്ട്. പാണിനി അതെല്ലാം സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. ഉദാഹരണത്തിന് മാനവൻ (മനുവിന്റെ പുത്രൻ) ദാനവൻ (ദാനുവിന്റെ പുത്രൻ).

വൈകുണ്ഠൻ എന്നത് കൃഷ്ണന്റെ അപരനാമങ്ങളിലൊന്നാണ്. കൃഷ്ണന്റെ സ്വർഗ്ഗീയ സ്ഥാനത്തിന്റെ നാമവും വൈകുണ്ഠം എന്നാണ്. ഇത് മനസ്സിലാക്കിതരുന്നത് കൃഷ്ണൻ ഇന്ദ്രന്റെ സഹോദരനാണ് എന്നാണ്. അതിനു പുറമെ പുരാണങ്ങളിൽ ശ്രീകൃഷ്ണന്റെ പിതാവിന്റെ നാമം വാസുദേവൻ എന്നാണ്. ദേവ് എന്നത് ഒരാളുടെ പേരിന്റെ പിന്നിൽ ബഹുമാന സൂചകമായി ചേർക്കുന്ന പ്രത്യയമാണ്. ഉറുദുവിൽ സാഹിബ് എന്ന് ഇക്കാലത്ത് ചേർക്കുന്നത് പോലെ. സംസ്കൃത വ്യാകരണ പ്രകാരം. വസുദേവരുടെ പുത്രൻ വാസുദേവനും വാസുവിന്റെ പുത്രൻ വാസവനുമാണ്. വസുദേവൻ, വാസവൻ എന്നത് വ്യത്യസ്തമായി രണ്ട് വ്യാകരണ നിയമങ്ങളിലൂടെ രൂപപ്പെട്ട ഒരേ വ്യക്തിയുടെ രണ്ട് വ്യത്യസ്ത നാമങ്ങളാണ്.

കൃഷ്ണന്റെ നാമത്തിന് നിഘണ്ടുക്കളിൽ കാണുന്ന അപരനാമം ഇന്ദ്രാവരാജൻ എന്നാണ്. അതിന്റെ ഭാഷാർത്ഥം ഇന്ദ്രന്റെ യുവസഹോദരൻ എന്നാണ്. മറ്റൊരു നാമം. ഉപേന്ദ്രൻ എന്നാണ് ഇന്ദ്രന്റെ ഇളയ സഹോദരൻ എന്നാണർത്ഥം. അല്ലെങ്കിൽ ഇന്ദ്രന്റെ അടുത്ത സഹോദരൻ. ഹ്യൂഗോവിൻക്ളറുടെ വ്യാഖ്യാന പ്രകാരം ഋഗ്വേദത്തിലെ 8-ാം അദ്ധ്യാ യം 85, 86, 87 സൂക്തങ്ങളും 8 അദ്ധ്യായത്തിലെ 27 മുതൽ 31 വരെയുള്ള സൂക്തങ്ങളും പഠിക്കുമ്പോൾ താഴെ കാണുന്ന നിഗമനങ്ങളിലെത്തിച്ചേരുന്നു.

പുരാണങ്ങൾ പ്രകാരം സൂര്യവംശത്തിന്റെ സ്ഥാപകനാണ് വൈവസ്വതമനു. ഈ മനുവും കൃഷ്ണനും തമ്മിൽ കാലപരമായ അകലമില്ല. നാസത്യനുമായി കൃഷ്ണൻ നടത്തുന്ന ഒരു സംഭാഷണം രേഖപ്പെട്ടു കിടക്കുന്നു. നാസത്യന്റെ മറ്റൊരു പേര് അശ്വിനി എന്നാണ്. ഈ എല്ലാ തെളിവുകളും സൂചിപ്പിക്കുന്നത് കൃഷ്ണൻ ഇന്ദ്രന്റെ സഹോദരനാണെന്നാണ്. ഈ കാലം ബി. സി. 1200 ന് മുമ്പായിരിക്കണം. ഇക്കാലത്ത് ഇവിടെ ഇന്ദ്രപൂജ നിലവിലുണ്ടായിരുന്നു.

ഇന്ദ്രനെ ആരാധിക്കുന്നത് കൂടാതെ കൃഷ്ണനെയും ഈ കാലഘട്ടത്തിൽ ആരാധിച്ചിരുന്നു എന്നതിന് മതിയായ തെളിവ് ഭാഗവതത്തിൽ കാണാം. (5:7,3) ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ച വസ്തുതകളുടെ സംഗ്രഹ രൂപം ഇങ്ങിനെയാണ്.

1. ഇന്ത്യ പുരാതന കാലത്ത് 'അജനാഭം' എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്.

2. ഋഷഭദേവൻ ഇന്ദ്രന്റെ മകളായ ജയന്തിയെ വിവാഹം കഴിച്ചു. ഈ വിവാഹസമയത്ത് ഋഷഭ ദേവൻ കൃഷ്ണനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്തു. അത് കൃഷ്ണനെ ആഹ്ലാദിപ്പിക്കുകയും അദ്ദേഹം ദമ്പതികളെ അനുഗ്രഹിക്കുകയുമുണ്ടായി. അങ്ങിനെ അവർക്ക് ഒരു പുത്രൻ ജനിച്ചു. അവന് ഭരതൻ എന്ന് പേരിടുകയും അവന്റെ നാമം ആ രാജ്യത്തിന് അതായത് ഭാരതം എന്ന് പേര് നിലവിൽ വരികയും ചെയ്തു.

മറ്റൊന്ന് ജൈനന്മാരുടെ തീർത്ഥങ്കരന്മാ (ജൈനമതത്തിലെ പരിഷ്ക്കർത്താക്കൾ) രെ പരാമർശിക്കുന്ന സ്ഥലത്ത് ഒരു ഋഷഭനെ നമുക്ക് കാണാം. ഈ ഋഷഭന് ജൈന പുരാണങ്ങളിൽ നൽകിയ കാലം രാമന് ഹിന്ദുക്കൾ നൽകുന്ന കാലത്തേക്കാൾ വളരെ പുരാതനമാണ്. ഈ ഋഷഭന് മേൽ വിവരിച്ച ഋഷഭനുമായി യാതൊരു ബന്ധവുമില്ലായിരിക്കാം. എങ്കിലും അദ്ദേഹത്തിന്റെ കാലം വളരെ പുരാതനമാണ്. രണ്ടാമതായി ഇന്ത്യയിലെ ആരാധനാ മൂർത്തികളെ സംബന്ധിച്ച പഠനങ്ങളിൽ നിന്നും (Icono graphy) വെളിപ്പെടുന്നത് ജൈനന്മാരുടെ മൂർത്തികൾ പലരും ശ്രീ കൃഷ്ണ വിഗ്രഹവുമായി സാമ്യമുള്ളതാണ് എന്നാണ്. ശ്രീകൃഷ്ണ വിഗ്രഹത്തിൽ കാണുന്ന ശ്രീവത്സം എന്ന രത്നവും ജൈനന്മാരുടെ ഈ ചിഹ്നവും ഒന്ന് തന്നെയാണ്. ഈ സാമ്യം ശ്രദ്ധേയമാണ്.

ചിലയാളുകൾ ഭാരതം എന്ന പേര് ലഭിച്ചതിനെപറ്റി പറയുന്നതിന്റെ കാരണം വിശദീകരിച്ചുവല്ലോ. ഇത് കൂടാതെ മറ്റൊരു നിഷ്പത്തി കഥ ഇങ്ങിനെയാണ്. അതായത് പുരുവംശത്തിലെ ദുഷ്യന്ത രാജാവിന് കണ്വമുനി ദത്തെടുത്ത് വളർത്തിയ ശകുന്തളയിൽ ജനിച്ച പുത്രന് ഭരതൻ എന്നായിരുന്നു പേര്. ഭാരതം എന്ന പേര് ഈ രാജ്യത്തിന് ലഭിച്ചത് അദ്ദേഹത്തിൽ നിന്നാണ് എന്നാണ് പറയപ്പെടുന്നത്.

*(തുടരും)*

*(അടുത്ത ലക്കത്തിൽ ശ്രീകൃഷ്ണൻ ശ്രീരാമന്റെ മുൻഗാമിയാണെന്നതിന് പുരാണങ്ങളിൽ നിന്നും കൂടുതൽ തെളിവുകൾ).* ❍

## ശാന്തി പ്രാപിച്ച ആത്മാവ്

മനസ്സിനെ വിഷയങ്ങളിൽ നിന്നും പൂർണ്ണമായി വിടുവിച്ച് ആത്മാവിൽ തന്നെ എന്നും നിർത്തിക്കൊണ്ടിരിക്കുന്ന യോഗി എന്നെ ഓർക്കുന്നതുകൊണ്ടു മാത്രം കിട്ടാവുന്നതും മോക്ഷത്തിൽ ചെന്നവസാനിക്കുന്നതുമായ സംസാര നിവൃത്തിയാകുന്ന ശാന്തി പ്രാപിക്കുന്നു.

***(ഭഗവത്ഗീത 6:15)***

ദൈവാശിസ്സു കൊണ്ട് ശാന്തി പ്രാപിച്ച ആത്മാവേ, എന്റെ രക്ഷിതാവിങ്കലേക്കു നീ അവനിൽ സംതൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങിച്ചെല്ലുക. എന്റെ ഭക്തദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക

***(വി. ഖുർആൻ 89. 28-30)***

# ഹസ്റത്ത് ആയിശ(റ)യുമായുള്ള പ്രവാചക വിവാഹം

ഖാലിദ്, എടപ്പകത്ത്

## ആയിശ(റ)യുടെ വിവാഹ പ്രായത്തെ സംബന്ധിച്ച ആക്ഷേപങ്ങൾക്ക് മറുപടി

ഒരു ജനതയെ കേവലം രണ്ടു പതിറ്റാണ്ടുകൊണ്ടു ഏക ദൈവ വിശ്വാസികളും, സദാചാര നിരതരും, സൽക്കർമ്മചാരികളുമാക്കി, മുഴു ലോകത്തിനും മാതൃകായോഗ്യമായ ഒരു ജനസമൂഹമാക്കി പരിവർത്തിപ്പിച്ച അതി മഹത്തായ ഒരു ദൈവിക ദർശനത്തിന്റെ വിജിഗീഷുവായ പ്രബോധകനും, പ്രചാരകനുമായിരുന്നു ഹസ്റ ത്ത് മുഹമ്മദ് നബി (സ). സമകാലീന സമൂഹത്തിന്റെ എല്ലാതിന്മകളിൽ നിന്നും പൂർണ്ണമായും മുക്തമായ കറയില്ലാത്ത കണ്ണാടി പോലെ സുതാര്യവും, തെളിമയാർന്നതുമായിരുന്നു ആ മഹാപുരുഷന്റെ ബാല്യവും യുവത്വവും. സത്യസന്ധൻ, വിശ്വസ്തൻ എന്നീ അർത്ഥങ്ങളുള്ള 'അൽ സാദിഖ്', 'അൽ-അമീൻ' എന്നീ അപരനാമധേയങ്ങളിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അന്നത്തെ ആൾക്കൂട്ടത്തിൽ ഒരാൾമാത്രം ഈ വിശേഷണ പദങ്ങളിൽ അറിയപ്പെടണമെങ്കിൽ ഈ സൽഗുണങ്ങൾ അന്യം നിന്നുപോയ ഒരു സമുദായമാണ് അന്നത്തെ അറേബ്യൻ ജനതയെന്ന് വിശിഷ്യ പറയേണ്ടതില്ലല്ലോ! അതുകൊണ്ടാണ് സർ വില്ല്യം മൂയിർ പറഞ്ഞത് "മക്കാ നിവാസികളിൽ അപൂർവ്വമായിപോലും കണ്ടെത്താനാവാത്ത എല്ലാ മാനുഷിക മൂല്യങ്ങളുടെയും വിളനിലമായിരുന്നു യുവാവായ മുഹമ്മദ്" എന്ന്. ഇസ്ലാമിന്റെ ഏറ്റവും വലിയ ശത്രുവായ അബൂജഹൽ പോലും നബി തിരുമേനിയുടെ സാന്മാർഗിക ജീവിതത്തെയോ, സദാചാര നിഷ്ഠയെയോ ചോദ്യം ചെയ്തിരുന്നില്ല. തങ്ങളുടെ പരമ്പരാഗതമായ വിശ്വാസാചാരങ്ങളുടെയും, വിഗ്രഹാരാധനയിലധിഷ്ഠിതമായ വ്യാപാരതാൽ പര്യങ്ങളുടെയും കടയ്ക്കൽ കത്തി വെയ്ക്കുന്ന നബി തിരുമേനി(സ)യു ടെ നവീന ദർശനങ്ങളെയാണ് മക്കയിലെ പ്രധാനികൾ എതിർത്തു തോൽപിക്കാനും തകർത്തു തരിപ്പണമാക്കാനും ശ്രമിച്ചത്. ഈ ലക്ഷ്യസാധ്യത്തിന് സംഹാരത്തിന്റെ രാക്ഷസീയ മാർഗ്ഗം അവലംബിക്കുന്നതിന് മുമ്പ് ഭൗതിക സുഖ ഭോഗസൗകര്യങ്ങളുടെ ആകർഷകമായ വാഗ്ദാനങ്ങൾ നൽകി നബി (സ) യെ വശത്താക്കാൻ അവർ ശ്രമിച്ചിരുന്നു. അബൂതാലിബ് മുഖാന്തിരം വാഗ്ദാനം ചെയ്യപ്പെട്ട ആ പ്രലോഭനങ്ങളിൽ മക്കയിലെ ചക്രവർത്തി പദവിയോടൊപ്പം അതീവസുന്ദരികളായ കന്യകകൾ കൂടി ഉൾപ്പെട്ടിരുന്നു!. ഇതിന് നബി തിരുമേനി (സ) നൽകിയ പ്രത്യുത്തരം അദ്ദേഹത്തിന്റെ സ്വപ്രത്യസ്ഥൈര്യത്തിന്റെ സുവർണ്ണ രേഖയായി ചരിത്രത്തിൽ തിളങ്ങി നിൽക്കുന്നു. "ഒരു കയ്യിൽ സൂര്യനെയും, മറുകയ്യിൽ ചന്ദ്രനെയും വെച്ചുതന്നാൽ പോലും താനീ ദൈവിക ദൗത്യത്തിൽ നിന്നും പിൻമാറുകയില്ല."

യുവത്വം കത്തി നിൽക്കുന്ന ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ, മക്കാനഗരത്തിലെ ഏറ്റവും യോഗ്യനായി അറിയപ്പെട്ടിരുന്ന കാലത്താണ് ഉന്നതകുലജാതനും, ഖുറൈഷി വംശജനുമായ മുഹമ്മദ് നബി(സ.അ) തന്നെക്കാൾ പതിനഞ്ച് വയസ്സ് പ്രായക്കൂടുതലുള്ള ഹസ്റത്ത് ഖദീജ (റ)യെ പരിഗ്രഹിക്കുന്നത്. ഇരുപത്തിയാറു വർഷത്തെ സുദീർഘവും, സുരഭിലവുമായ ദാമ്പത്യജീവിതത്തിന് ശേഷം ഹസ്രത്ത് ഖദീജ(റ) ദിവംഗതയാവുന്നതു വരെ അദ്ദേഹം മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. അനിയന്ത്രിതമായ ബഹുഭാര്യത്വവും, വെപ്പാട്ടി സമ്പ്രദായവും, പരസ്ത്രീഗമനവും കുലമഹിമയുടെയും, പൗരുഷത്വത്തിന്റെയും, മുഖമുദ്രയായി അംഗീകരിക്കുകയും വാഴ്ത്തപ്പെടുകയും ചെയ്തിരുന്ന ഒരു സമൂഹത്തിലാണ് വിശുദ്ധ ദാമ്പത്യബന്ധത്തിന്റെ ഈ വിസ്മയ മാതൃക പ്രവാചകവര്യൻ കാഴ്ചവെച്ചത്. ഖദീജ(റ) യുടെ വിയോഗാനന്തരമുള്ള, തിരുമേനിയുടെ പുനർവിവാഹങ്ങൾക്ക് സാമൂഹ്യവും, ധാർമ്മികവും, ദയാപരവുമായ നിര

വധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇവരിൽ ഹസ്റ ത്ത് ആയിശ(റ) ഒഴികെ മറ്റെല്ലാവരും, അഗതികളും, അശരണരും, ആശ്രയരഹിതരുമായ വിധവകളായിരുന്നു. പ്രവാചകവരേണ്യന്റെ ഈ ബഹു ഭാര്യത്വ ബന്ധങ്ങളും, ഹസ്റത്ത് ആയിശ(റ) യുടെ പ്രായക്കുറവുമാണ് മുസ്ലിം വിരോധികളുടെയും ജൂത-ക്രൈസ്തവ പുരോഹിതന്മാരുടെയും കടുത്ത വിമർശനത്തിനും, സഭ്യതയുടെ സീമകൾ ലംഘിക്കുന്ന അപഹാസത്തിനും വിധേയമായത്. നബിചരിത്രം ഒരാവർത്തി നിഷ്പക്ഷ ഹൃദയത്തോടെ വായിച്ചവർക്കു മനസ്സിലാക്കാവുന്നതേയുള്ളൂ, ഇസ്ലാമിക വിരോധത്തിന്റെ വിഷക്കുപ്പിയിൽ തൂലിക മുക്കിയാണ് ഇവർ ആ ഉന്നതപുരുഷനെ സ്വഭാവഹത്യ നടത്തിയതെന്ന്.

### ബഹു ഭാര്യത്വം പൂർവ്വ സമുദായങ്ങളിൽ

ബഹുഭാര്യത്വത്തെ സംബന്ധിച്ച ആധുനിക വീക്ഷണം എന്തുതന്നെയായാലും സംശുദ്ധമായ ജീവിതം നയിച്ചിരുന്ന ഗതകാല പ്രവാചകന്മാരും, പരിവ്രാജകരും, ധാർമ്മിക പരിഷ്കർത്താക്കളും ഏക പത്നീ വ്രതക്കാരോ ബ്രഹ്മചാരികളോ ആയിരുന്നില്ല എന്നതിന് വേദഗ്രന്ഥങ്ങളിൽ നിന്നും, ചരിത്ര പുസ്തകങ്ങളിൽ നിന്നും നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഈ യാഥാർത്ഥ്യം സൗകര്യപൂർവ്വം തമസ്കരിച്ചുകൊണ്ടാണ് പൗരസ്ത്യ - പാശ്ചാത്യ ചരിത്രകാരന്മാരിൽ ചിലർ ഇസ്ലാമിനെയും, നബി(സ: അ) യെയും വിമർശിച്ചത്. ലോകജനതയിൽ മുക്കാൽഭാഗം വരുന്ന ജൂത-ക്രൈസ്തവ-മുസ്ലിം മത വിശ്വാസികളുടെ ഹൃദയക്ഷേത്രങ്ങളിൽ നിത്യ സ്മരണീയനായി നിലകൊള്ളുന്ന ഹസ്റത്ത് ഇബ്രാഹിം നബി (അബ്രഹാം) ക്ക് ഒന്നിലധികം ഭാര്യമാരുണ്ടായിരുന്നു. ഇതിൽ ഹാഗാർ അബ്രഹാമിന്റെ വെപ്പാട്ടിയായിരുന്നു എന്നാണ് ബൈബിൾ പറയുന്നത്. ദാവൂദിന്റെയും, യഅ്ക്കൂബിന്റെയും ദാമ്പത്യ ജീവിതങ്ങൾ ഇതിൽ നിന്നും ഭിന്നമല്ല. ഭാരതീയ സന്യാസിമാരിൽ പലർക്കും സപത്നികൾ ഉണ്ടായിരുന്നുവെന്ന് ഹൈന്ദവപുരാണങ്ങൾ വ്യക്തമാക്കുന്നു. ശ്രീകൃഷ്ണനാവട്ടെ, ആയിരത്തിയെട്ട് സഹധർമ്മിണിമാരുണ്ടായിരുന്നുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ ചരിത്ര യാഥാർത്ഥ്യങ്ങൾക്ക് പുകമറയിട്ടുകൊണ്ടാണ് ജൂത-ക്രൈസ്തവ പുരോഹിതന്മാരും, വിശ്വ ചരിത്രത്തിന്റെ കർത്താവായ എച്ച്.ജി. വെൽസും നബി തിരുമേനിയുടെ ദാമ്പത്യ ബന്ധങ്ങളിൽ ഭോഗലാലസ തയു വിഷയലമ്പടത്തലവും കണ്ടെത്തിയത്.

### ഹസ്രത്ത് ആയിശ (റ)യുടെ വയസ്സ്

നബിതിരുമേനി (സ) ഹസ്രത്ത് ആയിശ (റ) യെ വിവാഹം കഴിക്കുമ്പോഴുള്ള പ്രായത്തെ സംബന്ധിച്ച് വലിയൊരു തെറ്റിദ്ധാരണ നിലനിൽക്കുന്നുണ്ട്. മുസ്ലിം പണ്ഡിതന്മാരിലും, ചരിത്രകാരന്മാരിലും വലിയൊരു വിഭാഗം അവരുടേത് ഒരു ബാല്യകാല വിവാഹമാണെന്ന് വിശ്വസിച്ചുപോരുന്നു. ഈ അബദ്ധ വിശ്വാസത്തിന് വഴിച്ചാല് കീറിയത് പ്രധാനമായും ഹസ്റത്ത് ബുഖാരി നിവേദനം ചെയ്ത ചില ഹദീസുകളാണ് അതിപ്രകാരം സംഗ്രഹിക്കാം.

ഒന്ന്. ഹസ്റത്ത് ആയിശ പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു "എന്റെ നിക്കാഹ് നടന്നത് എനിക്ക് ആറുവയസ്സുള്ളപ്പോഴായിരുന്നു. ഒമ്പതാമത്തെ വയസ്സിൽ നബി പത്നിയായി, ഞാനദ്ദേഹത്തിന്റെ വീട്ടിലേക്ക് താമസം മാറ്റി."

രണ്ട് : "മദീനയിലേക്കുള്ള നബി തിരുമേനിയുടെ പലായനത്തിന് മൂന്ന് വർഷം മുമ്പാണ് ഹസ്റത്ത് ഖദീജ (റ) നിര്യാതയായത്. രണ്ടുവർഷത്തോളം തിരുമേനി വിഭാര്യനായി കഴിഞ്ഞു. പിന്നീടാണ് അദ്ദേഹം ഹസ്റത്ത് ആയിശയെ വിവാഹം ചെയ്തത്. നിക്കാഹ് നടക്കുമ്പോൾ അവർക്ക് ആറുവയസ്സും, വിവാഹബന്ധമാരംഭിക്കുമ്പോൾ ഒമ്പതു വയസ്സുമായിരുന്നു പ്രായം"

മേലുദ്ധരിച്ച ഹദീസുകളുടെ ആധികാരികതയെ സംബന്ധിച്ച് പരാമർശിക്കുമ്പോൾ പരിഗണിക്കേണ്ട വസ്തുത, ഖുർആനിക വചനങ്ങളെപ്പോലെ അന്യൂനമോ, പ്രമാദരഹിതമോ, ദൈവികമായ സംരക്ഷണ വലയിൽ ഉൾപ്പെടുന്നതോ അല്ല ഹദീസുകൾ എന്നതാണ്. ഒരാൾ പ്രസ്താവിച്ചതും, മറ്റൊരാൾ ശ്രവിച്ച് ഹൃദിസ്തമാക്കിയതും മൂന്നാമതൊരാൾ പകർത്തി വെച്ചതുമാണ് ഹദീസുകൾ. ഈ പ്രക്രിയക്ക് ദീർഘകാലത്തെ പഴക്കമുണ്ട്. ദൈവിക കൽപനകളെയും, വിധി വിലക്കുകളെയും കർമ്മാനുഷ്ഠാനുങ്ങളെയും, നന്മതിന്മകളെയും ചൂഴ്ന്നു നിൽക്കുന്ന ഹദീസുകൾ അതിസൂക്ഷ്മമായ പഠനങ്ങൾക്കും അവഗാഹമായ പരിശോധനകൾക്കും ശേഷമാണ് ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ മുസ്ലിംകളുടെ ധാർമ്മിക ജീവിതത്തെയും സാമൂഹ്യ ഭദ്രതയെയും നേരിട്ടുബാധിക്കാത്ത ചരിത്രപരവും സംഭവ വിവരണാത്മകവുമായ ഹദീസുകളുടെ ശേഖരത്തിലും ക്രോഡീകരണത്തിലും ഈ നിതാന്ത ജാഗ്രതയോ, അവധാനതയോ പുലർത്തിയിട്ടില്ലെന്നതിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതിന് കാരണം ഈ ഗണത്തിൽ പെടുന്ന ഹദീസുകൾക്ക് ഇസ് ലാമിക സമൂഹത്തിന്റെ വിശ്വാസ സംഹിതകളെയും, കർമ്മാനുഷ്ഠാനങ്ങളെയും നേരിട്ടു ബാധിക്കാത്ത അക്കാദമിക്ക് താല്പര്യങ്ങൾ മാത്രമുള്ള വിഷയങ്ങളെ സംബന്ധിച്ചായതുകൊണ്ടാണ്. തന്നിമിത്തം ഇത്തരം ഹദീസുകൾ ബുഖാരി നിവേദനം ചെയ്തിരുന്നതാ യാൽ തന്നെയും, മറ്റുതെളിവുകളുടെ അഭാവത്തിൽ സ്വീകാര്യയോഗ്യമല്ലാതായിത്തീരുന്നു.

ഹസ്റത്ത് അബൂബക്കർ സിദ്ധീഖ് (റ)യുടെ മകളാണ് ഹസ്റത്ത് ആയിശ(റ). നബി തിരുമേനി പ്രവാചകത്വവാദം പുറപ്പെടുവിച്ച ഉടൻ തന്നെ ഇസ്ലാമതമാശ്ലേഷിച്ച ഒരാളാണ് ഹസ്റത്ത് അബൂബക്കർ (റ). ഈ ഘട്ടത്തിൽ അദ്ദേഹത്തിന് രണ്ടു ഭാര്യമാരുണ്ടായി

രുന്നു. ആദ്യത്തെ ഭാര്യയായ ഫാത്തിമയിൽ അദ്ദേഹത്തിന് രണ്ടു മക്കളാണുള്ളത്. അബ്ദുള്ളയും, അസ്മയും. രണ്ടാമത്തെ ഭാര്യയായ ഉമ്മു റുമായാണ് അബ്ദുർ റഹിമാന്റെയും, ആയിശയുടെയും മാതാവ്. ഈ നാലുപേരും ഇസ്ലാമിന്റെ ആവിർഭാവത്തിനു മുമ്പാണ് ജനിച്ചത്. (തഹ്‌രീകെത്വബ്‌രി, വാല്യം 4, പേജ് 50)

പ്രശസ്ത അറബ് ചരിത്രകാരനായ വലിയുദ്ദീൻ ഇബ്നു അബ്ദുള്ള അൽഖാത്തിബ് പറയുന്നു “പ്രവാചക പത്നിയായ ഹസ്റത്ത് ആയിശ(റ) യുടെ മൂത്തസഹോദരിയാണ് അസ്മ. ഇവർ തമ്മിൽ പത്ത് വയസ്സിന്റെ പ്രായാന്തരമുണ്ട്. ഹിജ്റ 73ൽ നൂറുവയസ്സ് തികഞ്ഞപ്പോഴാണ് അസ്മ അന്തരിച്ചത്” ഈ കാലഗണന സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായ ഇബ്നു ഖാത്തിറും സ്ഥിരീകരിച്ചിട്ടുണ്ട്. ‘‘നൂറാമത്തെ വയസ്സിൽ ഹിജ്റ വർഷം 73ലാണ് അസ്മ അന്തരിച്ചത്. അവർക്ക് ആയിശയെക്കാളും പത്ത് വയസ്സ് കൂടുതലാണ്” (അൽബിദായവൽനിഹായ വാല്യം 8, പേജ് 340)

ഉപര്യുദ്യുതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഹിജ്റ ഒന്നാം വർഷത്തിൽ അസ്മയുടെ വയസ് ഇരുപത്തിയെട്ടും, അവരെക്കാൾ പത്ത് വയസ്സ് പ്രായക്കുറവുള്ള ഹസ്റത്ത് ആയിശയുടെ വയസ്സ് പതിനെട്ടുമായിരിക്കണം. നബി തിരുമേനി ഹസ്റത്ത് ആയിശയെ വിവാഹം ചെയ്തത് ഹിജ്റ രണ്ടാം വർഷത്തിലാണ്. അപ്പോൾ ഈ വിവാഹം (വിവാഹനിശ്ചയമല്ല) നടക്കുമ്പോൾ പൊതുവെ വിശ്വസിക്കപ്പെടുന്നതുപോലെ ഹസ്റത്ത് ആയിശ(റ) ഒരു ബാലികയായിരുന്നില്ല. മറിച്ച് പ്രായപൂർത്തി കൈവന്ന, പക്വമതിയായ, സ്വയം തീരുമാനമെടുക്കാൻ കെൽപുള്ള ഒരു യുവതിയായിരുന്നുവെന്ന് സംശയാതീതമായി തെളിയുന്നു.

ഉഹ്ദ് യുദ്ധത്തിൽ ഹസ്റത്ത് ആയിശ(റ)യുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്നും, പരിക്കേറ്റവരെ പരിചരിക്കുന്നതിലും, ആസന്ന മരണത്താലിയിരുന്നവർക്ക് ദാഹജലമെത്തിക്കുന്നതിലും ശ്ലാഘനീയമായ സേവനമർപ്പിച്ചിട്ടുണ്ടെന്നും ബുഖാരിതന്നെ നിവേദനം ചെയ്തിട്ടുണ്ട്. കൗമാര പ്രായം കഴിയാത്തവരും, വൃദ്ധന്മാരും, ആരോഗ്യ ശേഷി കുറഞ്ഞവരും യുദ്ധത്തിൽ പങ്കെടുക്കുന്നത് നബിതിരുമേനി (സ. അ) കർശനമായി വിലക്കിയിരുന്നു. ദൈവഭക്തരും ഉത്സാഹശാലികളുമായ ബാലികാബാലന്മാർ യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും, എല്ലാം ത്യജിച്ച് യുദ്ധസന്നദ്ധരായി മുമ്പോട്ടുവരികയും ചെയ്തപ്പോൾ നബിതിരുമേനി സ്നേഹപൂർവ്വം ഈ സാഹസികോദ്യമത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കയാണുണ്ടായത്. ഉഹ്ദ് യുദ്ധത്തിന് ഒരു വർഷം മുമ്പാണ് ഹസ്റത്ത് ആയിശ (റ) നബിതിരുമേനിയുടെ കുടുംബിനിയായി ദാമ്പത്യ ജീവിതത്തിൽ പ്രവേശിച്ചത്. അന്ന് അവർ പത്ത് വയസ്സ് മാത്രമുള്ള ഒരു ബാലികയായിരുന്നുവെങ്കിൽ, നബിതിരുമേനി അവരെ ഒരിക്കലും തന്നോടൊപ്പം യുദ്ധക്കളത്തിലേക്ക് ആനയിക്കുമായിരുന്നില്ല.

## വിവാഹോദ്ദേശ്യം

തന്നിൽ നിക്ഷിപ്തമായ ദൈവിക ദൌത്യത്തിന്റെ ലക്ഷ്യപ്രാപ്തിയുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനും, തന്റെ കാലശേഷം ഇസ്ലാമിക സംസ്കൃതിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നബിതിരുമേനി കൈക്കൊണ്ട സുപ്രധാന നടപടികളുടെ ഒരവശ്യഘടകമായിരുന്നു അദ്ദേഹത്തിന്റെ ആയിശയുമായുള്ള വിവാഹം. ഭൌതികവും ശാരീരികവുമായ മറ്റൊരു വികാരവും, ഇതിന്ന് പിറകിൽ പ്രവർത്തിച്ചിരുന്നില്ലെന്നതിന്, രാത്രിയുടെ മൂന്നിൽ രണ്ടുഭാഗവും പ്രാർത്ഥനയിലും, ദൈവ സ്തോത്രത്തിലും ചെലവഴിച്ചിരുന്ന പ്രവാചകന്റെ വിശുദ്ധ ജീവിതം തന്നെയാണ് ഏറ്റവും വലിയ സാക്ഷി.

അനസ്യൂതമായി ലഭ്യമായിക്കൊണ്ടിരിക്കുന്ന ദൈവിക അനുശാസനങ്ങൾ ജനസഹസ്രങ്ങളിൽ അന്യൂനമായി എത്തിക്കാനും, ഇസ്ലാമിക സന്ദേശത്തിന്റെ പ്രചാരണത്തിന് ആക്കം കൂട്ടാനും കഴിവും, കരുത്തുമുള്ള അബൂബക്കറിനും, അലിക്കും, ഉമറിനും, സമശീർഷയായ ഒരു യുവതികൂടി തന്റെ ദൌത്യവാഹകസംഘത്തിൽ ഉണ്ടായിരിക്കണമെന്ന് സ്ത്രീ-പുരുഷ സമത്വത്തിന്റെ ആദ്യത്തെയും, അവസാനത്തെയും ആത്മീയ ആചാര്യനായ ഹസ്റത്ത് മുഹമ്മദ് നബി (സ) ആഗ്രഹിച്ചിരുന്നു. തന്നോടു നിരന്തരം സഹവർത്തിക്കാനും, തന്റെ അദ്ധ്യാപനങ്ങളുടെ അർത്ഥവും, ആഴവും മനസ്സിലാക്കാനും, അവ അന്യൂനമായി വ്യാഖ്യാനിച്ചുകൊടുക്കാനും കെൽപുള്ള ആ സ്ത്രീയെ തന്റെ ജീവിത പങ്കാളിയാക്കാൻ നബിയെടുത്ത തീരുമാനത്തിൽ അനഭികാമ്യമായി ഒന്നും തന്നെയില്ല. മഹത്തായ ഈ സ്ഥാനലബ്ദിക്ക് അർഹയായ മറ്റൊരു യുവതി അക്കാലത്ത് അറേബ്യയിൽ ആയിശയല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല.

അനന്യ സാധാരണമായ ബുദ്ധിശക്തിയും, ഐന്ദ്രജാലികമായ ഓർമ്മശക്തിയും, അസാധാരണമായ താർക്കിക ശേഷിയും, ആരെയും പിടിച്ചിരുത്തുന്ന വാഗ്വിലാസവും, സർവ്വോപരി ദൈവഭക്തിയും സമജ്ഞസമായി സമ്മേളിച്ച ഒരപൂർവ്വ വ്യക്തിത്വമായിരുന്നു ഹസറത്ത് ആയിശ (റ)യുടേത്.

നബി തിരുമേനിയുടെ വിയോഗാനന്തരം ഇസ്ലാമിന്റെ ധ്വജവാഹകരിൽ പ്രമുഖമായ സ്ഥാനമായിരുന്നു അവർക്കുണ്ടായിരുന്നത്. നബിതിരുമേനി (സ.അ) മായുള്ള സന്തത സാമീപ്യത്തിൽ നിന്നും സ്വായത്തമാക്കിയ അഗാധമായ അറിവിന്റെ തിരിവെട്ടത്തിൽ വിശുദ്ധ ഖുർആന്റെ വ്യാഖ്യാതാവായും, മുസ്ലിംകളുടെ അദ്ധ്യാപികയായും അവർ പ്രവർത്തിച്ചു. ഹദീസുകളിൽ മൂന്നിൽ രണ്ടുഭാഗവും ഹസ്റത്ത് ആയിശയിൽ നിന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടവയായിരുന്നു.

ഹസ്റത്ത് അബൂ മൂസ പ്രസ്താവിച്ചതായി തിർമിദി നിവേദനം ചെയ്യുന്നു “സന്ദിഗ്ദമായ ഹദീസുകളുടെ പൊരുളറിയുന്നതിന്നുവേണ്ടി

ഞങ്ങളെപ്പോഴും ഹസ്റത്ത് ആയിശ (റ)യെയാണ് സമീപിച്ചിരുന്നത്. അവരുടെ വിശദീകരണം എല്ലായ്പ്പോഴും യുക്തിഭദ്രവും, തൃപ്തികരവുമായിരുന്നു." "ഹസ്റത്ത് ആയിശയെക്കാളും വാഗ്മിയായ മറ്റൊരാളെ ഞാനിതുവരെ കണ്ടിട്ടില്ല" എന്ന് മൂസാ ഇബ്ന തൽഹ പറയുന്നു.

### ദാമ്പത്യ പ്രായാന്തരങ്ങൾ – ബൈബിളിൽ

സ്വന്തം കുഞ്ഞിന്റെ വ്രണത്തെ പട്ടുശീലകൊണ്ട് മറച്ച്, ആരാന്റെ കുഞ്ഞിന്റെ ചൊറിക്കുത്തിനെ അപഹസിക്കുന്ന പ്രാകൃത മനോഭാവമാണ് മുഹമ്മദ് നബി (സ.അ)യുടെ ബഹുഭാര്യത്വത്തെയും, ആയിശ(റ)യുടെ പ്രായക്കുറവിനെയും വിമർശിക്കുന്ന കാര്യത്തിൽ പാശ്ചാത്യ ചരിത്രകാരന്മാർ പ്രകടിപ്പിച്ചത്. അവർ തങ്ങളുടെ ആത്മീയ ആചാര്യന്മാരും, ആരാധ്യപുരുഷന്മാരുമായ ഇസ്രയേലി പ്രവാചകന്മാരുടെ വിവാഹബന്ധങ്ങളിൽ ദൃശ്യമായ പ്രകടവും ഭീമവുമായ പ്രായവ്യത്യാസങ്ങളെയും ബഹു.ഭാര്യത്വബന്ധങ്ങളെയും സംബന്ധിച്ച ബൈബിൾ കഥകൾ തമസ്കരിക്കുകയും, നിഷ്പക്ഷമായ താരതമ്യപഠനത്തിനു പകരം, അന്യായവും, അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ നബി തിരുമേനിയിൽ ആരോപിക്കുകയും ചെയ്തു. ഏതാനും ഉദാഹരണങ്ങളിതാ!

#### അബ്രഹാം

''അബ്രഹാമിന്റെ (ഇബ്രാഹിം) ഭാര്യയായ സാറാ പ്രസവിച്ചിരുന്നില്ല; എന്നാൽ അവൾക്ക് ഹാഗാർ എന്ന് പേരുള്ള ഒരു മീസ്രമീയ ദാസി ഉണ്ടായിരുന്നു. സാറാ അബ്രഹാമിനോട്: ഞാൻ പ്രസവിപ്പാതിരിക്കാൻ യഹോവ എന്റെ ഗർഭപാത്രം അടച്ചിരുന്നുവല്ലോ. എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും. എന്നാൽ പക്ഷെ അവളാൽ എനിക്ക് മക്കൾ ലഭിക്കും എന്ന് പറഞ്ഞു. അബ്രഹാം സാറായുടെ വാക്ക് അനുസരിച്ചു.... പിന്നെ ഹാഗാർ അബ്രഹാമിന് യിശ്മായീലിനെ പ്രസവിച്ചപ്പോൾ അബ്രഹാമിന് എൺപത്താറു വയസ്സായിരുന്നു. (ഉല്പത്തി അദ്ധ്യാ യം 6, സൂക്തങ്ങൾ 14, 15, 16)

അബ്രഹാം, സാറായെ വിവാഹം ചെയ്തിരുന്നുവെന്ന് ബൈബിൾ പറയുന്നില്ല. അവരുമായി സഹശയനം നടത്തിയതുപോലും അവരുടെ സമ്മതപ്രകാരമായിരുന്നില്ല; മറിച്ചു സാറായുടെ കൽപന പ്രകാരമായിരുന്നു. എൺപത്തിയാറുവയസ്സുള്ള അബ്രഹാമിനെക്കാളും പ്രസവശേഷി നിലച്ചിട്ടില്ലാത്ത ഹാഗാറിന് അദ്ദേഹത്തിന്റെ പകുതി വയസ്സേ ഉണ്ടായിരുന്നുവെന്ന് ഊഹിക്കാമല്ലൊ.

സാറാ വന്ധ്യയെന്നല്ലാതെ, വൃദ്ധയാണെന്ന് ബൈബിൾ പറയുന്നില്ല. വൈദ്യശാസ്ത്രമനുസരിച്ച് ഒരു സ്ത്രീക്ക് അമ്പതുവയസ്സോടടുത്ത് ആർത്തവം നിലയ്ക്കുകയും, സ്വാഭാവിക പ്രസവശേഷി നശിക്കുകയും ചെയ്യും. സാറാ പിന്നീട് ഇസ്ഹാഖിന് ജന്മം നൽകിയതുകൊണ്ട് അവരും ചെറുപ്പക്കാരിയാണെന്ന് അനുമാന സിദ്ധമാവുന്നു.

#### ഡേവിഡ്

"ദാവീദ് രാജാവ് വയസ്സുചെന്ന് വൃദ്ധനായപ്പോൾ, അവനെ കമ്പിളി പുതപ്പിച്ചിട്ടും കുളിർ മാറിയില്ല. ആകയാൽ അവന്റെ ഭൃത്യന്മാർ അവനോട് യജമാനനായ രാജാവിനുവേണ്ടി കന്യകയായ ഒരു യുവതിയെ അന്വേഷിക്കട്ടെ, അവൾ രാജസന്നിധിയിൽ കുളിർ മാറ്റേണ്ടതിന് തിരുമാർവ്വിടത്തിൽ കിടക്കുകയും ചെയ്യട്ടെ എന്നുപറഞ്ഞു. ഒരു യുവതിയെ യിസ്രായേൽ ദേശത്തെവിടെയും അന്വേഷിച്ചു. ശൂനോംകാരത്തിയായ അബീശകിനെകണ്ടു. രാജാവിന്റെ അടുക്കൽ കൊണ്ടുവന്നു. അവൾ അതീവ സുന്ദരിയായിരുന്നു. അവൾ രാജാവിന് പരിചാരികയായി ശുശ്രൂഷ ചെയ്തു. എന്നാൽ രാജാവ് അവളെ പരിഗ്രഹിച്ചില്ല. (രാജാക്കന്മാർ, അദ്ധ്യായം 1, സൂക്തം 1–4)

#### ജോസഫും, മേരിയും

"നാൽപതു വയസ്സു പ്രായമുള്ളപ്പോൾ ജോസഫ് മെൽത്വ അല്ലെങ്കിൽ എസ്തു എന്ന് പേരുള്ള ഒരു യുവതിയെ വിവാഹം കഴിച്ചിരുന്നു. ഇവരുടെ പേര് സലോമിയാണെന്നും അഭിപ്രായപ്പെട്ടവരുണ്ട്. നാൽപത്തിയൊമ്പതുകൊല്ലത്തെ ദാമ്പത്യ ജീവിതത്തിനൊടുവിൽ ഇവർക്ക് നൂറുസന്താനങ്ങളാണ് ഉണ്ടായിരുന്നത്. ജോസഫിന്റെ ആദ്യഭാര്യ മരിച്ച് ഒരു വർഷം കഴിഞ്ഞപ്പോഴാണ് യൂദായിലെ പുരോഹിതന്മാർ മേരിയെ വിവാഹം കഴിച്ചു കൊടുക്കാൻ യോഗ്യരായ ഒരു പുരുഷനെ കണ്ടെത്തണമെന്ന് ഉത്തരവിട്ടത്. ജോസഫിന് അപ്പോൾ തൊണ്ണൂറു വയസ്സായിരുന്നു പ്രായം. മേരിയെ വിവാഹം കഴിക്കാൻ യറൂശലേമിൽ സന്നിഹിതരായ വിവാഹാർത്ഥികളിൽ ജോസഫുമുണ്ടായിരുന്നു. ഒരു ദൈവിക അടയാളമനുസരിച്ച് മേരിയുടെ വരനായി ജോസഫാണ് തിരഞ്ഞെടുക്കപ്പെട്ടത്.

ദൈവമാതാവിന്റെ വിവാഹത്തെ സംബന്ധിച്ച് മേൽ ഉദ്ധരണി 1913ൽ പ്രസിദ്ധീകരിച്ച കാത്തലിക്ക് എൻസൈക്ലോപീഡിയയിലുള്ളതാണ്. പാശ്ചാത്യ ചർച്ചകൾ ഇത് തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിലും പൌരസ്ത്യ ചർച്ചകളിൽ പലതും അംഗീകരിച്ചിട്ടുണ്ട്. ജോസഫും മേരിയും തമ്മിലുള്ള വിവാഹത്തെക്കുറിച്ച് യുക്രേനിയൻ ഓർത്തഡക്സ് ചർച്ചിന്റെ അഭിപ്രായം ശ്രദ്ധിക്കുക! "ജോസഫും, മേരിയും തമ്മിലുള്ള വിവാഹത്തിന്റെ ചിത്രീകരണം തികച്ചും സത്യസന്ധമാണ്. സത്യസന്ധനും, ധൈര്യശാലിയും, വിശ്വസ്തനും, ദൈവഭയവുമുള്ള ഒരു വൃദ്ധനായിരുന്നു ജോസഫ് (യുക്രേനിയൻ വെബ്സൈറ്റ്, ലിങ്ക് An Elderly Joseph) ❍

**നഷ്ടപരിഹാരം**

മിണ്ടാപ്രാണി വരുത്തിവെയ്ക്കുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതില്ല, കിണറ്റിൽ വീണ് വല്ലവർക്കും നാശം പറ്റിയെങ്കിൽ അതിന് നഷ്ടപരിഹാരം നൽകേണ്ടതില്ല. നിധി കണ്ടു കിട്ടിയാൽ ഇരുപത് ശതമാനം സക്കാത്ത് നൽകണം.

***– മുഹമ്മദ് നബി (സ) (ബുഖാരി)***

ലേഖനം

# വാർദ്ധക്യം ഉണർത്തുന്ന ചിന്തകൾ

ഇ. ഓർച്ചാഡ് അഹ്മദ്, കണ്ണൂർ

## വാർദ്ധക്യം മനുഷ്യശരീരത്തിന്റെ അനിവാര്യമായ ഒരു ജൈവിക പ്രക്രിയയാണ്. ജാരണം മനുഷ്യനിൽ ഉണർത്തുന്ന തത്ത്വജ്ഞാനത്തെക്കുറിച്ച്

നബി (സ) ഒരിക്കൽ തന്റെ അനുയായികളുടെ സംശയങ്ങൾക്ക് മറുപടി കൊടുക്കുന്നതിനിടയിൽ പറഞ്ഞു: "അല്ലാഹു ഒരു രോഗത്തിനൊഴികെ മറ്റെല്ലാ രോഗത്തിനും പ്രതിവിധി അല്ലെങ്കിൽ മരുന്ന് നിശ്ചയിച്ചിട്ടുണ്ട്" അപ്പോൾ ജനങ്ങൾ ചോദിച്ചു : "ഏതാണ് ആ രോഗം"? തിരുമേനി : "വാർദ്ധക്യം" (തിർമിദി)

നമ്മുടെയെല്ലാം അസ്തിത്വത്തിന് ആധാരമായ ഈ ശരീരത്തിന്റെ അവസാനത്തെ ദശയാണ് വാർദ്ധക്യം. ജീവിതത്തിന്റെ ഏറ്റവും കരുത്താർന്ന കാലഘട്ടമായ യൗവനം കഴിയുന്നതോടെ മനുഷ്യശരീരത്തിൽ നിന്നും കോശങ്ങൾ നശിക്കാൻ തുടങ്ങുന്നു. തുടർന്ന് ശരീരത്തിന്റെ ഓജസ്സ് നിലനിർ ത്തുന്ന സ്രാവങ്ങളുടെ ശോഷിപ്പ് കാരണം സന്ധികളിലെ ജൈവാത്മകതയ്ക്ക് കോട്ടം തട്ടുന്നു. ഇവിടെതൊട്ട് നിങ്ങളുടെ വാർദ്ധക്യം ആരംഭിക്കുകയായി.

കാലം മനുഷ്യന്റെ ശരീരത്തിനും, മനസ്സിനും ഒരുപാട് നിഴലുകൾ വീഴ്ത്തുന്നു. കാലമേറെ കഴിയുമ്പോൾ കഴിഞ്ഞുപോയ ഇന്നലെകൾ എത്ര പെട്ടെന്നാണ് സംഭവിച്ചതെന്ന് ഓർക്കാനേ മനുഷ്യന് കഴിയൂ. ജീവിതത്തിന്റെ അന്ത്യഘട്ടമെത്തുമ്പോൾ അവർക്ക് തോന്നും "ഈ ലോകത്ത് ഒരു സായാഹ്നമോ അതിന്റെ പൂർവാഹ്നമോ അല്ലാതെ അവർ താമസിച്ചിട്ടില്ലെന്ന്" (അന്നാസിആത്ത് 47)

കത്തുന്ന യൗവനത്തിൽ തിളങ്ങി നില്ക്കുന്ന നിങ്ങളും കാലത്തിന്റെ മഹാപ്രവാഹത്തിനുമുന്നിൽ വിധേയപ്പെട്ടേ മതിയാകൂ. സൽക്കർമ്മങ്ങളുടെ മഹാകാവ്യം കുറിക്കാൻ ദൈവം കനിഞ്ഞരുളിയ അമാനത്താണ് കാലം അല്ലെങ്കിൽ ആയുസ്സ്. ഇതുകൊണ്ടായിരിക്കണം നബി (സ) "വാർദ്ധക്യം മുന്നിൽ കണ്ടുകൊണ്ട് യുവത്വം പ്രാപിക്കണമെന്ന്" നമ്മെ ഉണർത്തിച്ചത്. മനുഷ്യന്റെ ഹൃദയസ്പന്ദനങ്ങൾ അവനോട്ട് തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നത് 'സമയ'മാണ് ജീവിതമെന്നാണ്. സമയത്തെയും കാലത്തെയും വേണ്ടവിധത്തിൽ ഉപയോഗിക്കാത്തവർ കനിഞ്ഞു കിട്ടിയ ജീവിതമെന്ന മഹത്തായ അനുഗ്രഹത്തിന്റെ വിലയും, മൂല്യവും മനസ്സിലാക്കാത്തവരാണ്.

ജനനം മുതൽ മരണം വരെ ഒരേ അവസ്ഥയിൽ തന്നെ തുടരുന്ന പ്രകൃതിയിലല്ല മനുഷ്യന്റെ സൃഷ്ടിച്ച് ജീവിത ഘട്ടങ്ങളിൽ നിന്നും, പരീക്ഷണങ്ങളിൽ നിന്നും ആരും മുക്തരല്ല. അല്ലാഹുവിന്റെ വചനങ്ങൾ ഓർമ്മ വരികയാണ്. "അറിവു കൈവന്ന ശേഷം ഒന്നും അറിയാതിരിക്കുമാറ് ആയുസ്സിന്റെ ഏറ്റവും താഴ്ന്ന പടിയിലേക്ക്, വാർധക്യത്തിലേക്ക് - തള്ളിവിടപ്പെടുന്നവരും നിങ്ങളിലുണ്ട്" (അന്നഹ്ൽ 71). ഇതിന് മുമ്പ് ഇതെല്ലാം ഖുർആൻ വചനങ്ങൾ മാത്രമായിരുന്നു സമാന സംഭവങ്ങൾ സ്വന്തം ജീവിതത്തിൽ വന്നുചേർന്നപ്പോൾ മേൽ വചനങ്ങളിലൊക്കെ ജീവൻ തുടിച്ചുനിൽക്കുന്നതുപോലെ..... ഖുർആൻ പ്രതീക്ഷയുടെ സന്ദേശമാണ് മനുഷ്യന് നൽകുന്നത്. നിങ്ങൾ ബലഹീനത കാണിക്കരുത്, വ്യസനിക്കയുമരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയായിരിക്കും വിജയികൾ" (ആലുഇംറാൻ 140) തളർന്ന ശരീരത്തിനൊരുണർവ്വ്! ദേഹമാസകലം ഒരാശ്വാസം പടർന്നു കയറി.

നമ്മുടെ 'ഗതി' നിർണ്ണയിക്കുന്നത് ശരീരമല്ല, മനസ്സാണ്. പക്ഷെ ശരീരത്തെ വാർധക്യത്തിൽ നിന്നും വേർതിരിച്ച് നിർത്താനാവുമോ? ഇല്ല. അപ്പോൾ മനസ്സിന്റെ ശക്തിയും ചോർന്നുപോകുന്നതുപോലെ.... തിമിരം ബാധിച്ച കണ്ണിനിപ്പോൾ കാഴ്ച കുറവാണ്, സംസാരിക്കുമ്പോൾ അധരങ്ങളിൽ പതയുണ്ടാകുന്നു. നാഡിമിടിപ്പിന് വേഗം കൂടുന്നു, കൈകാലുകൾ വിറയ്ക്കുന്നു. നല്ല ക്ഷീണവും. "റബ്ബേ.... എന്നെ കൈവിടരുതേ!" പടച്ചവനേ.... പരസഹായമില്ലാതെ ഞാനെ

ന്ത് ചെയ്യും? 'ജീവനുള്ളവരുടെ ലോകം തന്നെ അവഗണിക്കുന്നുവോ? മനുഷ്യജീവിതത്തിന്റെ തകർച്ചതുടങ്ങുന്നത് പ്രായം കൂടുന്നത് കൊണ്ടു കൂടിയാണോ? മനസ്സാകെ പിടയുകയാണ്.... ജരയും നരയും ബാധിച്ച ഈ വയസ്സൻ ഇനി എന്തിന് ജീവിക്കണം? മരണത്തെ കാത്തു കിടക്കുകയല്ലാതെ മറ്റെന്ത് ലക്ഷ്യമാണ് ഇനി ഈ ജീവിതത്തിനുള്ളത്. ഉറ്റവരും, ഉടയവരുമൊക്കെ ഒന്നൊന്നായി ഈ ഭൂമുഖത്തോട് യാത്ര പറഞ്ഞു തുടങ്ങി..... മനസ്സിനകത്താണെങ്കിൽ ആകെ അസ്വസ്ഥതയുടെ ചിറകടി. എത്ര ശ്രമിച്ചിട്ടും ഉറങ്ങാനാവുന്നില്ല. മരിച്ചില്ലെങ്കിലും മരിച്ചപോലുള്ള ഈ അവസ്ഥ...... ചുറ്റും നടക്കുന്നതെല്ലാം അറിയുന്നു. കൺമിഴിക്കാനോ, പ്രതികരിക്കുവാനോ ആവുന്നില്ല. മരിക്കുന്നതും, ജനങ്ങൾ കൂടുന്നതും, മയ്യിത്ത് കുളിപ്പിക്കുന്നതും, മയ്യിത്ത് കബറിലേക്ക് താഴ്ത്തുന്നതുമൊക്കെ ഇടയ്ക്കിടെ മനസ്സിൽ തെളിഞ്ഞ് വരുന്നു.... എല്ലാം മനസ്സിൽ ഓളം വെട്ടുന്നു. എങ്കിലും ഒന്നും ചെയ്യാൻ കഴിയുന്നില്ല. മനസ്സ് ആഗ്രഹിക്കുന്നതും കൽപിക്കുന്നതുമൊന്നും അനുസരിക്കാൻ ശരീരത്തിനാവുന്നുമില്ല. അഹിതമായ കാര്യം തട്ടിമാറ്റാനാവാത്തവിധം സംഭവിച്ചാൽ സഹിക്കുകയല്ലാതെ നിസ്സഹായരായവർക്ക് മറ്റെന്ത് ചെയ്യാൻ പറ്റും! ജീവിതത്തിലെ സർവ്വ സംഭവങ്ങളും ദൈവഹിതത്തിനൊത്താണ് നടക്കുന്നതെന്ന വിശ്വാസം മാത്രമാണ് ഇപ്പോൾ കൂട്ടിനുള്ളത്.

മുടി നരച്ച്, തൊലിചുളിഞ്ഞ് വാർധക്യത്തിന്റെ അടയാളങ്ങൾ പ്രകടമാകുമ്പോൾ മനസ്സിൽ നിന്ന് പ്രതീക്ഷകളും, ആഗ്രഹങ്ങളും പടിയിറങ്ങുന്നു. ജീവിതം ഇനി അധികം ഇല്ലെന്ന തോന്നൽ, മരണം അടുത്തുകൊണ്ടിരിക്കുന്നുവെന്ന ആധി ഇതെല്ലാം മനസ്സിൽ അസ്വസ്ഥത സൃഷ്ടിക്കുന്നു. വാർധക്യസഹജമായ അവശതകൾ ചിലരിൽ ഒരുതരം നിസ്സഹായതാബോധവും, മറ്റുള്ളവർ തങ്ങളെ അവഗണിക്കുന്നുവെന്ന തോന്നലും ഉളവാക്കുന്നു. വാർധക്യകാലത്ത് മിക്കവരുടെയും സ്വഭാവപ്രകൃതികളിലും, പ്രവൃത്തികളിലും മാറ്റമുണ്ടാകുന്നു. നിങ്ങൾക്ക് ചിലപ്പോൾ ഇതൊക്കെ നിസ്സാരമെന്നും, ബാലിശമെന്നും തോന്നിയേക്കാമെങ്കിലും വേണ്ടപ്പെട്ടവരുടെ ഭയമൂറുന്ന സമീപനം അവരുടെ ഹൃദയത്തിൽ പ്രതീക്ഷകൾ അലതല്ലിക്കുകയും, മനസ്സുകളിൽ ചൈതന്യം പകരുകയും ചെയ്യുന്നു. പ്രതീക്ഷ വയോവൃദ്ധനെപ്പോലും ഊർജസ്വലനാക്കുന്നു. നൂറ് വയസ്സ് പിന്നിട്ടിട്ടും പ്രതീക്ഷ കൈവിടാതെ പ്രാർത്ഥിച്ച ഇബ്റാഹിമിന് അല്ലാഹു നൽകിയ വിലമതിക്കാനാവാത്ത സമ്മാനം എന്താണെന്ന് നിങ്ങൾക്കറിയില്ലേ? - രണ്ട് കുട്ടികൾ, ഇസ്മാഈലും, ഇസ്ഹാഖും, സൂറ അൽ അമ്പിയാ ഇൽ പ്രതിയോഗികൾ പോലും ഇബ്രാഹിം നബിയെ 'ചെറുപ്പക്കാരൻ' എന്നു വിളിക്കാൻ കാരണവുമിതുതന്നെയായിരിക്കണം.

മനസ്സിലൊളിഞ്ഞിരിക്കുന്ന സ്നേഹം പുറമേയ്ക്ക് പ്രവഹിക്കുമ്പോൾ അതിന് പല ഭാവങ്ങളും കൈവരുന്നു. മനസ്സിൽ തട്ടുന്ന വേദനിപ്പിക്കുന്ന ഒരു വാക്ക് കൂരമ്പ് പോലെ ഹൃദയത്തിൽ തറക്കുന്നു. അതുകൊണ്ടാണ് നാവിന്റെ കാര്യത്തിൽ വളരെ സൂക്ഷ്മത പാലിക്കണമെന്ന് നബി (സ) നിർദ്ദേശിച്ചത്. നാവിന്റെ 'ഹദ്‌യ' മനസ്സിനെ സന്തോഷിപ്പിക്കുകയും ഹൃദയങ്ങളെ പരസ്പരം ബന്ധിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ ഓരോ അനക്കത്തിലും ഹൃദയ നൈർമ്മല്യവും, കരുണയുമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. വൃദ്ധരോട് അങ്ങേയറ്റത്തെ കാരുണ്യം പുലർത്തണമെന്ന് ഇസ്‌ലാം ഉണർത്തുന്നു. പ്രായാധിക്യം കൊണ്ട് ബുദ്ധിമുട്ടുന്നവരെ അവഗണിക്കുകയും, അവരോട് അപമര്യാദയായി പെരുമാറുകയും ചെയ്യുന്നവർ ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ കഠിനമായി വെറുക്കപ്പെട്ടവരാണ്. വൃദ്ധരായ മാതാപിതാക്കൾക്കും, മറ്റു അശരണർക്കും തന്നാൽ സാധ്യമായ ഏതു സേവനവും ചെയ്തു കൊടുക്കുക എന്നത് ഓരോ മുസൽമാന്റേയും ഒഴിച്ചുകൂടാൻ പാടില്ലാത്ത ബാധ്യതയിൽ പെട്ടതാണ്.

ഹൃദയത്തിന്റെ ഓരോ അണുവിലും വൃദ്ധരായ മാതാപിതാക്കളോട് ആദരവ് കാണിക്കണമെന്നാണ് അല്ലാഹു കല്പിക്കുന്നത്. "എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക" (ലുഖ്മാൻ 15) പ്രായമായവർക്ക് ആശ്രയവും, അവലംബവുമാണാവശ്യം. വേദനയും, യാതനയുമാണ് അധികവും അവരുടെ കൂടെയുണ്ടാവുക. പ്രായമേറിയ ഒരു മനുഷ്യൻ തന്റെ മാനസികവും, ശാരീരികവുമായ പ്രത്യേകാവസ്ഥയിൽ വേണ്ടപ്പെട്ടവരുടെ അനുഭാവത്തിനും, സ്നേഹത്തിന്നുവേണ്ടി ദാഹിക്കുക സ്വാഭാവികമാണ്. ഇത് ഏതെങ്കിലുമൊരു സമുദായത്തിന്റേയോ, വിഭാഗത്തിന്റേയോ മാത്രം കാര്യമല്ല. മനുഷ്യന്റെയും, മനുഷ്യത്വത്തിന്റെയും പ്രശ്നമാണ്. നിങ്ങളുടെ അസ്തിത്വത്തിന്റെ പ്രത്യക്ഷ സ്രോതസ്സ് ഇന്ന് വൃദ്ധരായി കാണുന്ന നിങ്ങളുടെ മാതാപിതാക്കളാണ്. നമ്മളാരാണെന്ന് നാം മറക്കാതിരിക്കുക? കൈകാലിട്ടടിച്ച് കരയാൻ മാത്രം കഴിയുന്ന അവസ്ഥയിൽ നിന്ന് ഇന്നത്തെ നിലയിലെത്തിച്ചത് അവരാണ്. അതിനുവേണ്ടി അവർ സഹിച്ച ത്യാഗം, ക്ലേശം, എന്നിവ നമുക്ക് ചിന്തിക്കാൻ കഴിയുന്നതിനേക്കാൾ ആഴത്തിലുള്ളതാണ്. തനിക്ക് ജന്മം നല്കുകയും, ഏറെ കഷ്ടപാട് സഹിച്ച് ഇവിടെവരെ എത്തിക്കുകയും ചെയ്ത് ഇന്ന് വാർധക്യത്തിലെത്തിയ മാതാപിതാക്കളെ 'പരിഗണിക്കാൻ' കഴിഞ്ഞില്ലെങ്കിൽ പിന്നെയാരോടാണ് നിങ്ങൾക്ക് കരുണ കാണിക്കാൻ കഴിയുക!

മാതാപിതാക്കളെ പ്രീതിപ്പെടുത്താതെ ആർക്കും അല്ലാഹുവിനെ പ്രീതിപ്പെടുത്താനാവില്ല. "അവർ രണ്ട് പേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെ ജീവിതകാലത്ത് വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് 'ഛെ' എന്നുപോലും പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയും അരുത്" (ബ്രനീ ഇസ്റായീൽ 24) നബി (സ) ഒരിക്കൽ പറഞ്ഞു : "മാതാപിതാക്കളുടെ പ്രീതിയിലാണ് അല്ലാ

ലില്ല. സ്വന്തം വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും സഹാനുഭൂതിയുടെയും, സാമൂഹിക സേവനത്തിന്റെ യും ഉത്തമ മാതൃക സൃഷ്ടിച്ച മുഹമ്മദ് നബി (സ) പറഞ്ഞു: നോക്ക്! ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട് അത് ശരിപ്പെടുത്തിയാൽ ശരീരം മുഴുവൻ ശരിപ്പെടും. അത് മലിനമായാൽ മുഴു ശരീരവും മലിനമാകും. നോക്ക്! അതാണ് ഹൃദയം" (ബുഖാരി) മനുഷ്യ വ്യക്തിത്വത്തിന്റെ കേന്ദ്രവും, അവന്റെ ഉദ്ദേശങ്ങളും, വികാരങ്ങളും നിയന്ത്രിക്കുന്ന ഭാഗവുമാണത്. ഖുർ ആൻ അത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അന്ധത ബാധിക്കുന്നത് കണ്ണിനെയല്ല കാണാൻ കഴിയാത്ത മനസ്സിനെയാണ്. നമുക്ക് അവയെ സ്പർശിക്കുവാനോ, കേൾക്കുവാനോ, രുചിക്കുവാനോ സാധ്യമല്ല.

അല്ലാഹു മനുഷ്യ സമൂഹത്തിന് ഒരുപാട് അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. "അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണിത്തിട്ടപെടുത്തുക സാധ്യമല്ല" തന്റെ 'പ്രതിനിധി' യിൽ നിന്നും പ്രതീക്ഷിക്കുന്നു. സമ്പൂർണ്ണ ജീവിത വ്യവസ്ഥ പകർന്നുതരുന്ന ഖുർആൻ ജന്മം കൊണ്ടല്ല കർമ്മം കൊണ്ടു മാത്രമാണ് മനുഷ്യൻ ഉയരുന്നതെന്നും, താഴുന്നതെന്നും ഉൽബോധിപ്പിക്കുന്നു. മനുഷ്യന് തന്നിലെ സ്വതസിദ്ധമായ നന്മകൾ വളർത്തിയെടുത്ത് മാലാഖയോളം ഉയരുവാൻ സാധിക്കും. ജീവി ത വിജയത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നത് ഇങ്ങനെയാണ്." ആത്മാവിനെ പരിശുദ്ധമാക്കിയവൻ തീർച്ചയായും വിജയം പ്രാപിച്ചു. അതിനെ ദുഷിപ്പിച്ചവൻ തീർച്ചയായും പരാജയപ്പെടുകയും ചെയ്തു" (അശ്ശംസ്)

ആത്മാവിന്റെയും, മനസ്സിന്റെയും, ശരീരത്തിന്റെയും സംവിധായകനായ ലോക രക്ഷിതാവ് നൽകുന്ന പാഠങ്ങൾ പരിപൂർണ്ണമായിരിക്കും. പ്രപഞ്ചനാഥൻ മാനവരാശിക്ക് മാത്രമായി നൽകിയ വെളിച്ചത്തിന്റെ കൈത്തിരിയാണ് കരുണ. ആർദ്രതയ്ക്കും, കരുണയ്ക്കും പകരം വെയ്ക്കുവാൻ മറ്റൊരു ഭാവവും മാനുഷ്യകത്തിന്റെ പക്ക

(ശേഷം പേജ് 27 ൽ)

## തിരുനബി(സ)യുടെ അന്ത്യനിമിഷങ്ങൾ

ആയിശ(റ)യിൽ നിന്ന് നിവേദനം. 'എന്റെ വീട്ടിൽ വെച്ച് എന്റെ നെഞ്ചിൽ കിടന്നുകൊണ്ടാണ് തിരുനബി(സ) പരലോകം പ്രാപിച്ചത്. അത് അല്ലാഹു എനിക്ക് തന്ന ഒരനുഗ്രഹമത്രെ. മരണവേളയിൽ അല്ലാഹു എന്റെയും തിരുനബി(സ) യുടെയും തുപ്പുനീരുകൾ ഒന്നിച്ചുചേർത്തു. കൈയിൽ ഒരു മിസ്‌വാക്കുമായി അബ്ദുറഹിമാൻ എന്റെ അടുക്കൽ കടന്നുവന്നു. ഞാൻ തിരുമേനി (സ)യെ താങ്ങിയിരിക്കുകയായിരുന്നു. അപ്പോൾ തിരുമേനി(സ) അബ്ദുറഹിമാന്റെ നേരെ നോക്കുന്നതുകണ്ടു. തിരുമേനി(സ) പല്ലു തേക്കാൻ ഇഷ്ടപ്പെടുന്നുണ്ട് എന്ന് എനിക്ക് മനസ്സിലായി. അന്നേരം ഞാൻ ചോദിച്ചു: 'അങ്ങേയ്ക്കുവേണ്ടി ഞാനത് വാങ്ങട്ടെയോ?' തിരുമേനി(സ) സമ്മതഭാവത്തിൽ തലയാട്ടി അപ്പോൾ ഞാനത് വാങ്ങി. അത് വളരെ കടുപ്പമുള്ളതായിരുന്നു. ഞാൻ ചോദിച്ചു. 'അങ്ങേയ്ക്കുവേണ്ടി ഞാനതു പല്ലുകൊണ്ട് ചതച്ച് മൃദുവാക്കട്ടെയോ?. അപ്പോഴും തിരുമേനി(സ) സമ്മതഭാവത്തിൽ തലയാട്ടി. ഞാനത് മൃദുവാക്കി കൊടുത്തു. തിരുമേനി(സ) അതുകൊണ്ട് ദന്തശുദ്ധിവരുത്തി. തിരുമേനി(സ)യുടെ മുൻപിൽ ഒരു വെള്ളപ്പാത്രമുണ്ടായിരുന്നു. അവിടുന്ന് ആ പാത്രത്തിൽ കയ്യിട്ട് തന്റെ മുഖത്ത് തടവിക്കൊണ്ട് ഇങ്ങനെ അരുളി. "ലാ ഇലാഹ ഇല്ലല്ലാഹു, മരണത്തിന് ചില വെപ്രാളങ്ങളുണ്ട്" അനന്തരം അവിടുന്ന് തന്റെ കൈയുയർത്തിക്കൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവെ ഉന്നതരായ സുഹൃത്തുക്കളുടെ കൂട്ടത്തിൽ എന്നെ എത്തിക്കേണമേ." അവസാനം അവിടുത്തെ ജീവൻ വിട്ടുപിരിഞ്ഞു. കൈകൾ തളർന്നുചാഞ്ഞു.

**- ബുഖാരി**

ഹുവിന്റെ പ്രീതി. മാതാപിതാക്കളുടെ വെറുപ്പിലാണ് അല്ലാഹുവിന്റെ വെറുപ്പ്" (തിർമിദി). റസൂൽ (സ) ഇസ്‌ലാമിക യോദ്ധാക്കളെ തിരഞ്ഞെടുക്കുകയാണ്. സൈന്യത്തിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിച്ച വ്യക്തിയോട് റസൂൽ (സ) ചോദിച്ചു : "നിനക്ക് ആരെല്ലാമുണ്ട്"? എനിക്ക് വൃദ്ധയായ മാതാവ് മാത്രമേയുള്ളൂ. ആ വൃദ്ധ മാതാവിനെ സംരക്ഷിക്കാൻ മറ്റാരുമില്ലെന്ന് മനസ്സിലാക്കിയ റസൂൽ (സ) അയാളോട് ഉടൻ വീട്ടിലേക്ക് തിരിച്ചുപോകാൻ ആവശ്യപ്പെട്ടു. ''ഉമ്മയുടെ അടുത്തേക്ക് പോവുക, അവർക്ക് സേവനം ചെയ്യുക'' റസൂൽ ഉണർത്തി. മനുഷ്യന്റെ ആന്തരിക ഗുണ വിശേഷമായ സ്നേഹവും, കാരുണ്യവുമാണ് ജീവിതത്തിന്റെ അടിസ്ഥാനശില. മനുഷ്യത്വത്തിന് തികച്ചും പരിചിതങ്ങളായ കാരുണ്യം, ഔദാര്യം, സഹാനുഭൂതി, വിശാലമനസ്കത എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് മാനുഷിക ധാർമികത്വമെന്നത്. മനുഷ്യപ്രകൃതിക്ക് സുപരിചിതമായ സദാചാരതത്വങ്ങളാണിതൊക്കെ. ഖുർആനും, സുന്നത്തും നമുക്ക് പഠിപ്പിച്ച് തരുന്നതും ഇതൊക്കെ തന്നെയാണ്. മൂല്യബോധത്തിലൂടെയും, ധർമ്മനിഷ്ഠയിലൂടെയുമാണ് മനുഷ്യൻ സംശുദ്ധനും, സംസ്കൃതനുമായിത്തീരുന്നത്. ഇവയെ ജീവിതവുമായി ഘടിപ്പിക്കുന്നതിൽ അതിവിശാലമായ നിലപാടാണ് ഇസ്ലാം സ്വീകരിക്കുന്നത്. നബി(സ) കൂടുതൽ ആവർത്തിച്ച പ്രാർത്ഥനകളിലൊന്ന് 'രക്ഷിതാവേ, എന്റെ സ്വാഭാവം മനോഹരമാക്കി തരണമേ' എന്നായിരുന്നു.

നമ്മുടെ ജീവിതം നമ്മുടെ തന്നെ ചിന്തയുടെ ഫലമാണ്. മനുഷ്യന്റെ ഭാഗധേയവും, ഉയർച്ചയും, താഴ്ചയും അവന്റെ കൈകളിലാണ്. സ്വഭാവസൗകുമാര്യമാണ് ജീവിതസൗന്ദര്യത്തിന്റെ മാനദണ്ഡം. അല്ലാഹു മനുഷ്യന് നൽകിയ അനുഗ്രഹങ്ങളിൽ ഏറ്റവും സുപ്രധാനമായത് ഭൂമിയിൽ അവൻ എങ്ങിനെ ജീവിക്കണമെന്ന് നൽകിയ മാർഗ്ഗദർശനങ്ങളാണ്. പ്രപഞ്ച സ്രഷ്ടാവിന്റെ ഉത്കൃഷ്ടഗുണങ്ങളായ കാരുണ്യവും, ഔദാര്യവും അവൻ

# ഹസ്റത്ത് ഉസ്മാ(റ)നെതിരായ ഗൂഢാലോചന- II

മൗലാനാ ശൈഖ് മുബാറക് അഹ്മദ്

## ഹസ്റത്ത് ഉസ്മാനെതിരായ അപവാദ പ്രചരണവും - രക്തസാക്ഷിത്വവും

### സഹാബിമാർക്കെതിരെയുള്ള അപമര്യാദയായ പെരുമാറ്റം

തിരുനബി (സ) യുടെ സഹാബിമാർക്കെതിരെ അപമര്യാദയായി പെരുമാറി എന്നതാണ് മറ്റൊരു ആരോപണം. അബൂദർ ഗഫ്ഫാരിയെ ഉസ്മാൻ (റ) നാടുകടത്തി എന്നും അബ്ദുല്ലാഇബ്നു മസ്ഊദിന് ഖജനാവിൽ നിന്നും അനുവദിച്ച സഹായ ധനം നിർത്തലാക്കി എന്നതുമായിരുന്നു അദ്ദേഹത്തിന്റെ മേൽ ചാർത്തപ്പെട്ട മറ്റ് കുറ്റങ്ങൾ

ഈ ആരോപണത്തിന്റെ ആദ്യ ഭാഗം തെറ്റാണ്. അബൂദർ ഗഫ്ഫാരിയെ ഒരിക്കലും നാടുകടത്തിയിട്ടില്ല. റബ്സയിലെ വിജനമായ സ്ഥലത്ത് താമസിക്കാൻ അദ്ദേഹം സ്വയം തന്നെ തീരുമാനിക്കുകയായിരുന്നു. അദ്ദേഹം കഠിനചിത്തനായ ഒരു സൂഫി ചിന്താഗതിക്കാരനായിരുന്നു. വളരെ കടുകട്ടി സ്വഭാവക്കാരനായ അദ്ദേഹം പണം സമ്പാദിക്കുന്നത് നിഷിദ്ധമാണെന്നും അത് മുഴുവൻ ദൈവ മാർഗ്ഗത്തിൽ ചിലവഴിക്കാത്തവർ ശരിയായ പാതയിലല്ലെന്നും കരുതുന്ന ഒരു കർക്കശ സ്വഭാവക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ഇത്തരം നിലപാടുകൾ കാരണം സമ്പന്നർക്കെതിരെ കുത്ത് വാക്കുകൾ പറയാനും അവരെ അപകീർത്തിപ്പെടുത്താനും ദരിദ്രരായ ചിലർ ശ്രമിച്ചുപോന്നു. ഇത് സംബന്ധമായി നടന്ന ചൂടേറിയ ചർച്ചകൾ ഇത്തരക്കാർക്ക് പ്രോത്സാഹനം നൽകിവന്നു. സിറിയയിലെ ഗവർണറായിരുന്ന മുആവിയ ഇക്കാര്യം ഖലീഫയെ അറിയിക്കുകയും അബൂദർറിനെ അദ്ദേഹത്തിന്റെ സ്ഥാനത്തിന് യോജിച്ച രീതിയിൽ മദീനയിലേക്ക് അയക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. മദീനയിൽ ഖലീഫ അബൂദർരിനെ സമുചിതം സ്വീകരിച്ചു. അബൂ ദർ മദീനയിൽ താമസിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ എല്ലാ ചെലവുകളും താൻ വഹിക്കുന്നതാണെന്ന് ഉസ്മാൻ (റ) വാഗ്ദാനം ചെയ്തു. പക്ഷേ അബൂദർ അദ്ദേഹത്തിന്റെ തീവ്രവാദപരമായ നിലപാട് കാരണം അതൊന്നും സ്വീകരിക്കാൻ കൂട്ടാക്കിയില്ല. അതിനുപകരം ഏകാന്ത വിജനമായ ഏതെങ്കിലും സ്ഥലത്ത് താമസിക്കാൻ അദ്ദേഹം ഖലീഫയോട് അനുവാദം ചോദിച്ചു. ഉസ്മാൻ (റ) അദ്ദേഹത്തോട് പ്രതിവചിച്ചു. ഈ നല്ല സ്ഥലത്തിനു പകരം മോശമായ സ്ഥലത്തേക്കാണോ താങ്കൾ പോകുന്നത്? ഇതിനുത്തരമായി അബൂദർ പറഞ്ഞു. "തിരുനബി (സ) മറ്റെവിടേക്കെങ്കിലും താമസം മാറ്റാൻ എന്നെ ഉപദേശിച്ചിട്ടുണ്ട്" എന്നായിരുന്നു. ഇത് കേട്ടപ്പോൾ ഉസ്മാൻ (റ) വളരെ വിമ്മിഷ്ടത്തോടെ റബ്സയിൽ പോയി താമസിക്കാൻ സമ്മതമരുളി. അദ്ദേഹത്തിന്റെ കൂടെ പോകാൻ രണ്ട് സേവകന്മാരെയും ധാരാളം ഒട്ടകങ്ങളും നൽകി.

ദുർഭരണം ആരോപിക്കപ്പെട്ട ഈജിപ്തിലെ ഗവർണറുടെ പ്രവർത്തനങ്ങളെ പറ്റി റിപ്പോർട്ട് ചെയ്യാൻ അമാർ ഇബ്നുയാസറിനെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം ആ ജോലി ചെയ്യുന്നതിന് പകരം ഇബ്നുസാബയുടെ പാർട്ടിയിൽ ചേർന്ന് പ്രവർത്തിക്കുകയാണുണ്ടായത്. അദ്ദേഹത്തിനെതിരെ പിന്നീട് അച്ചടക്ക നടപടി എടുക്കുകയല്ലാതെ നിവൃത്തിയില്ലായിരുന്നു.

അബ്ദുല്ലാ ഇബ്നു മസ്ഊദിന്ന് ഉസ്മാൻ (റ) സാമ്പത്തിക സഹായങ്ങളെല്ലാം നിർത്തി എന്നത് ശരിയാണ്. വിശുദ്ധ ഖുർആനിൽ കാലാകാലത്തേക്കുമായി തെറ്റുകൾ കടന്നുകൂടാതിരിക്കാൻ ഖലീഫ ഉസ്മാൻ (റ) ഖുർആന്റെ മാതൃകാ കോപ്പികൾ സാമ്രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിലേക്ക് സൂക്ഷിക്കാൻ അയക്കുകയുണ്ടായി. ഖലീഫയുടെ ഈ പ്രവർത്തനത്തിൽ തലയിട്ടുകൊണ്ട് അത് തടയാൻ അബ്ദുല്ലാ ഇബ്നു മസ്ഊദ് ശ്രമിക്കുകയുണ്ടായി. ഇക്കാരണത്താലാണ് അദ്ദേഹത്തിന് പൊതു ഖജനാവിൽ നിന്നുള്ള അലവൻസ് നിഷേധിക്കപ്പെട്ടത്.

### ഇസ്ലാമിക ശിക്ഷകൾ

ഇബ്നു സാബയുടെ നേതൃത്വത്തിലുള്ള കപട വിശ്വാസികളുടേയും കുഴപ്പക്കാരുടേയും ആറാമത്തെ ആരോ

പണം ഇസ്‌ലാമിക നിയമമനുസരി ച്ചുള്ള ശിക്ഷാസമ്പ്രദായങ്ങൾ നടപ്പി ലാക്കുന്നില്ല എന്നതായിരുന്നു. മദ്യ പാനത്തിലേർപ്പെട്ട കൂഫയിലെ ഗവർ ണറായിരുന്ന ഖാലിദ് ഇബ്നു അ ഖ്ബയെ ശിക്ഷിക്കുന്ന കാര്യത്തിലു ണ്ടായ കാലതാമസം ഇതിന് തെളി വായി അവർ പ്രചരിപ്പിച്ചു. ഇതിന്റെ സത്യാവസ്ഥ എന്തെന്നാൽ ഖാലിദ് ബ്നു അഖ്ബാക്കെതിരെ ഇത്തര മൊരു ആരോപണമുയർന്നപ്പോൾ വിശദീകരണം ബോധിപ്പിക്കാൻ ഉടൻ തന്നെ മദീനയിലേക്ക് വിളിപ്പിച്ചു. അദ്ദേഹം ആരോപണം നിഷേധിക്കു കയും അത് അദ്ദേഹത്തിന്റെ ശത്രുക്ക ളുടെ ഗൂഢാലോചനയാണെന്ന് മറുപടി നൽകുകയും ചെയ്തു. ഇതിനെ തുട ർന്ന് നിജസ്ഥിതി അറിയാൻ അന്വേ ഷണം ആവശ്യമായി വന്നു. അതാ യിരുന്നു കാലതാമസത്തിന് കാരണം. ആവശ്യമായ തെളിവുകൾ ലഭിച്ച പ്പോൾ ആരോപണ വിധേയമായ ആളെ തക്കതായ രീതിയിൽ ശിക്ഷി ക്കുക തന്നെ ചെയ്തു. ഖലീഫക്ക് നിയമവിരുദ്ധമായി ആരേയും ശിക്ഷി ക്കാനുള്ള അധികാരമില്ലായിരുന്നു. ഈ കേസിൽ അന്യായം കൊടുത്തവർ ഗവർണറെ ശിക്ഷിക്കാനാവശ്യമായ തെളിവുകൾ നൽകുകയുണ്ടായി. പിന്നീട് അവർ സമർപ്പിച്ച തെളിവുക ളെല്ലാം വ്യാജങ്ങളായിരുന്നുവെന്ന് തെളിയുകയുണ്ടായി.

ഈ കേസിന്റെ വിശദാംശങ്ങൾ ചരി ത്രത്തിന്റെ താളുകളിൽ രേഖപ്പെട്ടു കിടക്കുന്നു. അത് ഇവിടെ പ്രതിപാദി ക്കുന്നത് പ്രസക്തമാണെന്ന് തോന്നു ന്നു. ഗൂഢാലോചനക്കാരും കുഴപ്പ ക്കാരും രാജ്യത്ത് അരാജകത്വവും അസംതൃപ്തിയും സ്ഥാപിക്കാൻ കൊണ്ടുപിടിച്ചു ശ്രമിക്കുന്ന കാലമായി രുന്നു അത്. അവർ കൂഫയിലെ ഗവർണറായിരുന്ന ഖാലിദ്ബ്നു അഖ് ബയെ അപകീർത്തിപ്പെടുത്താൻ ഗൂഢാലോചന നെയ്തുണ്ടാക്കി. ചരി ത്രത്തിൽ രേഖപ്പെട്ടിട്ടുള്ള ഈ കേസി ന്റെ രേഖകൾ നമുക്ക് പരിശോധിക്കാം.

രാജ്യദ്രോഹികൾ കൂഫാ ഗവർണ റായിരുന്ന ഖാലിദ് ഇബ്നു അഖ്ബയെ നിഷ്കാസിതനാക്കാനുള്ള ഉപായങ്ങ ളൊരുക്കുകയായിരുന്നു. അവർ, ഗവർണറുടെ ബലഹീനതകൾ രഹ സ്യത്തിൽ നോക്കിപാർത്ത് റിപ്പോർട്ട് ചെയ്യാൻ ചില ചാരന്മാരെ ഏർപ്പാട് ചെയ്തു. അവരിലൊരാൾ പുതുതായി ക്രിസ്തുമതത്തിൽ നിന്നും ഇസ്‌ലാ മിൽ പ്രവേശിച്ച അബൂസുബൈറിനോ ടൊപ്പം ഗവർണർ മദ്യപിക്കുന്നത് കണ്ട തായി റിപ്പോർട്ട് ചെയ്തു. എന്നിട്ട് ആ അപവാദ പ്രചാരകന്മാർ ഗവർണർ ഒരു മുഴുത്ത മദ്യപാനിയാണെന്ന് നാട്ടിൽ പ്രചാരണമഴിച്ചുവിട്ടു.

ഇത് കേട്ടപാടെ ചില ക്ഷിപ്രകോ പികൾ വികാരം കൊണ്ടു ജനങ്ങൾ ഗവർണറുടെ വസതിയിലേക്ക് അതി ക്രമിച്ചു കടന്നു. വീട് മുഴുവൻ മദ്യം കഴിച്ചതിന്റെ തെളിവിനായി പരതി. എന്നാൽ അവർ പരാജിതരായി. ആരോ തങ്ങളെ കൊച്ചാക്കിയതാണെ ന്നും അവർക്ക് അബദ്ധം പിണഞ്ഞെ ന്നും മനസ്സിലായി. അപവാദ പ്രചാര കരെ അവർ താക്കീത് ചെയ്തു. ഖാലിദ് ഈ വിവരം തക്കസമയത്ത് ഖലീഫയെ അറിയിക്കാതിരുന്നത് വലിയ വിനയായി. ഗൂഢാലോചനക്കാ ർ അവരുടെ പദ്ധതികൾ വിജയിക്കാ ത്തതിൽ കുണ്ഠിതരായി. അവരുടെ ശ്രമം തുടർന്നു. അവർ ഗവർണറെ മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഖലീഫയുടെ അടുക്കലേക്ക് ഒരു പ്രതി നിധി സംഘത്തെ അയച്ചു. പക്ഷേ എന്തെങ്കിലും തെളിവുകളില്ലാതെ അദ്ദേഹത്തിനെതിരെ നടപടിയെടു ക്കാൻ ഖലീഫ വിസമ്മതിച്ചു. ഗൂഢാ ലോചനക്കാരുടെ നേതാവ് നിരാശ യോടെ കൂഫയിലേക്ക് മടങ്ങിവന്നു. അവരെല്ലാവരും കൂടി തെളിവിനായി ഗാഢമായ ചിന്തയിൽ മുഴുകി. അബൂ സൈനബും അബൂമുവറയും ഗവർണ റെ കുറ്റവാളിയാക്കാൻ തെളിവിനായി കൊണ്ടുപിടിച്ചു ശ്രമിച്ചു. അവർ ഇരു വരും ഗവർണറുടെ പ്രീതി സമ്പാദിച്ചു സ്നേഹിതന്മാരായി. അദ്ദേഹത്തിന്റെ വസതിയിൽ നിർബാധം കടന്നുചെ ല്ലലും പതിവായി. ഒരു ദിവസം ഗവർ ണർ തന്റെ ശയ്യാമുറിയിൽ ഉറങ്ങുക യായിരുന്നു. ഗൂഢാലോചനക്കാർക്ക് ഇത് പറ്റിയ അവസരമായിരുന്നു. അദ്ദേ ഹത്തിന്റെ കൈവിരലിൽ നിന്നും മോതിരം ഊരിയെടുത്ത് ഉടനെ തന്നെ മദീനയിലേക്ക് പുറപ്പെട്ടു. ഖലീഫ യുടെ മുമ്പിൽ മോതിരം ഹാജരാക്കി ക്കൊണ്ട് പറഞ്ഞു. ഗവർണർ മദ്യാസ ക്തിയിൽ മതിമറന്ന് മയങ്ങിക്കിടന്ന പ്പോൾ ഞങ്ങൾ ഊരിയെടുത്തതാണ് ഈ മോതിരമെന്ന് മൊഴി നൽകി. ഗവർണർ മദ്യപിക്കുന്നതായി യഥാർത്ഥത്തിൽ നിങ്ങൾ കണ്ടിരു ന്നുവോ എന്ന് ഖലീഫ അവരോട് തിര ക്കി. അവർ നിഷേധ സ്വരത്തിൽ തല യാട്ടി. പക്ഷേ ഞങ്ങൾ അദ്ദേഹം ഛർദ്ദിക്കുന്നതായി കണ്ടെന്നു പറ ഞ്ഞു. അതിന് തെളിവായി ഒരു മോതി രവും രണ്ട് ദൃക്സാക്ഷികളുമുണ്ടെന്ന് അവർ പറഞ്ഞു. ഖലീഫ ഉസ്മാൻ (റ) സഹാബികളുടെ ഒരു യോഗം വിളിച്ചു ഉപദേശം തേടി. ഈ കുറ്റത്തിന് സാ ധാരണ പോലെ ശിക്ഷ കൊടുക്കുക യല്ലാതെ മറ്റൊരു പ്രതിവിധിയുമില്ല' എന്നാണ് അവർ പറഞ്ഞത്. അനിഷേ ധ്യമായ തെളിവുകളുടെ പിൻബല ത്തോടെ ഉസ്മാൻ ശിക്ഷ വിധിച്ചു. പക്ഷേ വ്യാജ തെളിവുകൾ നൽകി നിരപരാധിയെ ശിക്ഷിച്ചതിന് തീർച്ച യായും ഗൂഢാലോചനക്കാർക്ക് അല്ലാ ഹുവിന്റെ പക്കൽ അതിനുള്ള ശിക്ഷ യും ഉണ്ട്.

## വാഗ്ദാന ലംഘനം

ഹസ്റത്ത് ഉസ്മാൻ (റ) നെതിരെ യുള്ള ഏഴാമത്തെ ആരോപണം അദ്ദേഹം ഈജിപ്തിലെ പ്രതിനിധി സംഘത്തിന് നൽകിയ വാഗ്ദാനം പാലിച്ചില്ല എന്നാണ്. ഈ ആരോ പണം തികച്ചും അടിസ്ഥാനരഹിതമാ ണ്. ഖലീഫയെ വധിക്കാനും നിഷ്കാ സിതനാക്കാനും വേണ്ടി രാജ്യദ്രോഹി കൾ കെട്ടിച്ചമച്ച വ്യാജാരോപണങ്ങളി ലൊന്നായിരുന്നു വാസ്തവത്തിൽ ഇതും. അവർ ഉസ്മാൻ (റ) ഈജി പ്തിലെ ഗവർണർക്ക് എഴുതുന്നതു പോലെയുള്ള ഒരു കത്ത് പടച്ചുണ്ടാ ക്കി. ഈ കൃത്രിമ കത്തിൽ ഈജിപ്തി ലെത്തുന്ന എല്ലാ പ്രതിനിധി സംഘ ത്തേയും വാളിന്നിരയാക്കണം എന്ന

കല്പനയായിരുന്നു നൽകിയത്.

ഗൂഢാലോചനക്കാർ അവസാനമായി തീരുമാനിച്ചത് ഹജ്ജിന് ബസറ, കൂഫ, ഈജ്പിത്, മുതലായ ദേശങ്ങളിൽ നിന്നും ആളുകളെ സംഘം സംഘങ്ങളായി എത്തിച്ചുകൊണ്ട് മദീനയിൽ വെച്ച് അവരുടെ ആവശ്യങ്ങൾ ഖലീഫയെക്കൊണ്ട് അംഗീകരിപ്പിക്കാൻ വേണ്ടി ഒരു പദ്ധതിയുണ്ടാക്കുക എന്നതായിരുന്നു. മദീന നഗരത്തിൽ നിന്നും രണ്ട് മൈൽ അകലെ അവരുടെ ക്യാമ്പ് ഉണ്ടാക്കി. ഗൂഢാലോചനക്കാരുടെ നേതാക്കന്മാർ തൽഹ (റ), സുബൈർ, സഅദ്ബ്നു അലി വഖാസ് അലി എന്നീ പ്രമുഖ സഹാബീ വ്യക്തിത്വങ്ങളോടു തങ്ങൾ ദുർഭരണം മൂലം ഉസ്മാനെ നിഷ്കാസിതാനാക്കാൻ വേണ്ടി മദീനയിൽ വന്നിരിക്കയാണെന്ന് പറഞ്ഞു. സമുന്നതരായ ഈ വ്യക്തികളോട് വലിയ ഉദ്യോഗങ്ങൾ വഹിക്കാൻ തയ്യാറായിരുന്നു കൊള്ളുക എന്ന് അറിയിച്ചു. പക്ഷേ ഈ സഹാബിമാരെല്ലാം അവരുടെ ആവശ്യങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ചു. നിരാശരായ കുഴപ്പക്കാർ തങ്ങളുടെ ക്യാമ്പുകളിലേക്ക് മടങ്ങുകയാണുണ്ടായത്.

### വ്യാജ കത്ത്

തീർച്ചയായും ഉസ്മാ (റ) ന് എന്തെങ്കിലും തെറ്റുകൾ പറ്റിയപ്പോഴെല്ലാം അത് തിരുത്താൻ അദ്ദേഹം സന്നദ്ധനായിരുന്നു. ജനങ്ങളിലുള്ള എല്ലാ തെറ്റിദ്ധാരണയും നീക്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനുമായിരുന്നു. രാജ്യദ്രോഹികൾ മദീനയിൽ എത്തി എന്നറിഞ്ഞപ്പോൾ അതിനെപ്പറ്റി അന്വേഷിക്കാൻ അദ്ദേഹം അലി (റ) യെ ചുമതലപ്പെടുത്തി. അവരുടെ എല്ലാ നീതിപൂർണമായ ആവശ്യങ്ങളും ആവലാതികളും അംഗീകരിക്കുന്നതാണെന്നും പരിഹാരമുണ്ടാകുന്നതാണെന്നും അവരോട് പറയാൻ ഖലീഫ ഉസ്മാൻ (റ) അലി (റ) ക്ക് ഉറപ്പ് നൽകി. കുഴപ്പക്കാരുടെ ആവശ്യങ്ങൾ ഒട്ടനവധി ഉയർന്ന ഉദ്യോഗസ്ഥന്മാരെ മാറ്റണമെന്നായിരുന്നു. അവരുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് അബ്ദുല്ലാ ഇബ്നു അബീസാറക്ക് പകരമായി മുഹമ്മദ്ബ്നു അബൂബക്കറിനെ നിയമിച്ചു. കലാപകാരികൾ തൃപ്തരായി മടങ്ങി. കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് അവർ മദീനയിലേക്ക് വീണ്ടും മടങ്ങി വന്നു. നഗരത്തിൽ ക്യാമ്പ് ചെയ്തു. അവർ പെട്ടെന്ന് മടങ്ങിവന്നതിന്റെ കാരണം അലി (റ) തിരക്കി. തങ്ങൾ ഈജിപ്തിലേക്കു മടങ്ങുന്ന വഴിക്ക് ഒരു പടയാളി വളരെ സംശയകരമായ രീതിയിൽ തങ്ങളോടു പെരുമാറുകയുണ്ടായി. അയാളെ പിടികൂടി പരിശോധിച്ചു നോക്കിയപ്പോൾ ഖലീഫ ഈജിപ്ഷ്യൻ ഗവർണർക്ക് എഴുതിയ ഒരു കത്ത് അയാളിൽ നിന്നും ഞങ്ങൾക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞു. അതിൽ തങ്ങളിൽപ്പെട്ട പലരുടെയും തലയെടുക്കണമെന്നും ചിലരുടെ താടി ക്ഷൗരം ചെയ്ത് നീക്കാനും ചിലരെ ചാട്ടവാറ് കൊണ്ട് അടിക്കാനും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവെന്ന് പറഞ്ഞു. ഈജ്പിഷ്യൻ ഗവർണറെ നീക്കിയതായ കല്പന പുറപ്പെടുവിച്ചതിനാൽ ഈ കത്തിലെ കല്പനകളും റദ്ദാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. കത്ത് വാസ്തവത്തിൽ കൃത്രിമമായിരുന്നു.

അലി (റ) യും അദ്ദേഹത്തെ അനുഗമിച്ചിരുന്ന മരുമകൻ മുസ്‌ലിമും ഈ കഥ വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അവരോട് മൂന്ന് സംഘങ്ങളായി മൂന്ന് വഴിക്ക് ഈജിപ്തിലേക്ക് തന്നെ മടങ്ങിപ്പോകാൻ അലി (റ) നിർദ്ദേശിച്ചു. ഈജിപ്തിലേക്ക് പോകുന്ന ഏകനായ ഒരു ഭടനെ എങ്ങനെ നിങ്ങൾ കണ്ടുമുട്ടിയെന്ന് അലി (റ) അവരോട് ചോദിച്ചു. അലി (റ) ഈ റിപ്പോർട്ടുമായി ഖലീഫയുടെ അടുത്തെത്തി. ഖലീഫ സഹാബിമാരുമായി ആലോചിച്ച് ഒരു യോഗം വിളിച്ചു ചേർത്തു അതിൽ കലാപകാരി നേതാക്കന്മാരും ഉണ്ടായിരുന്നു. ഈ വലിയ ആൾക്കൂട്ടത്തിന് മുമ്പാകെ ഖലീഫ ഉസ്മാൻ (റ) ആ കത്ത് ഞാൻ നൽകിയതല്ല എന്ന് ആണയിട്ടു പറഞ്ഞു. സഹാബിമാരെല്ലാം ഏകകണ്ഠമായി ഉസ്മാൻ (റ) പറഞ്ഞത് സത്യമാണെന്ന് അംഗീകരിച്ചു. പക്ഷേ കലാപകാരികൾ ഈ വിശദീരണങ്ങളൊന്നും അംഗീകരിച്ചില്ല. ലജ്ജയില്ലാതെ അവർ തന്നെ കൃത്രിമമായി പടച്ച ഈ കത്ത് ഉസ് മാൻ (റ) എഴുതിയതാണെന്ന് ഉറപ്പിച്ചു പറഞ്ഞ് കുപ്രചാരണം ആരംഭിച്ചു.

വിശ്വപ്രസിദ്ധ പണ്ഡിതനായ ഖാസി അബൂബക്കർ ഇബ്നു അറബിയുടെ സുപ്രസിദ്ധമായ 'അൽവാസിം മിൻ അൽഖവാസിം' എന്ന പുസ്തകത്തിൽ ഈ കൃത്രിമ കത്തിനെ ചൊല്ലിയുള്ള ദുരാരോപണങ്ങളിൽ നിന്നും ഉസ്മാൻ (റ) തികച്ചും നിരപരാധിയാണെന്ന് നിരവധി തെളിവുകൾ നിരത്തി അനിഷേധ്യമാം വിധം തെളിയിച്ചിട്ടുണ്ട്.

### കലാപകാരികളുടെ ജുഗുപ്സാവഹമായ നിലപാട്

കലാപകാരികൾ ഉസ്മാനെ (റ) വധിക്കാൻ നിശ്ചയിച്ചുറച്ചിരുന്നു. അവർ അദ്ദേഹത്തിന്റെ വസതി വളഞ്ഞു. ഖലീഫ തിരുമനസ്സിന്റെ വിശ്വസ്ത സുഹൃത്തുക്കൾ അദ്ദേഹത്തെ സംരക്ഷിക്കാൻ ചുറ്റും നിന്നു. ഈ പ്രശ്നത്തിന്റെ പേരിൽ ഒരു തുള്ളി രക്തം പോലും ചിന്തരുതെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഉസ്മാൻ (റ) അവരോട് വീടുകളിലേക്ക് മടങ്ങുവാൻ ആജ്ഞാപിച്ചു. പിന്നീട് തെമ്മാടികളായ കലാപകാരികൽ ഉസ്മാന്റെ (റ) വീട്ടിലേക്കുള്ള ജലവിതരണം നിർത്തിക്കളഞ്ഞു. അലി (റ) അപ്പോൾ ചില സഹാബിമാരുമായി അവിടെയെത്തി അവരോടു ഈ അതിക്രമം നിർത്തണമെന്ന് ആജ്ഞാപിച്ചു. കലാപകാരികൾ വളരെ പുച്ഛത്തോടെ പെരുമാറുകയും ചെയ്തു. സംഗതികൾ ഗുരുതരാവസ്ഥയിലേക്ക് നീങ്ങുന്നത് കണ്ടപ്പോൾ സുബൈർ (റ) സൈദ്ബ്നു താബിത് (റ) എന്നിവർ ഖലീഫയുടെ ജീവൻ സംരക്ഷിക്കാൻ തങ്ങളെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സന്ദേശമയച്ചു. പക്ഷേ അപ്പോഴും ഉസ്മാൻ (റ) ഒരു തുള്ളിരക്തം പോലും ഇതിന്റെ പേരിൽ ചിന്തരുതെന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഒരു സന്ദേശം കൊടുത്തയച്ചു. "ഈ സന്ദർഭത്തിൽ വാൾപിടിയിൽ നിന്നും കൈ അകറ്റി നിർത്തുന്നവനാണ്

എന്റെ ഏറ്റവും വലിയ സുഹൃത്ത്" എന്നായിരുന്നു ആ സന്ദേശത്തിന്റെ ഉള്ളടക്കം.

## അബ്ദുല്ലാ ഇബ്നു സലാമിന്റെ ഇടപെടൽ

ഈ സന്ദർഭത്തിൽ റസൂൽ തിരുമേനി (സ) യുടെ ഒരു പ്രമുഖ സഹാബി ഉസ്മാ (റ) ന് സഹായങ്ങൾ വാഗ്ദാനം ചെയ്ത് കൊണ്ടു മുന്നോട്ടുവന്നു. മുമ്പ് യഹൂദനും സമുന്നത പണ്ഡിതനുമായിരുന്ന അദ്ദേഹം വേദഗ്രന്ഥങ്ങൾ സൂക്ഷ്മമായി പഠിച്ചുകൊണ്ടാണ് മദീനയിൽ വെച്ച് റസൂൽ തിരുമേനി (സ) ക്ക് മുമ്പാകെ ഇസ്ലാം മതം സ്വീകരിച്ചത്. റസൂൽ തിരുമേനി (സ) അദ്ദേഹത്തിന് അബ്ദുല്ലാ ഇബ്നു സലാം (റ) എന്ന് ഇസ്ലാമിക രീതിയിൽ നാമകരണം ചെയ്തു. വിശുദ്ധഖുർആനിൽ പ്രതിപാദിക്കപ്പെട്ട വ്യക്തി എന്ന നിലക്ക് അദ്ദേഹത്തിന് ഇസ്ലാമിൽ അസൂയാവഹമായ ഒരു സ്ഥാനമുണ്ടായിരുന്നു.

കലാപകാരികൾ ഖലീഫാ ഉസ്മാ (റ)ന്റെ വസതി വളഞ്ഞപ്പോൾ സംരക്ഷകനായി നിൽക്കാൻ ഹസ്റത്ത് അബ്ദുല്ലാ ഇബ്നു സലാമും (റ) രംഗത്ത് വന്നു. കലാപകാരികളുടെ അടുക്കൽ പോയി അവരോട് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാനാണ് ഉസ്മാൻ (റ) അദ്ദേഹത്തോട് നിർദ്ദേശിച്ചത്. വമ്പിച്ച ത്യാഗം വഹിച്ച് അബ്ദുല്ലാഇബ്നു സലാം ഗൂഢാലോചനക്കാരുടെ അരികിലേക്ക് പോയി. അവരുടെ ഹീനമായ ശ്രമങ്ങളിൽ നിന്നും പിന്തിരിയാൻ അദ്ദേഹം തന്നെക്കൊണ്ട് കഴിയുന്ന വിധം ഉപദേശിച്ചു. പക്ഷെ എല്ലാ ഉപദേശങ്ങളും ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. കലാപകാരികൾ അവരുടെ ആവശ്യങ്ങളിൽ ഉറച്ചുനിന്നു. റസൂൽ തിരുമേനി (സ) പോലും ആദരം ചൊരിഞ്ഞ തന്റെ ദിവ്യ വ്യക്തിത്വത്തെ സംബന്ധിച്ച് അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു. വിശുദ്ധഖുർആനിൽ തന്നെപറ്റി ആത്മീയമായ അനുഗ്രഹങ്ങളോടെ പരാമർശിക്കപ്പെട്ട വചനം അദ്ദേഹം അവരെ ഓതിക്കേൾപ്പിക്കുകയും ചെയ്തു.

"ഇസ്രായിൽ സന്തതികളിൽ നിന്നുള്ള ഒരു വ്യക്തി തനിക്ക് സദൃശനായ ഒരാളുടെ വരവിനെ സംബന്ധിച്ച് സാക്ഷി പറയുകയും അങ്ങിനെ അദ്ദേഹം വിശ്വസിക്കുകയും ചെയ്തു." (46:11)

അവസാന ശ്രമം എന്ന നിലക്ക് അബ്ദുല്ലാഹിബ്നു സലാം അവരോട് താക്കീതായി ഇങ്ങനെ പറഞ്ഞു!

"നിങ്ങൾ എന്റെ വാക്കുകൾ ശ്രവിക്കുക. അല്ലാഹുവിന്റെ വാൾ ഉറയിൽ നിന്ന് ഊരിയ നിലയിൽ തന്നെയാണ്. സ്വർഗ്ഗീയ ലോകത്തെ മാലാഖമാർ തിരുപ്രവാചകന്റെ ഈ വിശുദ്ധ പട്ടണത്തെ അവരുടെ വാസ സ്ഥലം ആക്കിയിരിക്കുന്നു. ദൈവത്തെ ഭയപ്പെടുക. ഉസ്മാന് എതിരെയുള്ള ഹൃദയകാഠിന്യം നിങ്ങൾ ഉപേക്ഷിക്കുക. നിങ്ങൾ അദ്ദേഹത്തിന്റെ ജീവൻ എടുക്കുവാൻ തുനിയുകയാണെങ്കിൽ ഓർക്കുക! അല്ലാഹുവിന്റെ മലക്കുകൾ ഈ പട്ടണം ഉപേക്ഷിച്ചു പോകുകയും അല്ലാഹുവിന്റെ വാൾ അന്ത്യകാലം വരെ ഈ പട്ടണത്തിനു നേരെ ഊരിപ്പിടിച്ചുനിൽക്കുകയും ചെയ്യും"

പക്ഷെ ശിലാഹൃദയരായ കലാപകാരികളിൽ ഈ വിലാപങ്ങളും താക്കീതുകളും വിലപ്പോയില്ല. മാത്രമല്ല അവരുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "ഉസ്മാനോടൊപ്പം ഈ യഹൂദനേയും വധിക്കുവാൻ ഞങ്ങളെ അനുവദിക്കുക".

ഇസ്ലാമിനു വേണ്ടി താൻ ചെയ്ത നിരവധി സേവനങ്ങൾ അനുസ്മരിച്ചുകൊണ്ട് തന്റെ മേൽ ആരോപിതമായ കുറ്റങ്ങളിൽ തനിക്കുള്ള നിരപരാധിത്വം വിവരിച്ചുകൊണ്ട് വീണ്ടും വീണ്ടും അദ്ദേഹം കലാപത്തിന് നേതൃത്വം നൽകിയവരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ ആ മഹാനുഭാവന്റെ എല്ലാ ശ്രമങ്ങളും നിഷ്ഫലമായി കലാശിച്ചു. അവസാനമായി അദ്ദേഹം കലാപകാരികളോട് പറഞ്ഞു: "നിങ്ങൾ എന്നെ വധിക്കുകയാണെങ്കിൽ ഓർത്തുകൊള്ളുക, മുസ്ലിംകൾ ഒരു കാലവും അവരുടെ പ്രാർത്ഥനകളിലോ ശത്രുക്കൾക്കെതിരെയുള്ള യുദ്ധത്തിലോ വിജയം നേടില്ല" അത്ഭുതകരം ആ മഹദ് വചനങ്ങൾ എത്ര സത്യസന്ധമായിട്ടാണ് ഇവിടെ പുലർന്നത്.

## ഹസ്റത്ത് ഉസ്മാ (റ) ന്റെ രക്തസാക്ഷിത്വം

ഖലീഫക്ക് പുറമെ നിന്നും സഹായങ്ങൾ ലഭിക്കുമെന്ന് കലാപകാരികൾ ഭയന്നു. ഇതു കാരണത്താൽ അവരുടെ അതിനീചമായഗൂഢാലോചന പ്രാവർത്തികമാക്കാനാണ് ആ കശ്മലന്മാർ പിന്നീട് ശ്രമിച്ചത്. അലി (റ) ആയോധനകലയിൽ നിപുണന്മാരായ തന്റെ രണ്ടു പുത്രന്മാരെ ഹസ്റത്ത് ഉസ്മാ (റ) ന്റെ വസതിയുടെ മുഖ്യകവാടത്തിൽ കാവലിനായി നിയോഗിച്ചു. അവർ ഖലീഫയുടെ വസതിയിലേക്കുള്ള നട അടക്കുകയും അകത്ത് കാവൽ നിൽക്കുകയും ചെയ്തു. പക്ഷെ കലാപകാരികൾ മുഖ്യകവാടത്തിൽ അഗ്നി കൊളുത്തുകയും അകത്തേക്ക് തള്ളിക്കയറുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഹ: ഉസ്മാൻ (റ) പ്രശാന്ത ചിത്തനായി വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ട് അകത്തെ ഒരു മുറിയിൽ ഇരിക്കുകയായിരുന്നു. കലാപകാരികളുടെ നേതാവ് മുഹമ്മദ്ബ്നു അബൂബക്കർ മുറിയിലേക്കു കടന്നുവന്നു ആ പുണ്യാത്മാവിന്റെ താടിയിൽ കയറിപ്പിടിച്ചു. വിനയശീലനായ ആ മഹാത്മാവ് ഈ ഘോര പ്രവൃത്തിയോട് പ്രതികരിച്ചുകൊണ്ടു പറഞ്ഞു. "താങ്കളുടെ പിതാവ് ഇന്ന് ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ താങ്കളുടെ ഈ പ്രവൃത്തികണ്ടാൽ അദ്ദേഹത്തിന്റെ അവസ്ഥ എന്തായിരിക്കുമായിരുന്നു!"

മുഹമ്മദ്ബ്നു അബൂബക്കർ ഇത് കേട്ടപ്പോൾ നിശ്ചേതനനായി. അദ്ദേഹത്തിന് താൻ ചെയ്ത വിഡ്ഢിത്തം ബോദ്ധ്യപ്പെട്ടു. കാൽ പാദം പിന്നോട്ടു വെച്ച് പിൻവാങ്ങി. പക്ഷേ പിന്നിൽ നിന്നും രണ്ട് പേർ മുന്നോട്ട് വന്ന് വൃദ്ധനായ ഖലീഫയെ വാളുകൊണ്ട് ആഞ്ഞുവെട്ടി. ഉസ്മാ (റ) ന്റെ ധർമ്മപത്നി അയേല തന്റെ കൈകൊണ്ട് പ്രാണനാഥന്ന് നേരെ ആഞ്ഞുവന്ന

ഖഡ്ഗം തടുത്തു അവരുടെ കൈകളിലെ മൂന്ന് വിരലുകൾ ഛേദിച്ചുകൊണ്ട് ആ ദുർഭഗൻ ചുഴറ്റിയ വാൾ മഹാനായ ആ പുണ്യാത്മാവിന്റെ ശരീരത്തിൽ പതിച്ചു. ആ പരിശുദ്ധമേനിയിൽ നിന്ന് ചുടുരക്തം പവിത്രമായ ഖുർആന്റെ താളുകളിലേക്ക് ഉറ്റി വീണു. അവിടെ ഖുർആനിലെ ഈ പരിശുദ്ധ വചനം ഉണ്ടായിരുന്നു.

അങ്ങിനെ നിങ്ങൾ വിശ്വസിച്ചതു പോലുള്ളതിൽ (ഈ അദ്ധ്യാപനത്തിൽ) അവർ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ നേർമാർഗ്ഗം പ്രാപിച്ചവരായി. ഇനി അവർ പിന്തിരിയുന്നുവെങ്കിൽ നിശ്ചയമായും അവർ ഭിന്നിപ്പിൽ തന്നെയാകുന്നു. അപ്പോൾ അവരിൽ നിന്ന് (അവരുടെ ഉപദ്രവത്തിൽ നിന്ന്) സംരക്ഷണം നൽകുന്നതിന് നിശ്ചയമായും അല്ലാഹു നിനക്ക് മതിയാകും. അവൻ നല്ലവണ്ണം കേൾക്കുന്നവനും എല്ലാം അറിയുന്നവനും ആകുന്നു. (2:138)

### ദു:ഖകരമായ അദ്ധ്യായം

ഇസ്ലാം മതചരിത്രത്തിലെ കണ്ണീരിൽ കുതിർന്ന ഏറ്റവും ദു:ഖകരമായ അദ്ധ്യായമാണ് ഉസ്മാ (റ) ന്റെ വധം. ഈ ദുരന്തം ഇസ്ലാമിന്റെ അടിസ്ഥാന ശിലയെപോലും പിടിച്ചുകുലുക്കി. മുസ്ലിം സാഹോദര്യത്തിനും കെട്ടുറപ്പിനും കാലാകാലത്തേക്ക് ശൈഥില്യം സംഭവിച്ചു. രക്തസാക്ഷിത്വത്തിന് അല്പം മുമ്പ് ഹസ്റത്ത് ഉസ്മാ (റ) ന്റെ പുണ്യവക്ത്രത്തിൽ നിന്നും പുറപ്പെട്ട ആ പ്രവചനങ്ങൾ അക്ഷരാർത്ഥത്തിൽ ശരിയായിരുന്നുവെന്ന് ചരിത്രം തെളിയിച്ചു.

'അല്ലാഹുവാണേ സത്യം നിങ്ങൾ എന്നെ വധിക്കുകയാണെങ്കിൽ അന്ത്യനാൾ വരെ മുസ്ലിംകൾ പ്രാർത്ഥനയിൽ ഐക്യപ്പെടുകയില്ല.' അന്നു മുതൽ മുസ്ലിംകൾ ഗോത്രീയമായും സാമുദായികവുമായ പക്ഷപാതിത്വങ്ങൾ മൂലം വിഭാഗങ്ങളും കക്ഷികളുമായി വിഘടിച്ചുനിന്നു. കുഴപ്പക്കാരായ കലാപകാരികൾ അത്തരത്തിലുള്ള വിദ്വേഷവും ശത്രുതയും വിഘടനവാദവുമായിരുന്നു പ്രചരിപ്പിച്ചിരുന്നത്. മുസ്ലിം സഹോദരന്റെ കരവാൾ മുസ്ലിം സഹോദരന് നേരെ തന്നെ നിർബാധം ചലിക്കാൻ തുടങ്ങി. ഷിയ, സുന്നി, ഖവാരിജുകൾ, ഉസ്മാനികൾ മുതലായ കക്ഷികൾ അന്നു മുതൽ പരസ്പരം വേറിട്ടുനിന്നു. സ്വാഭാവികമായും ഈ ഘോരാപരാധങ്ങളുടെയും പരസ്പര വിദ്വേഷത്തിന്റെയും പരിണത ഫലമായി മുസ്ലിം മുന്നേറ്റങ്ങളും ജൈത്രയാത്രകളും നിശ്ചലമായി. ആഭ്യന്തര യുദ്ധങ്ങളും പരസ്പര രക്തച്ചൊരിച്ചിലുകളും മുസ്ലിംകളെ ക്ഷയിപ്പിച്ചു. മുസ്ലിം നാമം കേട്ട് ഭയനമ്രങ്ങളായി നിന്ന അമുസ്ലിം രാജ്യങ്ങൾ തലപൊക്കിക്കൊണ്ട് മുസ്ലിം മേധാവിത്വത്തെ ചോദ്യം ചെയ്തു തുടങ്ങി.

തിരുനബി (സ) യുടെ പരിശുദ്ധനും സാത്വികനുമായ ഈ ഖലീഫക്കുമേൽ അല്ലാഹുവിന്റെ അനന്തകോടി അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. (ആമീൻ) പരിശുദ്ധരിൽ പരിശുദ്ധനും പുണ്യവാനുമായ തന്റെ യജമാനൻ റസൂൽ തിരുമേനി (സ) യുടെ ഉപദേശങ്ങൾ പാലിച്ചുകൊണ്ട് ഖിലാഫത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാൻ ആ ധീരനായനേതാവ് ജീവൻ പോലും ബലി നൽകി രക്തസാക്ഷിത്വം വരിച്ചു. യജമാനനായ റസൂൽ തിരുമേനി (സ)യുടെ ഉപദേശം ഇപ്രകാരമായിരുന്നു. "അല്ലാഹു താങ്കൾക്ക് ഒരു തിരുവസ്ത്രം സമ്മാനിച്ചിരിക്കുന്നു. ജനങ്ങൾ താങ്കളിൽ നിന്ന് അത് തട്ടിപ്പറിക്കാൻ നോക്കും. പക്ഷെ ശ്രദ്ധിക്കുക, അത് തട്ടിപ്പറിക്കാൻ താങ്കൾ ഒരിക്കലും അവരെ അനുവദിക്കരുത്" ❍

*(അടുത്ത ലക്കത്തിൽ ഹസ്റത്ത് അലി (റ) ക്കെതിരായ ഗൂഢാലോചന)*

*വിവ :*

*(22-ാം പേജിൽ നിന്ന് തുടർച്ച)*

(അന്നഹ്ൽ 19) പക്ഷെ ഈ അനുഗ്രഹങ്ങളെല്ലാം അനുഗ്രഹങ്ങളാകുന്നത് അവ വേണ്ട രീതിയിൽ ഉപയോഗിക്കുമ്പോൾ മാത്രമാണ്. അല്ലാഹു സൃഷ്ടിച്ച ആത്മാവിനെ പേറുന്നവരെന്ന സവിശേഷ ചൈതന്യം ഉൾകൊള്ളുന്ന നാം സ്വന്തം പദവികളുടെയും, ബാധ്യതകളുടെയും, ധർമ്മങ്ങളുടെയും പേരിൽ അല്ലാഹുവിന് മുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടതുണ്ട്. ഇന്നത്തെ മനുഷ്യൻ ഭൗതികതയുടെ പ്രളയത്തിൽപെട്ട് സ്നേഹവും, ആത്മാർത്ഥതയും, മനുഷ്യത്വവുമെല്ലാം നഷ്ടപെട്ടവനായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇതിനൊക്കെ കാരണം ദൈവവുമായി മനുഷ്യന്റെ ബന്ധമില്ലായ്മയും, മതത്തിൽ നിന്നുള്ള അവന്റെ അകൽച്ചയുമാണ്. ദൈവഭയം മനുഷ്യനെ തിന്മകളിൽ നിന്ന് രക്ഷിക്കുന്നു. അവനോടുള്ള സ്നേഹം നന്മയുടെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ❍

## ഫാത്തിമ(റ)യുടെ വേദന

അനസ്(റ) യിൽ നിന്ന് നിവേദനം. തിരുമേനി(സ)ക്ക് രോഗം മൂർച്ചിച്ചപ്പോൾ ഇടയ്ക്കിടെ ബോധക്ഷയം ഉണ്ടായിട്ടുണ്ട്. അന്നേരം ഫാത്തിമ(റ) പറഞ്ഞു: ''എന്റെ പിതാവിന്റെ കഷ്ടപ്പാടെ" ഇത്കേട്ട് തിരുമേനി അവരോട് അരുളി : "ഇന്നത്തേതിന്ശേഷം നിന്റെ പിതാവിന് കഷ്ടപാടൊന്നും ഉണ്ടാവില്ല."

*- (ബുഖാരി)*

## നോമ്പിന്റെ ബാധ്യത

നോമ്പ് പിടിച്ച് വീട്ടാനുള്ള ബാധ്യത അവശേഷിപ്പിച്ചിരിക്കുന്ന ഘട്ടത്തിൽ വല്ലവനും മരണമടഞ്ഞാൽ ആ നോമ്പ് അവന്റെ ബന്ധുക്കൾ അവന്റെ പേരിൽ പിടിച്ചു വീട്ടേണ്ടതാണ്.

***- മുഹമ്മദ് നബി (ബുഖാരി)***

# പ്രത്യുൽപന്നമതിയായ ഖലീഫ

ഇയാൻ ആഡംസൺ

## ഖലീഫത്തുൽ മസീഹ് IVാമന്റെ പ്രായോഗിക ബുദ്ധിയിലധിഷ്ഠിതമായ ജീവിത വീക്ഷണം നിഷേധാത്മകമായിരുന്നില്ല

രണ്ടാമത്തെ ഖലീഫയുടെ ഖിലാഫത്ത് കണിശമായ സദാചാര നിഷ്ഠയുള്ളതായിരുന്നു. പുതിയ ഖലീഫയുടെ ഉപദേശകരിൽ ചിലർ രണ്ടാം ഖലീഫയുടെ നേതൃത്വത്തിൻ കീഴിൽ വളർത്തപ്പെട്ടത് കൊണ്ട് കൂടുതൽ അച്ചടക്കത്തിലേക്കും ലളിതമായ ജീവിതത്തിലേക്കും മടങ്ങണമെന്ന അഭിപ്രായക്കാരായിരുന്നു. സുഖസൗകര്യങ്ങൾക്ക് വേണ്ടി ആളുകൾ കൂടുതൽ സമയവും ധനവും ചില വഴിക്കുന്നുണ്ടെന്നും ഇപ്പോൾ ജമാഅത്തിൽ കൂടുതൽ സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു. യുവാക്കളെ മാത്രമല്ല എല്ലാ പ്രായക്കാരായ അഹ്മദികളേയും വഴി തെറ്റിക്കുന്ന രംഗമാണ് സിനിമയും ടെലിവിഷനും എന്നാണ് ഇവരുടെ അഭിപ്രായം. മഹാസാത്വികനായ സഫറുല്ലാഖാൻ, താഹിർ അഹ്മദ് ഖലീഫ യാകുന്നതിന് മുമ്പ് ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ ഡിന്നറിന്ന് ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന ഒരു ടെലിവിഷൻ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടു. അക്കാര്യത്തിലുള്ള തന്റെ അതൃപ്തി പരസ്യമായി പ്രകടിപ്പിക്കുകയുണ്ടായി.

''ഞാനെന്താണിക്കാണുന്നത്?'' അദ്ദേഹം ശബ്ദമുയർത്തി ചോദിച്ചു.

"താങ്കൾ എല്ലാ നിഷ്ഠകളും ഉപേക്ഷിച്ച് ഇത്തരം നിഷ്പ്രയോജനമായ കാര്യങ്ങളുടെ പിന്നാലെ പോകുകയാണോ?"

താനിപ്രകാരം മറുപടി പറഞ്ഞതായി ഖലീഫ ഓർത്തു "ഞാനെന്റെ സദാചാരനിഷ്ഠ ഉപേക്ഷിച്ചിട്ടില്ല. പക്ഷെ ഞാൻ താങ്കളുടെ അതേ വീക്ഷണമല്ല കൈക്കൊണ്ടിരിക്കുന്നത്. എന്റെ മനോഭാവം വ്യത്യസ്തമാണ്. നിരുത്സാഹപ്പെടുത്തപ്പെടേണ്ട ചില പരിപാടികളുണ്ടെങ്കിലും ടെലിവിഷൻ പറ്റെ വർജ്ജിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നില്ല."

"ഇത് പൂർണ്ണമായും പാടില്ലെന്ന് ഒരാൾ പറയുകയും അത്രതന്നെ കാർക്കശ്യം കൈക്കൊള്ളാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ എന്താണ് സംഭവിക്കുക?

"യുവത്വത്തിന്റെ സ്വാഭാവികമായ പ്രവണതകൾക്കെതിരിലുള്ള ഒരു പോരാട്ടമാവില്ലേ അത്? എന്റെ വീട്ടിലെ കുട്ടികൾ ടെലിവിഷൻ കാണുന്നത് ഞാൻ തടയുകയാണെങ്കിൽ ഒരു പക്ഷെ അവർ അയൽപക്കത്തുള്ള വീട്ടിലേക്ക് പോകും. അത് കാപട്യ പൂർവ്വം പ്രവർത്തിക്കാൻ അവർക്കനുമതി നൽകലുമാവും. അവർ കാര്യങ്ങൾ എന്നിൽ നിന്ന് ഗോപ്യമാക്കി വെച്ച് അവ ആസ്വദിക്കുകയും ചെയ്യും. വളരെ അപകടകരമായ വഴിയാണത്. കാരണം അത് മറ്റു പലതിലേക്കും അവരെനയിക്കും!

"അവർ എന്റെ വീട്ടിൽ വെച്ച് ടെലിവിഷൻ കാണുന്നതാണ് ഞാനിഷ്ടപ്പെടുന്നത്. അത് മുഖേന അവർക്കാവശ്യമായ മാർഗ്ഗദർശനം നൽകാൻ എനിക്ക് സാധിക്കുമെന്ന് മാത്രമല്ല എന്നെ അവർക്കു ഉപയോഗപ്പെടുത്തുകയും ചെയ്യാം. അതിനാൽ ഞാനവരുടെ കൂടെയിരുന്ന് നാടകങ്ങളും ചിത്രങ്ങളും കാണുന്നു. നാം കാണാൻ പാടില്ലാത്ത ദൃശ്യങ്ങളും ഉണ്ടാവുമെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അവയെക്കുറിച്ച് ഞാൻ അവരെ മനസ്സിലാക്കുന്നു. കുറച്ചു കാലം കഴിഞ്ഞപ്പോൾ അവർക്കെന്റെ മനോഗതി മനസ്സിലാക്കാൻസാധിച്ചു. ചിലകാര്യങ്ങളുടെ പൊള്ളത്തരം അവർക്ക് മനസ്സിലായി. അങ്ങനെ അതിനോടുള്ള താൽപര്യം ഉപേക്ഷിച്ചു. എന്റെ വിശ്വാസങ്ങളുടെ സദാചാരനിഷ്ഠാപരമായ കാര്യങ്ങൾക്ക് അവർ എതിരായില്ല."

തന്റെ കുടുംബത്തിന് ഖലീഫ എങ്ങനെയാണ് ശിക്ഷണം നൽകുന്നതെന്ന് സഫറുല്ലാഖാന് മനസ്സിലായെന്ന് അദ്ദേഹം പറഞ്ഞു.

"അത് മുഖേന അദ്ദേഹം രണ്ടാം ഖലീഫയുടെ വിശ്വാസങ്ങളെ നിരാകരിച്ചെന്നു പറയാമോ?"

അദ്ദേഹം മറുപടി പറഞ്ഞു: "ഒരു

സമുദായത്തിന്റെ തലവനെന്ന നിലയ്ക്ക് അഹ്മദികളുടെ ആത്മീയവും ധാർമ്മികവും മറ്റുവിധത്തിലുമുള്ള ജീവിതത്തിന്റെ ഗുണമേന്മ നന്നാക്കിയെടുക്കാൻ ഞാൻ പരിശ്രമിക്കേണ്ടതുണ്ട്. ചില പ്രത്യേക ഘട്ടത്തിൽ, ചില പ്രത്യേക സന്ദർഭങ്ങളിൽ കണിശമായ ഒരു നയം കാരണം അത്തരം ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കുന്നു. പിന്നീട് സാഹചര്യങ്ങൾ മാറിയാൽ ആ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ചില നയമാറ്റങ്ങളും ആവശ്യമാണ്.

"അതിനാൽ ഞാൻ എന്റെ പിതാവുമായി വിയോജിക്കുകയോ ഉന്നത ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള അദ്ദേഹത്തിന്റെ സമീപനത്തെ നിരാകരിക്കുകയോ ചെയ്യുന്നില്ല. ഞാനദ്ദേഹത്തെ അതേ രൂപത്തിൽ കണിശമായി പിൻതുടരുകയാണെങ്കിൽ എനിക്ക് പാവനമായ ലക്ഷ്യങ്ങൾ നേടാനാവുകയില്ലെന്നും അതുവഴി ഞാൻ സമുദായത്തിന് ക്ഷതമേൽപ്പിക്കുകയായിരിക്കും ചെയ്യുകയെന്നും ഞാൻ കണ്ടെത്തി. അതിനാൽ രീതിയിലുള്ള (Method) മാറ്റം മാത്രമേയുള്ളു, അല്ലാതെ ദിശയോ തത്വമോ മാറുന്നില്ല."

പിന്നീടദ്ദേഹത്തിന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തൊക്കെ അനുവദനീയമാണ് എന്ന വിഷയത്തിലേക്കും പാപം എന്നത് അത് നോക്കിക്കാണുന്നവന്റെ സമീപനത്തിനനുസരിച്ചായിരിക്കും എന്ന കാര്യത്തിലും എത്തിച്ചേരേണ്ടിവന്നിരുന്നു. സമീപനത്തിന്റെ മദ്ധ്യമാർഗ്ഗം വിലക്ഷമായതായിരിക്കാം. എന്നാൽ ഈ സമീപനമാണു സമൂഹങ്ങളിൽ സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതെന്നും വിഡ്ഢിത്തങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതെന്നും അന്തിമവിശകലനത്തിൽ മനസ്സിലാവും.

"തിന്മയെ നാം മനസ്സിലാക്കിയപോലെ അനുഗമിക്കാൻ നാം സ്വതന്ത്രമായിവിട്ടാൽ അതിനെതിരെ നാം ശബ്ദമുയർത്താതിരുന്നാൽ എന്തുണ്ടാവുമോ അതുപോലെ വ്യക്തിസ്വാതന്ത്ര്യം അതിരുകവിഞ്ഞുപോയെന്നു ഞാൻ മനസ്സിലാക്കുന്നു. വ്യക്തിസ്വാതന്ത്ര്യമെന്ന പേരിലറിയപ്പെടുന്ന തിന്മക്കെതിരായവർ ഈ പ്രവണതകൾക്കെതിരെ ശബ്ദമുയർത്തേണ്ടത് അനിവാര്യമാണ്.

വ്യക്തി സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുന്നതിനെതിരെ ശബ്ദമുയർത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം; യുക്തിയും ബുദ്ധിയും, ജ്ഞാനവും അനുനയവും മുഖേന നാം സംസാരിക്കുക വഴി ജനങ്ങൾ തങ്ങളോട് സ്വയം ചെയ്യുന്നത് എന്താണെന്ന് അവർക്ക് കാണാൻ കഴിയും. അന്തിമമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള സ്വാതന്ത്ര്യത്തോടൊപ്പം തന്നെ മുന്നറിയിപ്പിന്റെയും യുക്തിയുടേയും സ്വരത്തിൽ നാം ജനങ്ങൾക്ക് താക്കീത് നൽകണം. കുടുംബജീവിതവും ധാർമ്മിക മൂല്യങ്ങളും നശിച്ചിരിക്കുന്നു. എയ്ഡ്സ് മുതൽ വൃദ്ധരെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കുകയും അവരെ വല്ലപ്പോഴും മാത്രം സന്ദർശിക്കുകയും ചെയ്യുക എന്നിടത്തോളം ധാർമ്മികമൂല്യങ്ങൾക്ക് നാശംവന്നിരിക്കുന്നു. ആയിരക്കണക്കായ വർഷങ്ങൾ കൊണ്ട് നാം ഉണ്ടാക്കിയ പുരോഗതിയുടെ മൂല്യങ്ങളോട് പുറം തിരിഞ്ഞു നിൽക്കുന്ന നാഗരികതയുടെ വഴിയിലാണ് നാം നടക്കുന്നത്. മോചനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരിലാണ് അവർ ഇങ്ങിനെ ചെയ്യുന്നത്. നാം ജീവിതത്തിൽ നിന്ന് നേടേണ്ട സന്തോഷം അതിരില്ലാത്തതാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു.

"പക്ഷെ ഇതൊരിക്കലും അതിരില്ലാത്തതല്ല. നാം അങ്ങിനെ ചിന്തിക്കുന്ന നിമിഷം മുതൽ മറ്റുള്ളവരുടെ സന്തോഷത്തേയും അവകാശങ്ങളെയും നാം കയ്യേറുന്നു. അതിനാൽ ഉള്ളത്കൊണ്ട് സംതൃപ്തരാവാൻ നാം പരിശീലിക്കുകയും സുഖം അതിരറ്റതല്ലെന്ന് നാം അറിയുകയും വേണം. അതിരിന്റെ പ്രശ്നം സ്വത്ത് കൈവശം വെക്കുന്ന കാര്യത്തിൽ നമുക്ക് വേഗം മനസ്സിലാവുന്നു. എന്നാൽ സ്നേഹത്തിന്റെയും വെറുപ്പിന്റെയും കാര്യത്തിൽ പൂർണ്ണമായും മനസ്സിലാവുകയില്ല.

നിരവധി അഹ്മദികളുടെ കാറുകളിന്മേൽ 'എല്ലാവരോടും സ്നേഹം ആരോടും വെറുപ്പില്ല' എന്ന സ്റ്റിക്കർ ഉണ്ട്. മൂന്നാം ഖലീഫയാണ് ഈ മുദ്രാവാക്യം തുടങ്ങിവെച്ചത്. ഈ വിശ്വാസത്തിന്റെ തുടക്കം സ്വാഭാവികമായും അഹ്മദികൾ അംഗീകരിക്കുമെന്ന് ഖലീഫ പറഞ്ഞു. അതായത് സ്നേഹത്തിന്റേതായ വെറുപ്പിന്റേതല്ലാത്ത മറ്റൊരു മനോഭാവം ഉണ്ടാവാൻ പാടില്ല.

"പക്ഷെ പിന്നീട് ഖലീഫ തുടരുന്നു, "മോശമായ പെരുമാറ്റം ജനങ്ങൾ തുടരുകയാണെങ്കിൽ സ്നേഹിക്കുക അസാദ്ധ്യമായിരിക്കും. എന്തെന്നാൽ തിന്മയെ തിന്മചെയ്യുന്ന ആളിൽനിന്ന് വേർതിരിക്കാൻസാധ്യമല്ല. അതിനാൽ നാം പ്രാർത്ഥിക്കണം, തിന്മചെയ്യുന്ന ആളിൽ ഒരു പരിവർത്തനമുണ്ടാവാനും, ആ വഴിയിൽ നിന്ന് അയാൾ പിൻമാറാനും.

"പക്ഷെ തിന്മചെയ്യുന്ന ആൾ അതിൽ തന്നെ തുടർന്നാൽ ദൈവം അയാളെ ശിക്ഷിക്കും." തന്റെ സ്വഭാവത്തിലും ഉപദേശ പ്രസംഗങ്ങളിലും പ്രതികരണങ്ങളിലും ജനങ്ങളോടുള്ള പെരുമാറ്റത്തിൽ നിന്നും വ്യക്തമാവുന്നത് ലോകത്തിന്റെ മാറ്റം നാലാം ഖലീഫ കണക്കിലെടുക്കുന്നുവെന്നാണ്. അദ്ദേഹം ഭൂതകാലത്തിന് ഒന്നും പണയപ്പെടുത്തുന്നില്ല. ഒരു നിസ്സംഗനായ പ്രേക്ഷകനെന്ന നിലയിൽ വെറും ഭാഗ്യത്തിനും ഒന്നും പണയപ്പെടുത്തുന്നുമില്ല.

*'A man of God' എന്ന പുസ്തകത്തിൽ നിന്ന് (വിവ:കെ.വി.ഹസ്സൻ കോയ)* ❍

**നാളേക്ക് എന്ത്?**

സത്യവിശ്വാസികളെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താൻ മുൻ കൂട്ടി ഒരുക്കിവെച്ചിട്ടുള്ളതെന്താണെന്ന് ഓരോ മനുഷ്യനും ചിന്തിക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. ***(ഖുർആൻ 59:19)***

# വിശുദ്ധഖുർആനിൽ ദുർബ്ബലപ്പെട്ട വചനങ്ങൾ ഉണ്ടോ?

എ. പി. കുഞ്ഞാമു

## വിശുദ്ധ ഖുർആന് അപകീർത്തികരമായ മുസ്‌ലിം പണ്ഡിതന്മാരുടെ നാസിക് മൻസൂഖ് സിദ്ധാന്തത്തെപ്പറ്റി

വിശുദ്ധ ഖുർആൻ അവികലവും, ദൈവികമായി സംരക്ഷിക്കപ്പെട്ടതും, സമ്പൂർണ്ണവുമായ ഒരു ഗ്രന്ഥമാണ്. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, വിശുദ്ധ ഖുർആന്റെ അനുയായികളെന്ന് അവകാശപ്പെടുന്ന ബഹുഭൂരിപക്ഷം മുസ്‌ലിംങ്ങളും ഖുർആന്റെ അന്യാദൃശമായ ഈ അപ്രമാദിത്വത്തെ ഇല്ലാതാക്കുന്ന രീതിയിൽ ഖുർആനിൽ ദുർബലപ്പെട്ട വചനങ്ങളും എടുത്തു കളഞ്ഞ സൂക്തങ്ങളും ഉണ്ടെന്ന് വിശ്വസിക്കുന്നു. മുസ്‌ലിംങ്ങളിലെ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി സുന്നി, ചേകന്നൂർ വിഭാഗം തുടങ്ങിയ സംഘടനകളെല്ലാം ഈ വാദത്തിൽ ഉറച്ചു നിൽക്കുന്നവരാണെന്ന സത്യം നമ്മെ അത്ഭുതപ്പെടുത്തും.

ഇത് നാം സമ്മതിച്ചു കൊടുക്കയാണെങ്കിൽ വിശുദ്ധഖുർആൻ എങ്ങിനെ അവികലവും അർത്ഥ പൂർണവുമാവും. ഓരോ പണ്ഡിതനും അവർക്ക് തോന്നുന്നത് ദുർബ്ബലപ്പെട്ടതാണെന്ന് വാദിക്കാം. അതിന്റെ പുതിയ ഉദാഹരണങ്ങൾ ധാരാളം ചേകന്നൂർ മൗലവി സാഹിബിന്റെ രചനകളിൽ നമുക്ക് ദർശിക്കാൻ സാധിക്കും. ഉദാഹരണത്തിന് തഹജ്ജുദ് നമസ്കാരം റസൂൽ തിരുമേനിയോടൊപ്പം സഹാബിമാരിൽ ചിലരും നമസ്കരിച്ചതായി ഖുർആനിൽ ഉണ്ടെന്നും പിന്നീട് അതു റസൂൽ തിരുമേനിക്ക് മാത്രം സ്വന്തമാക്കിയെന്നും സുബഹി നമസ്കാരം സൂര്യോദയത്തിന് മുമ്പു നമസ്കരിച്ചെങ്കിൽ പിന്നീട് സൂര്യോദയത്തിന് ശേഷം നിർവ്വഹിച്ചാൽ മതിയെന്ന് സൂചിപ്പിക്കുന്ന ആയത്തു ഇറങ്ങി. അങ്ങിനെ വരുമ്പോൾ ഇതു സംബന്ധിച്ചു മുമ്പ് അവതരിച്ചതു ഒക്കെ ദുർബ്ബലപ്പെട്ടു പോകുന്നു. ഞാൻ ചേകന്നൂർ മൗലവി സാഹിബിന്റെ അഭിപ്രായത്തോട് നൂറു ശതമാനം വിയോജിക്കുന്നു. അതിനു ഖണ്ഡനം എഴുതാനല്ല ഈ ഒരു ഉദാഹരണം എടുത്തു കാണിച്ചത് മറിച്ച് ആയത്തുകളെ ദുർബലപ്പെടുത്തി ചെരിപ്പിനൊപ്പിച്ചു കാൽ മുറിക്കുന്ന ഈ സമ്പ്രദായത്തെ ചൂണ്ടിക്കാണിക്കാൻ വേണ്ടി മാത്രമാണ്. ഇതാണ് സ്ഥിതിയെങ്കിൽ ഏതു ഖുർആൻ വചനമാണ് ദുർബ്ബലപ്പെട്ടു പോകാത്തത്? വിശുദ്ധഖുർആൻ ഇറങ്ങിയത് തൃകാലജ്ഞനായ അല്ലാഹുവാണെങ്കിൽ ഭാവിയിൽ ദുർബ്ബലപ്പെട്ടുപോകുന്ന വചനങ്ങൾ എന്തിന് ഈ സമ്പൂർണ്ണ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി. ഇത് സമ്മതിച്ചു കൊടുക്കുകയാണെങ്കിൽ "ദാലിക്കൽ കിത്താബം ലാറൈബഫീഹി" ഈ ഗ്രന്ഥത്തിൽ യാതൊരു സംശയത്തിനും ഇടയില്ല എന്ന വാക്യം തന്നെ കളവാകുകയില്ലെ? വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണിത്.

വിശുദ്ധ ഖുർആനെതിരെ അതിന്റെ അനുയായികളായ പണ്ഡിതന്മാർ തന്നെ ഉന്നയിക്കുന്ന ഗുരുതരമായ ഈ ആരോപണത്തിൽ നിന്നും ആ ഗ്രന്ഥത്തെ വിമുക്തമാക്കിയത് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യാണ്. റസൂൽ തിരുമേനി (സ) യുടെ വിനീത ശിഷ്യനും ഖുർആന്റെ സേവകനുമായി ഇക്കാലത്ത് തിരഞ്ഞെടുത്തയച്ച ആ മഹാത്മാവ് ലോകത്തോട് അല്ലാഹു പ്രഖ്യാപിച്ചു വിശുദ്ധഖുർആനിൽ ഒരു ലിപിപോലും ദുർബ്ബലപ്പെട്ടു പോവുകയില്ല. അതു അന്ത്യനാൾ വരെ അതിന്റെ സൂക്തങ്ങൾ നിത്യ പ്രസക്തങ്ങളായിരിക്കും. വല്ലവർക്കും ഈ കാര്യത്തിൽ സംശയം ഉണ്ടെങ്കിൽ അവരുടെ സംശയം ഞാൻ ദൂരീകരിക്കുന്നതാണ്.

ഈ വിഷയത്തിന്റെ ഒരു ബാഹ്യവീക്ഷണം മാത്രമാണ് ഈ ലേഖനം. ഇതു വിശാലമായി ചർച്ച ചെയ്താൽ അതൊരു ലേഖനത്തിൽ ഒതുക്കാൻ സാദ്ധ്യമല്ല. ഭൂരിപക്ഷ മുസ്‌ലിംകളും ദുർബലപ്പെട്ടുപോയ വാചകങ്ങൾ വിശുദ്ധഖുർആനിൽ ഉണ്ടെന്ന് വിശ്വസിക്കുന്നവരാണെങ്കിലും വിശുദ്ധഖുർആന്റെ നിലവിലുള്ള വചനങ്ങളെല്ലാം

തന്നെ റസൂൽ തിരുമേനിയ്ക്ക് (സ:അ) അവതരിച്ച അതേ രൂപത്തിൽ ഒരു വള്ളിക്കോ പുള്ളിക്കോ വ്യത്യാസമില്ലാതെ അന്നും ഇന്നും പരിപാലിക്കപ്പെട്ടതായി വിശ്വസിക്കുന്നു. വിശുദ്ധഖുർആൻ റസൂൽ തിരുമേനി (സ:അ) ക്ക് അല്പാല്പമായി 23 കൊല്ലം കൊണ്ടു ഇറങ്ങിയതാണ്. ഇറങ്ങുന്ന മുറക്ക് അന്നത്തെ എഴുത്തു സാമഗ്രികളിൽ അതായത് എല്ല്, ഓല മുതലായ വസ്തുക്കളിൽ അവർ എഴുതി സൂക്ഷിച്ചിരുന്നു. സർവ്വോപരി സഹാബാക്കളിൽ ചിലർ അതു മനപാഠം പഠിക്കുകയും ചെയ്തിരുന്നു. എല്ലാ റമളാനിലും അതുവരെ ഇറങ്ങിയ ആയത്തുകൾ ജിബ്രിൽ എന്ന മലക്ക് അതിന്റെ ക്രമത്തിൽ ഓതികേൾപ്പിക്കാറുമുണ്ട്. കുറേശയായി ഇറങ്ങുന്ന ആയത്തുകൾ സുറകളാക്കി സംവിധാനം ചെയ്തതും അല്ലാഹുവിന്റെ ആജ്ഞയുടെ അടിസ്ഥാനത്തിൽ തിരുമേനി (അ) തന്നെയായിരുന്നു (സൂറ: അൽഫുർ ഖാൻ) റസൂൽ തിരുമേനി (സ) യുടെ വിയോഗാനന്തരം അബൂബക്കർ സിദ്ധീഖ് (റ) ഖലീഫ ആയ കാല ത്ത് തന്നെ വിശുദ്ധഖുർആന്റെ ക്രോഡികരണം നടക്കുകയുണ്ടായി. പലതിലും എഴുതിവെച്ച വചനങ്ങളെല്ലാം കൊണ്ടുവരുകയും അതെല്ലാം സെയ് ത് (റ) ന്റെ നേതൃത്വത്തിലുള്ള വിശുദ്ധഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയവരുടെ ഒരു കമ്മിറ്റിയിലെ മെമ്പർമാരുടെ മേൽ നോട്ടത്തിൽ ഒരു കോപ്പി ആദ്യ മായി തയ്യാറാക്കുകയും ചെയ്തു. അതിൽ ദുർബ്ബലപ്പെട്ടുപോയ ആയത്തിനെക്കുറിച്ചൊന്നും ഒരു സഹാബിയും പരമാർശിച്ചിട്ടില്ല. മൂന്ന് തരത്തിലുള്ള ദുർബ്ബലപ്പെടുത്തലുകളെ പറ്റിയാണ് മുസ്ലിം ലോകത്ത് പരാമർശങ്ങൾ ഉള്ളത്. (1) ഖുർആന്റെ ചില വചനങ്ങ ൾ മറ്റു വചനങ്ങളാൽ അതിന്റെ പ്ര യോഗം (കല്പന) ദുർബ്ബലപ്പെട്ടിരിക്കുന്നു. പക്ഷെ രണ്ടു വചനങ്ങളും വിശുദ്ധഖുർആനിൽ ഉല്ലേഖനം ചെയ്യപ്പെട്ടുകിടക്കുന്നു. (2) അർത്ഥത്തിലും ലിപിയിലും ദുർബ്ബലപ്പെട്ടുപോയത്. (3)ഃ വചനങ്ങൾ രേഖപ്പെടുത്തിയില്ലെങ്കിലും അതിന്റെ കല്പനകൾ നിലനിൽക്കുന്നവ.

ഇസ്‌ലാമിന്റെ വിമർശകനായ വില്യം മുയിറും വിശുദ്ധഖുർആന്റെ പരിശുദ്ധിയെ ഏറ്റു പറഞ്ഞിട്ടുണ്ട്. 1400 കൊല്ലമായി യാതൊരു വ്യ തിയാനവും അകത്തു നിന്നോ പുറത്ത് നിന്നോ സംഭവിക്കാതെ ഇപ്പോഴും നിലനിൽക്കുന്നു എന്ന് അദ്ദേഹം പറഞ്ഞുവെങ്കിലും വിശുദ്ധഖുർആന്റെ അദ്ധ്യായങ്ങൾ ക്രമപ്പെടുത്തപ്പെട്ടത് റസൂൽ തിരുമേനി (സ:അ) യുടെ കാലത്ത് തന്നെ പൂർണ്ണമായി നടന്നിട്ടില്ല എന്ന സംശയം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അതേ അവസരത്തിൽ വിശുദ്ധ ഖുർആന്റെ പല അദ്ധ്യായങ്ങളും തിരുമേനിയുടെ അനുയായികൾ മന:പാഠം പഠിച്ചതായി അദ്ദേഹം എഴുതിയിട്ടുണ്ട്. 7 വലിയ അദ്ധ്യായങ്ങളുള്ള 70 സൂറത്തുകൾ ഇബ്നുമസ്ഊദ് തിരുമേനി (സ) യുടെ മരണസമയത്ത് ഓതി കേൾപ്പിച്ചതായി അദ്ദേഹം പറയുന്നു. അപ്പോ ൾ ഇത്രയും അദ്ധ്യായങ്ങൾ സംവിധാനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതി ലും ചെറുത് എന്ന് തോന്നുന്ന 44 സുറകൂടി സംവിധാനം ചെയ്തിരിക്കുന്ന് എ ന്ന് കരുതുന്നതാണ് ന്യായം. കാരണം അത്തരം സൂറകൾ അധികമായി നമസ്കാരങ്ങളിൽ ഓതപ്പെടുന്നവയാണ്. അതേ ഗ്രന്ഥത്തിൽ തന്നെ വില്യംമുയിർ വിശുദ്ധ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയ അനുയായികൾ തിരുമേനിയൊടൊപ്പം ഉണ്ടായിരുന്നുവെന്നും എഴുതിയിട്ടുണ്ട് അപ്പോൾ അതിനൊരു ക്രമം തിരുമേനി (സ) നിശ്ചയിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഇങ്ങിനെ ഒരു സംശയത്തിന് വകയില്ല. കാരണം റസൂൽ തിരുമേനിയുടെ ജീവിതത്തിലെ അവസാന റമളാനിൽ വിശുദ്ധഖുർആൻ ക്രമപ്രകാരം രണ്ടുതവണ ജിബ്രീൽ തിരുമേനിക്ക് ഓതികേൾപ്പിച്ചതായി വിശ്വാസയോഗ്യമായ ഹദീസുകളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഇനി വിഷയത്തിലേക്ക് വരാം. ദുർബലപ്പെടുക എന്ന കാര്യം ഏറ്റു പറയേണ്ട അർഹതയുള്ളയാൾ റസൂൽ തിരുമേനി (സ) യാണ്. കാരണം വിശുദ്ധഖുർആന്റെ ഓരോ വചനവും അവതരിച്ചത് അദ്ദേഹം മുഖേനയാണ്. അദ്ദേഹം ഓതുന്നത് അനുയായികൾ കേൾക്കുകയും എഴുതുന്നവർ എഴുതിവെക്കുകയും ചെയ്തു. ഇങ്ങിനെയുള്ള അവസ്ഥയിൽ അതിൽ ഏതെങ്കിലും ഭാഗം ഒഴിഞ്ഞുപോവുകയോ, ചേർക്കപ്പെടുകയോ ദുർബലപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് പറയാനുള്ള ആധികാരികത തിരുനബിക്കാണുണ്ടാവേണ്ടത്. അദ്ദേഹം ഇതു സംബന്ധിച്ച് ഒന്നും പറയാത്ത സ്ഥിതിക്ക് മറ്റുള്ളവർക്ക് ഇതു സംബന്ധിച്ച് ഒരു വിധിയും പറയാൻ അർഹത ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടുതന്നെ നമുക്ക് അങ്ങിനെയുള്ള ഒരു ദുർബലപ്പെടൽ ഒരു ആയത്തിനും സംഭവിച്ചിട്ടില്ല എന്നു ഉറക്കെ പറയാൻ സാധിക്കും. അതേപോലെ തന്നെ ഏതെങ്കിലും ഒരു വചനത്തിന് ഖുർആനിൽ നിന്ന് തിരോധാനം സംഭവിച്ചുവെന്നു പറയാനും തിരുമേനിക്കല്ലാതെ മറ്റാർക്കും അധികാരമില്ല. അതുകൊണ്ട് തിരുമേനി (സ) പറയാത്ത കാര്യം നമുക്ക് സ്വീകാര്യവുമല്ല.

ഇതിലെ ഒന്നാമത്തെ ആധികാരികത റസൂൽ തിരുമേനിക്കാണ്. അദ്ദേഹത്തിന്റെ കാലത്ത് തന്നെ വിശുദ്ധ ഖുർആൻ ലിപികളിൽ എഴുതപ്പെട്ടിട്ടുണ്ട്. വളരെ അധികം സഹാബാക്കൾ (അനുയായികൾ) ഹൃദിസ്വമാക്കുകയും ചെയ്തിട്ടുണ്ട്. റസൂൽ തിരുമേനി മേൽ പ്രസ്താവിച്ച മൂന്ന് തരം ദുർബ്ബലപ്പെടുത്തലിനെ പറ്റിയും ഒന്നും പറഞ്ഞിട്ടില്ല എന്ന കാര്യം വളരെ സ്പഷ്ടമാണ്. അതുകൊണ്ടുതന്നെ യാതൊരു ദുർബ്ബലപ്പെടലും ഖുർആന് സംഭവിച്ചിട്ടില്ല. പിന്നെ ഈ കാര്യത്തിൽ നോക്കേണ്ടത് ഈ ദുർബ്ബലപ്പെടലിനെക്കുറിച്ചു ഭൂരിഭാഗം സഹാബാക്കളുടെ ഒന്നിച്ചുള്ള അഭിപ്രായം ഉണ്ടോ എന്ന കാര്യമാണ്. അതും സംഭവിച്ചതായി ചരിത്രത്തിൽ നിന്നും തെളിയുന്നില്ല എന്നതാണ് പരമാർത്ഥം. ക്രോഡീകരണ വേളയിൽ ഈ കമ്മറ്റിയിൽ പെട്ട ആരും തന്നെ മേൽ പ്രസ്താവിച്ച മൂന്ന് തരം ദുർബ്ബലപ്പെ

ടലിനെ പറ്റി ഒന്നും പരമാർശിച്ചിട്ടില്ല എന്നാൽ ബുഖാരി മുസ്ലിം മുതലായ ആധികാരിക ഹദീസു ഗ്രന്ഥങ്ങളിൽ ചില ഒറ്റപ്പെട്ട സഹാബാക്കളുടെ സ്വന്തം അഭിപ്രായം രേഖപ്പെടുത്തിയത് കാണുന്നുണ്ട്. അതാണെങ്കിൽ ഇതു സംബന്ധിച്ചു റസൂൽ തിരുമേനിയിൽ നിന്ന് കേട്ട അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകളല്ല. മറിച്ച് വ്യക്തിപരമായ അഭിപ്രായങ്ങളാണ്. ഈ ഒറ്റപ്പെട്ട അഭിപ്രായങ്ങൾക്ക് എന്തു ആധികാരികതയാണ് നല്കേണ്ടത്?

മറ്റൊരു സംഗതി ഇതു സംബന്ധിച്ചേടത്തോളം എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് ഈ വിഷയം സംബന്ധിച്ചു മുസ്ലിം ലോകം ബഹുമാനിക്കുന്ന പ്രധാനികളായ അബു ഉബൈദ്, അബുദാവൂദ്, അബൂജഅ് ഫർ, ഇബ്നുൽഖൗസി എന്നീ പണ്ഡിതന്മാർ നൂറുകണക്കിൽ നാസിക്ക്, മൻസൂക്ക്, വിശുദ്ധഖുർആനിൽ ഉണ്ടെന്ന് അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരൊക്കെ രണ്ടാം നൂറ്റാണ്ടുമുതൽ ആറാം നൂറ്റാണ്ട് വരെ ജീവിച്ചിരുന്നവരാണ്. അതുകൊണ്ടു തന്നെ അവരുടെ നിഗമനങ്ങളെ വിമർശിക്കാൻ ഈ കാലഘട്ടത്തിലെ പണ്ഡിതന്മാർ ഭയക്കുന്നതായി തോന്നുന്നു. എന്നാൽ ഈ പണ്ഡിതന്മാർ തന്നെ നാസിക്ക്, മൻസൂക്കിന്റെ കാര്യത്തിൽ ഏകാഭിപ്രായക്കാരല്ല. അഞ്ഞൂറു മുതൽ അഞ്ച് വരെ ദുർബ്ബലപ്പെട്ട ആയത്തുകൾ ഉണ്ടെന്ന് സ്ഥാപിച്ച പണ്ഡിതന്മാരാണ് ഇവർ. ഇമാം സുയൂത്തി (റ) മൻസൂക്ക് (ദുർബ്ബലപ്പെട്ട) ഇരുപത് ആയത്തുകളെ ഖുർആനിൽ ഉള്ളൂവെന്നാണ് രേഖപ്പെടത്തിയത്. എന്നാൽ ഹസ്റത്ത് ശാഹ്‌വലിയുല്ലാഹ് ദഹ്‌ലവി (റ) അഞ്ചെണ്ണത്തിലെ നസ്ഖ് ഉള്ളുവെന്ന് സ്ഥാപിച്ചെഴുതിയിട്ടുണ്ട്. (ഫൗസുൽ കബീർ) അപ്പോൾ ഈ അഭിപ്രായ വ്യത്യാസം ചൂണ്ടിക്കാട്ടുന്നത് ഈ കാര്യത്തിൽ റസൂൽ തിരുമേനി (സ) യിൽ നിന്നോ, ഖുർആൻ ക്രോഡീകരണ വേളയിൽ പങ്കെടുത്തവരിൽ നിന്നോ, ഭൂരിഭാഗം സഹാബാക്കളിൽ നിന്നോ ദൃഢമായ ഒരു തെളിവും ലഭിച്ചില്ല എന്ന് തന്നെയാണ്.

പിന്നെ നസ്ഖ് ഉണ്ട് എന്ന കാര്യം മേൽ പ്രസ്താവിക്കപ്പെട്ട പണ്ഡിതന്മാരിൽ മുജദ്ദിദ് വരെയുള്ളവരെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ഇവർ എല്ലാവരും തന്നെ അവരുടെ സ്വന്തം അഭിപ്രായം പറഞ്ഞവരാണ്. അല്ലാതെ ദൈവികമായ വെളിപാടിന്റെയോ, ആത്മീയ ദർശനത്തിന്റെയോ അടിസ്ഥാനത്തിൽ പറഞ്ഞവരായിരുന്നില്ല. അതുകൊണ്ടുതന്നെ ഈ തെറ്റ് തിരുത്താൻ ഇസ്ലാമിൽ വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദി മസീഹ് തന്നെ വരേണ്ടതായി വന്നു. കാരണം മതകാര്യത്തി ൽ അദ്ദേഹം നീതിമാനായ വിധി കർത്താവായിരിക്കുമെന്ന് റസൂൽ തിരുമേനി (സ:അ) യുടെ അരുളപ്പാടുണ്ട്.

മേൽ പ്രസ്താവിച്ച പണ്ഡിതന്മാരും പിൽകാലത്ത് വന്ന പണ്ഡിതന്മാരും നാസിക്ക്, മൻസൂക്കിന്റെ കാര്യത്തിൽ എണ്ണത്തിലല്ലെങ്കിലും ഉണ്ടെന്നുള്ള കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. എങ്കിലും എണ്ണത്തിന്റെ കാര്യത്തിൽ അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. കാരണമെന്താണെന്ന് ചുഴിഞ്ഞുനോക്കിയാൽ വിശുദ്ധഖുർആന്റെ ആയത്തുകളാണ് അവർ അതിനായി ഉദ്ധരിക്കുന്നത് എന്ന് കാണാം. അൽബക്കറയിലെ വചനവും അൽ നഹ്‌ലിലെ 102-ാം ആയത്തുമാണ് (ബിസ്മി ഒന്നായി എടുത്താൽ) ഈ ആയത്തിനെ നമുക്കൊന്നു വിശകലനം ചെയ്തു നോക്കാം.

“ഏതെങ്കിലുമൊരു ആയത്തു നാം ദുർബ്ബലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മൃതമാക്കുകയോ ചെയ്യുകയാണെങ്കിൽ അതിനേക്കാൾ ഉത്തമമോ തത്തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണ്ണമായി കഴിവുള്ളവനാണ്” (2:107). രണ്ടാമത്തേത് “ നാം ഒരു ആയത്തിനെ മാറ്റി തൽസ്ഥാനത്ത് മറ്റൊരു ആയത്ത് കൊണ്ടുവരുമ്പോൾ അല്ലാഹു അവതരിപ്പിച്ചിരിക്കുന്നതിനെ സംബന്ധിച്ചു ഏറ്റവും നന്നായി അറിയുന്നവൻ അവനാണ്. അവർ പറയും “ നീ ഒരു കറ്റു കെട്ടുകാരൻ മാത്രമാണ് എന്നാൽ അവരിൽ അധികമാളും അറിയുന്നില്ലെന്നാണ് വാസ്തവം (16:102)

മേൽ എഴുതിയ വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ ‘ആയത്ത്’ എന്നതിന് ഞാൻ പരിഭാഷ എഴുതിയിട്ടില്ല. ഈ വാക്കാണ് എല്ലാവിധ അഭിപ്രായ ഭിന്നതകളുടെയും കേന്ദ്രബിന്ദു. അറബി നിഘണ്ടുക്കളുടെ സഹായം ഈ കാര്യത്തിൽ നമുക്ക് തേടാവുന്നതാണ്. അടയാളം താക്കീത്. സന്ദേശം വാർത്താവിനിമയം ഒരാൾ മുഖേനയോ ഒരു സമൂഹം മുഖേനേയോ അയക്കപ്പെടുന്ന ദൈവത്തിന്റെ ഗ്രന്ഥത്തിൽ നിന്നുള്ള വചനങ്ങൾ, ഖുർആനിൽ നിന്നുള്ള വചനം എന്നിങ്ങനെയാണ് അതിന്റെ അർത്ഥം തുടർന്നു പോകുന്നത്. അൽബക്കറയിലെ 107-ാം വചനത്തിന്റെ മുമ്പിലുള്ള വചനവും അതിനുശേഷമുള്ള വചനങ്ങളും പരിശോധിച്ചു നോക്കിയാൽ ഒരു കാര്യം വ്യക്തമാകുന്നു. യഹൂദികളുടെ വിശ്വാസ പ്രകാരം ബനു ഇസ്രയേൽ പ്രവാചകന്മാരോട് മാത്രമേ അല്ലാഹു സംസാരിച്ചിട്ടുള്ളൂ. അതിനുശേഷം അല്ലാഹു ആർക്കും വെളിപാട് ഇറക്കിയിട്ടില്ല എന്നാണ്. അതുകൊണ്ടുതന്നെ റസൂൽ തിരുമേനിക്ക് (സ) എന്തെങ്കിലും “ഖൈർ” ഇറക്കപ്പെടുന്നത്. അവർ ഇഷ്ടപ്പെടുന്നില്ല. എന്നാൽ അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ കാരുണ്യം പ്രത്യേകയായി നല്കുമെന്ന് പറഞ്ഞുകൊണ്ടു അല്ലാഹുവിന്റെ വരപ്രസാദമായ ദിവ്യ വെളിപാടിനെ പറ്റിയാണ് ഇവിടെ പരാമർശിച്ചതു എന്ന് വ്യക്തം. അതിനുശേഷമാണ് ദുർബ്ബലപ്പെടുന്ന ആയത്തിന്റെ കാര്യം അല്ലാഹു പറയുന്നത്. അതു തികച്ചും തൗറാത്തിലുള്ള വിധി വിലക്കുകളാണെന്ന് കരുതാനേ നിവൃത്തിയുള്ളൂ. ഇവിടെ ഖുർആനിലെ ആയത്ത് ദുർബ്ബലപ്പെടുത്തുമെന്ന് പറഞ്ഞിട്ടില്ല. പിന്നെ ഖുർആന്റെ അവതരണത്തിന് മുമ്പുള്ള ഗ്രന്ഥങ്ങളിൽ നിന്നുള്ള സന്ദേശങ്ങൾ ദുർബ്ബലപ്പെടുത്തുവാനേ സാദ്ധ്യതയുള്ളൂ. കാരണം അത് ഒരു നിശ്ചിത കാലത്തേക്ക് ഒരു സമൂഹത്തിന് വേണ്ടി മാത്രമുള്ളതാണ്. എന്നാൽ ഒരു ലോകൈക പ്രവാചകൻ സർവ്വ സത്യവുമായി വരു

മെന്ന പ്രവചനം തൗറാത്തിൽ ഉണ്ട്. ഈ സൂറയിൽ തന്നെ 102-മത്തെ വചനത്തിൽ അല്ലാഹു അതു സൂചിപ്പിക്കുന്നുണ്ട്. " അവരുടെ പക്കലുള്ളതിനെ സത്യപ്പെടുത്തി കൊണ്ടു അല്ലാഹുവിങ്കൽ നിന്ന് ഒരു ദൂതൻ അവരുടെ അടുക്കൽ വന്നപ്പോൾ അല്ലാഹുവിന്റെ ഗ്രന്ഥത്തെ അറിയാത്ത ഭാവത്തിൽ പിന്നിലേക്ക് തള്ളിമാറ്റിക്കളഞ്ഞു. (2:102)

ഇവിടെ മറ്റൊരു കാര്യം കൂടി നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

അതായത് മേൽ ഉദ്ധരിച്ച രണ്ടു ഖുർആനിക വചനങ്ങളിലും ആയത്ത് എന്നതിന് ഖുർആനിക വചനം എന്ന അർത്ഥം നാം നൽകുകയാണെങ്കിൽ വിശുദ്ധഖുർആനിൽ ദുർബ്ബലപ്പെട്ട ആയത്തിനു പകരം പുതിയ ആയത്തു സ്ഥലം പിടിച്ചതായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. ദുർബ്ബലപ്പെട്ടു പോയത് ഖുർആനിൽ പാടില്ലായിരുന്നു. കാരണം പകരം ഇറങ്ങിയ ആയത്താണ് കാണേണ്ടത്. അങ്ങിനെയാണെങ്കിലും ദുർബ്ബലപ്പെട്ട ആയത്തുകൾ ഖുർആനിൽ ഇല്ല എന്ന് തന്നെയാണ് മനസ്സിലാകുന്നത്. അപ്പോൾ നമ്മുടെ പക്കലുള്ള ഖുർആനിൽ ദുർബ്ബലപ്പെട്ടുപോയ വചനമില്ലാത്തത് കൊണ്ടു ഹദീസു ഗ്രന്ഥങ്ങളിൽ ഒന്നിൽ തന്നെയും ദുർബ്ബലപ്പെട്ടുപോയ ആയത്തുകളുടെ വിവരണവും ഇല്ല തന്നെ.

അൽബഖറ 107-ാം വചനത്തിന്റെ മുമ്പിലും പിമ്പിലുമുള്ള ആയത്തുകൾ പരിശോധിച്ചു നോക്കിയാൽ ഗ്രന്ഥം നൽകപ്പെട്ടവരിലുള്ള വൈകല്യങ്ങളെയാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ചില ഹദീസുകളുടെ വെളിച്ചത്തിൽ പരിശോധന നടത്തിയാൽ ചില വിധി വിലക്കുകൾ വിശുദ്ധ ഖുർആനിൽ ഇറങ്ങുന്നതിന് മുമ്പു തൗറാത്തിലുള്ള വിധി വിലക്കുകൾക്കനുസൃതമായി തിരുമേനി (സ) വിധി നടത്തിയിരുന്നു. വ്യഭിചാരികളായ ദമ്പതിമാർ ക്കുള്ള ശിക്ഷ തൗറാത്തിൽ കല്ലെറിഞ്ഞു കൊല്ലലാണ്. പ്രസ്തുത കല്പന ഇതു സംബന്ധിച്ച ശിക്ഷാ നിയമങ്ങൾ ഖുർആനിൽ വരുന്നത് മുമ്പായി തിരുമേനി (സ) സ്വീകരിച്ചിരുന്നു. അതേ പോലെ ഖിബ്‌ലയുടെ കാര്യത്തിലും. ആദ്യം ബൈത്തുൽ മഖ്ദസ്സിന് നേരെ ഖിബ്‌ലയായി നമസ്കരിച്ചിരുന്നു. പിന്നീട് ഖിബ്‌ല മാറ്റാൻ കല്പന വന്നപ്പോൾ മാറ്റുകയാണുണ്ടായത്. ഇത്തരം ചില നിയമങ്ങളും കല്പനകളും തൗറാത്തിലുള്ളതിനെ അല്ലാഹു ദുർബ്ബലപ്പെടുത്തി. അതിനു പകരം വ്യഭിചാരക്കുറ്റത്തിന് അടിയും ഖിബ്‌ല കഅബയുമാക്കി പുതിയ കല്പന കൊണ്ടുവന്നു. ഇതു പോലെയുള്ള തൗറാത്തിലെ കല്പനകൾ റദ്ദ് ചെയ്തതിനെപറ്റിയാണ്. 2:107 ൽ പറഞ്ഞതെന്ന് നാം മനസ്സിലാക്കുന്നതാണ് നല്ല പോംവഴിയെന്നാണ് എനിക്കു പറയാനുള്ളത്. വിശ്വാസ യോഗ്യമായ ഹദീസുകളിൽ വിശുദ്ധ ഖുർആനിൽ നിന്ന് ഇന്ന ആയത്ത് ദുർബ്ബലപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നും മുമ്പ് ഈ വചനങ്ങൾ വിശുദ്ധഖുർആന്റെ ഭാഗമാണെന്നു കാണിച്ചുകൊണ്ടുള്ള ഒരു ഹദീസും നമുക്ക് കാണാൻ സാധിക്കുകയില്ല

ദുർബ്ബലപ്പെട്ട പോയ ഖുർആനിക വചനങ്ങൾ ഉണ്ടെന്ന് സാക്ഷ്യപ്പെടുത്താൻ ഒരു ഹദീസും അവർ ഈ ആയത്തിനോടു ചേർത്തു പറയുന്നുണ്ട്. എന്നാൽ ഈ ഹദീസ് വിശ്വാസയോഗ്യരായ നിവേദനകരാൽ നിവേദനം ചെയ്യപ്പെട്ടതല്ലെന്ന് നാം ഓർക്കേണ്ടതാണ്. "യഹൂദികൾ മുസ്‌ലിംകളെ പ്രകോപിക്കുവാൻ ഇങ്ങിനെ സംസാരിക്കാറുണ്ട്. "നിങ്ങൾ മുഹമ്മദിനെ കണ്ടില്ലേ? അദ്ദേഹം തന്റെ അനുയായികളോടു ഒരു കല്പന ഇന്നു പറയും മറ്റൊരു കല്പന നാളെ പറഞ്ഞു മുമ്പത്തെ കല്പന നിരോധിച്ചതായി പറയും. അങ്ങിനെ ഇന്നൊന്നു പറയും. നാളെ വേറൊന്നു പറയും." മുസ്‌ലിംകളെ യഹൂദികൾ ഖുർആനിലുള്ള ദുർബ്ബലപ്പെടുത്തപ്പെടുന്ന വചനങ്ങളുടെ അടിസ്ഥാനത്തിൽ കളിയാക്കി പറയുന്നതാണെന്നാണ് അവരുടെ ധാരണ. ഈ ആക്ഷേപത്തിനുള്ള ഒരു മറുപടി ആയിട്ടാണ് അല്ലാഹു പ്രസ്തുത രണ്ടു ആയത്തുകളും അവതരിപ്പിച്ചത് എന്നാണ് പറയപ്പെടുന്നത്. ഈ വാദവും അടിസ്ഥാന രഹിതമാണ്. കാരണം യഹൂദികളും. ദുർബ്ബലപ്പെടുത്തൽ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണ്. അങ്ങിനെയുള്ളവർ ഈ കാരണം പറഞ്ഞു മുസ്‌ലിംകളെ പ്രകോപിപ്പിക്കുന്നുവെന്ന് പറയുന്നത് തന്നെ അടിസ്ഥാനരഹിതമാണ്. റോഡ്‌വെല്ലിന്റെ ഖുർആൻ തർജ്ജമയിൽ ഈ ആയത്തിന്റെ ഫുട്ട് നോട്ടിൽ യഹൂദികളുടെ ദുർബലപ്പെടുത്തൽ സിദ്ധാന്തത്തെ എടുത്ത് എഴുതിയിട്ടുണ്ട്. "യഹൂദികളുടെ വിശ്വാസ പ്രമാണങ്ങളെ പറ്റി കൂടുതലായി എഴുതപ്പെട്ടത് "തൽമൂദ്" ദുർബ്ബലപ്പെടുത്തൽ സിദ്ധാന്തത്തെക്കുറിച്ചു പഠിപ്പിക്കുന്നുണ്ട്. അ പ്പോൾ ഈ കാരണം പറഞ്ഞുകൊണ്ടു യഹൂദികൾ ഒരു കാലത്തും മുസ്‌ലിം കളെ പരിഹസിക്കുകയില്ല. അതുകൊണ്ടു തന്നെ ഈ ഹദീസ് കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് മനസ്സിലാവുന്നു. ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ എണ്ണിയാൽ തീരാത്ത ദുർബ്ബലപ്പെടുത്തൽ ഖുർആനിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ ഈ ആക്ഷേപം തിരുമേനി (സ) യുടെ ജീവിതത്തിലാണ് നടത്തിയത് എന്നു മനസ്സിലാകുന്നു. അപ്പോൾ ഒരു പാട് ഹദീസുകൾ ഇതു സംബന്ധിച്ചു തിരുമേനിയിൽ നിന്ന് തന്നെ ഉണ്ടാകുമായിരുന്നു. എന്നാൽ ഇതു സംബന്ധിച്ചു ഈ ഹദീസല്ലാതെ തിരുമേനി (സ:) യെ ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ഹദീസും നമുക്ക് കാണാൻ സാധിക്കുകയില്ല. അതുകൊണ്ടു ഈ ഹദീസിന്റെ വെളിച്ചത്തിൽ പ്രസ്തുത ആയത്തുകളെ വ്യാഖ്യാനിച്ചു കൊണ്ടു ദുർബ്ബലപ്പെടുത്തപ്പെട്ട ആയത്തുകൾ ഉണ്ടെന്ന് നിരൂപിക്കാൻ പാടില്ലാത്തതാണ്.

*ദുർബ്ബലപ്പെടുത്തപ്പെട്ട ആയത്തുകളെ പറ്റിയും മറ്റും അടുത്ത ലക്കത്തിൽ (ഇ:അ)* ***(തുടരും)***

## നല്ലതുപറയുക

നിങ്ങൾ ഒരു രോഗിയേയോ മരിച്ചവരെയോ സന്ദർശിക്കുമ്പോൾ (അയാളെക്കുറിച്ച്) നല്ലതു പറയുക. എന്തുകൊണ്ടെന്നാൽ നിങ്ങൾ പറയുന്നതിന് മലക്കുകൾ ആമീൻ പറയുന്നു.

***മുഹമ്മദ് നബി (മുസ്‌ലിം)***

# ഒരു രാജാവിന്റെ സ്വപ്നം

യൂസഫ് തൃക്കടേരി

അനുഗൃഹീതമായ ശേമിന്റെ തലമുറയിലെ ഒരു സുപ്രധാനിയായിരുന്നു ഏബെർ. ഏബെറിന്റെ വംശത്തിൽ പിറന്നതുകൊണ്ടാണ് എബ്രഹാമിന്ന് എബ്രായനായ അബ്രാം (ഉല്പ. 14:13) എന്ന പേരു സിദ്ധിച്ചത്. ഇബ്രാഹിം (അ) ബഹുജാതികൾക്കും ആത്മീയ പിതാവാണെന്ന് ബൈബിളും (ഉല്പ. 17:4) ഖുർആനും (2:125) ഒരുപോലെ സാക്ഷ്യം വഹിക്കുന്നു.

അബ്രഹാമിന്റെ പൗത്രനായിരുന്ന യാഖൂബ് (അ)ന് ഒരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്രായീൽ (ദൈവത്തിന്റെ യോദ്ധാവ്) എന്ന ഒരു വിശേഷണ നാമം സിദ്ധിക്കുകയുണ്ടായി. യാഖൂബ് എന്ന ഇസ്രായീലിന്റെ പന്ത്രണ്ടു സന്തതികളിൽ നിന്നും ഉത്ഭവിച്ച് വലിയൊരു സമുദായമായി ത്തീർന്നവരാണ് ഇസ്രായീൽ ജനത.

'എബ്രായർ' എന്ന മറ്റൊരു നാമത്തിലും ഇസ്രായീൽ ജനത അറിയപ്പെട്ടിരുന്നു. ഏബെറിന്റെ വംശജരായിരുന്നതിനാലാണ് ഈ നാമം കൈവന്നത്. ഇവരുടെ മാതൃഭാഷയുടെ പേര് അബ്രാനി എന്നാകുന്നു.

ഇസ്രായീൽ ജനത പിന്നീട് യഹൂദർ എന്ന മറ്റൊരു നാമത്തിലും അറിയപ്പെട്ടു തുടങ്ങി. യാഖൂബ് എന്ന ഇസ്രായീലിന്റെ പന്ത്രണ്ടു മക്കളിൽ ഏറ്റവും അതികായനും പ്രബലനുമായിരുന്നത് നാലാമത്തെ പുത്രനായിരുന്ന യഹൂദ എന്ന വ്യക്തിയായിരുന്നു. പന്ത്രണ്ടുപേരിൽ ഏറ്റവുമാദ്യം വിവാഹിതനായതും സന്താനാഭിവൃദ്ധി വരുത്തിയതും യഹൂദ തന്നെയായിരുന്നു. ഇദ്ദേഹത്തെക്കുറിച്ചു ബൈബിൾ സാക്ഷ്യപ്പെടുത്തുന്നതു നോക്കുക.

"യെഹൂദാ തന്റെ സഹോദരങ്ങളെക്കാൾ പ്രബലനായിത്തീർന്നു; അവനിൽ നിന്നു പ്രഭു ഉത്ഭവിച്ചു." (1. ദിനവൃ 5:2)

"യെഹൂദാ ഒരു ബാലസിംഹം; മകനെ നീ ഇരപിടിച്ചു കയറിയിരിക്കുന്നു." (ഉല്പ. 49:9)

യഹൂദയുടെ വൈവാഹിക ജീവിതത്തെക്കുറിച്ചും അദ്ദേഹം സന്താനാഭിവൃദ്ധി വരുത്തുവാൻ സ്വീകരിച്ച ഹിതവും അഹിതവുമായ മാർഗ്ഗങ്ങളെക്കുറിച്ചും അറിയേണ്ടവർ ഉല്പ. 38-ാം അദ്ധ്യായം വായിക്കുക. ഇക്കാരണങ്ങളാൽ ഇസ്രായീൽ ജനത യഹൂദർ എന്ന പേരിലും അറിയപ്പെട്ടു തുടങ്ങി.

ഒരു കാലത്ത് ലോകത്തിലെ ഏറ്റവും ഉൽകൃഷ്ട സമുദായമായിരുന്നു ഇസ്രായീൽ ജനത. ദൈവകല്പനകൾ നിരന്തരം ലംഘിക്കുകയും അഹങ്കരിക്കുകയും ഭിന്നിക്കുകയും ചെയ്തുകൊണ്ട് ക്രമേണ ഭൗമിക ജീവികളായി അവൻ പരിണമിച്ചു. അതുകൊണ്ടാണ് ദൈവം വിശുദ്ധ ഖുർആനിലൂടെ അവരോട് 'നിങ്ങൾ നിന്ദ്യരായ കുരങ്ങന്മാരായിത്തീരുവിൻ' (2:66/7:167) എന്നു പറയപ്പെട്ടത്.

ബൈബിൾ തന്നെയും ഇപ്രകാരം പ്രസ്താവിക്കുന്നതായി കാണാം:

"അവന്റെ (ദൈവത്തിന്റെ) ചട്ടങ്ങളെയും അവരുടെ പിതാക്കന്മാരോട് അവൻ ചെയ്ത നിയമത്തെയും അവൻ അവരോട് സാക്ഷീകരിച്ച സാക്ഷ്യങ്ങളെയും നിരസിച്ചുകളഞ്ഞു. അവർ വ്യാജത്തെ പിന്തുടർന്നു വ്യർത്ഥന്മാരായിത്തീർന്നു." (2 രാജാ 17:15)

ദൈവശിക്ഷക്ക് ഇരയായി ഇസ്രായീൽ (Northern Kingdom) ബി. സി. 721 ൽ അസീറിയക്കും യഹൂദ്യ (Southern King) ബി. സി. 605-586 ൽ ബാബിലോണിയക്കും അടിമകളായി അവർ നാനാദേശങ്ങളിലേക്കും ചിതറപ്പെട്ടു. നോക്കുക.

"യിസ്രായേൽ ചിന്നിപ്പോയ ആട്ടിൻകൂട്ടമാകുന്നു; സിംഹങ്ങൾ അതിനെ ഓടിച്ചുകളഞ്ഞു. അശൂർ രാജാവു അതിനെ തിന്നു. ഒടുക്കം ഇപ്പോൾ ബാബേൽ രാജാവായ നബൂഖദ്നസർ അതിന്റെ അസ്ഥികളെ ഒടിച്ചുകളഞ്ഞു. (യിരെ 50:17)

## നബൂഖദ്നസർ രാജാവിന്റെ സ്വപ്നം

രണ്ടാം അദ്ധ്യായം തുടങ്ങുന്നത് നബൂഖ ദ്നസർ രാജാവ് ദർശിച്ച ഒരു സ്വപ്നത്തെ പരാമർശിച്ചു കൊണ്ടാണ് നോക്കുക:

"നബൂഖദ്നസറിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടിൽ നബൂഖദ് നസർ സ്വപ്നം കണ്ടു; അവന്റെ മനസ്സു വ്യാകുലപ്പെട്ടു. അവന്നു ഉറക്കമില്ലാതെയായി" (ദാനീ 2:1)

നബൂഖദ്നസർ രാജാവ് അസാധാരണമായ ഒരു സ്വപ്നം കണ്ടുവെങ്കിലും അതു പെട്ടെന്ന് മറന്നുപോയതിനാലാണ് മനസ്സു വ്യാകുലപ്പെട്ടത്. നോക്കുക.

"ഞാൻ ഒരു സ്വപ്നം കണ്ടു; സ്വപ്

നം ഓർക്കാഞ്ഞിട്ടു മനസ്സു വ്യാകുല പ്പെട്ടിരിക്കുന്നു എന്നു കല്പിച്ചു." (ദാനീ 2:3)

മറന്നുപോയ സ്വപ്നം മന്ത്രവാദ ത്തിലൂടെയും ജ്യോതിഷത്തിലൂടെയും മറ്റു ആഭിചാര മാർഗ്ഗങ്ങളിലേതിലൂടെ യെങ്കിലും കണ്ടുപിടിച്ച് രാജാവിനെ അറിയിക്കുന്നതിനുവേണ്ടി ബാബിലോ ണിലെ ബുദ്ധി ജീവികളായ കൽദ യരെയും മറ്റു മന്ത്രവാദ ആഭിചാര-ക്ഷു ദ്രക്കാരെയെല്ലാം രാജസന്നിധിയിൽ വിളിച്ചുവരുത്തി ഇപ്രകാരം കല്പിച്ചു:

"സ്വപ്നവും അർത്ഥവും അറിയി ക്കാഞ്ഞാൽ നിങ്ങളെ കഷണം കഷ ണമായി ശകലിക്കയും വീടുകളെ കുപ്പ ക്കുന്നാക്കുകയും ചെയ്യും" (ദാനീ 2:5,6)

രാജാവിന്റെ സ്മൃതി പഥത്തിൽ നിന്നും അപ്രത്യക്ഷമായ സ്വപ്നവും അതിന്റെ വ്യാഖ്യാനവും രാജസദസ്സിൽ വിളിക്കപ്പെട്ട വിദ്വാന്മാർ അവരുടെ ജ്ഞാന സ്രോതസ്സുകളായ ജ്യോതിഷ -മന്ത്രവാദ-പ്രശ്ന-ആഭിചാരക മാർഗ്ഗ ങ്ങളിലൂടെ അറിഞ്ഞ് രാജാവിനെ ബോധിപ്പിക്കാത്തപക്ഷം വധശി ക്ഷക്കു വിധേയമാക്കുമെന്നായിരുന്നു കല്പന.

കൽദയർ മറുപടിയായി രാജാവി നോട് പറയുന്നതു നോക്കുക:

"രാജാവു കല്പിക്കുന്ന കാര്യം പ്രയാസമുള്ളതാകുന്നു. തിരുമുമ്പിൽ അതു അറിയിപ്പാൻ ജഡവാസമില്ലാത്ത ദേവന്മാർക്കല്ലാതെ മറ്റാർക്കും കഴിക യില്ല." (ദാനീ 2:11)

മറുപടികേട്ട് ക്രൂദ്ധനായ നബൂഖദ്ന സർ രാജാവ് രാജസന്നിധിയിലെ സകല വിദ്വാന്മാരെയും കൊന്നുകളയു വാൻ തന്റെ സേനാപതിക്കു ഉത്തരവു നൽകി. വിവരമറിഞ്ഞ ദാനീയേൽ അകത്തു ചെന്നു രാജാവിനോട് തനിക്കു സമയം തരേണമെന്നും സ്വപ് നവും അതിന്റെ വ്യാഖ്യാനവും താൻ രാജാവിനെ ബോധിപ്പിച്ചുകൊള്ളാ മെന്നും അറിയിച്ചു. തുടർന്നു പ്രാർത്ഥനാ നിരതനായ ദാനീയേലിനു രാജാവു മറന്നുപോയ ആ സ്വപ്നം രാത്രി ദർശനത്തിൽ വീണ്ടും വെളിപ്പെ ട്ടു. പിന്നീട് ദാനിയേൽ രാജസന്നിധി യിലെത്തി സ്വപ്നം ഇപ്രകാരം വിവ രിക്കുന്നു:

"രാജാവു കണ്ട ദർശനമോ, വലി യൊരു ബിംബം, വലിപ്പമേറിയതും വിശേഷ ശോഭയുള്ളതുമായ ആ ബിംബം തിരുമുമ്പിൽ നിന്നു. അതി ന്റെ രൂപം ഭയങ്കരമായിരുന്നു. ബിംബ ത്തിന്റെ തല തങ്കം കൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും അരയും താമ്രം കൊണ്ടും തുട ഇരു മ്പുകൊണ്ടും കാൽ പാതി ഇരുമ്പു കൊണ്ടും പകുതി കളിമണ്ണുകൊണ്ടു മായിരുന്നു. തിരുമനസ്സുകൊണ്ടു നോക്കികൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറന്നുവന്നു ബിംബത്തെ ഇരുമ്പും കളിമണ്ണും കൊ ണ്ടുള്ള കാലിൽ അടിച്ചു തകർത്തു കളഞ്ഞു. ഇരുമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരു പോലെ തകർന്നു വേനല്ക്കാലത്തു കളത്തിലെ പതിർപോലെ ആയി ത്തീർന്നു; ഒരിടത്തും തങ്ങാത്തവണ്ണം കാറ്റു അവയെ പറപ്പിച്ചുകൊണ്ടു പോയി; ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു" (ദാനീ 2:31-35)

ഈ സ്വപ്നത്തിനു ദാനീയേൽ നൽകിയ വ്യാഖ്യാനം ഇപ്രകാരമായി രുന്നു: "രാജാവേ, തിരുമനസ്സുകൊണ്ടു രാജാധിരാജാവാകുന്നു. സ്വർഗ്ഗസ്ഥ നായ ദൈവം തിരുമനസ്സിലേക്കു രാജ ത്വവും ഐശ്വര്യവും ശക്തിയും മഹ ത്വവും നൽകിയിരിക്കുന്നു............ പൊന്നുകൊണ്ടുള്ള തല തിരുമനസ്സു കൊണ്ടു തന്നെ" (ദാനീ 2: 37, 38)

അതായത് തങ്കം കൊണ്ടുള്ള തല പ്രതിനിധാനം ചെയ്യുന്നത് നബൂഖദ് നസർ രാജാവിനെയാണ് അഥവാ ബാബിലോണിനെയാണ്.

പ്രാചീന നാഗരികതകളിൽ ഏറ്റവും പഴക്കമുള്ള മെസെപെട്ടോമിയയിലെ ഇതര രാഷ്ട്രങ്ങളേക്കാൾ ബാബിലോ ണിയ പ്രതാപത്തോടെ ആധിപത്യം വഹിച്ചിരുന്നു. നബൂഖദ് നസർ രാജാ വിന്റെ പിതാവ് നെബോപ്പൊളാസർ രാജാവ് ബി. സി. 626 - 612 വരെയുള്ള കാലയളവിൽ മെസെപെട്ടോമിയയിലെ ഇതര രാഷ്ട്രങ്ങൾ വിട്ടതായ ദേശ ങ്ങളെ ഞെരിച്ചുടക്കുകയും പുതിയ ബാബിലോണിന്റെ സ്ഥാപകനാവു കയും ചെയ്തു. പിന്നീട് മകൻ നബൂ ഖദ്നസർ രാജാവ് ബാബിലോണിനെ സ്വർണ്ണ സാമ്രാജ്യമാക്കിത്തീർത്തു. തുടർന്നു ബി. സി 605 മുതൽ 539 വരെ ബാബിലോണിയ മഹാശക്തി പ്രതാപ ത്തോടെ ആധിപത്യം വഹിച്ചു.

ദാനിയേൽ വ്യാഖ്യാനം തുടരുന്നു.

"തിരുമനസ്സിലെ ശേഷം തിരുമേനി യേക്കാൾ താണതായ മറ്റൊരു രാജ ത്വവും സർവ്വഭൂമിയിലും വാഴുവാനിരി ക്കുന്നതായി താമ്രം കൊണ്ടുള്ള മൂന്നാ മതൊരു രാജത്വവും ഉത്ഭവിക്കും." (ദാനീ. 2:39)

ബാബിലോണിയക്കുശേഷം ആധി പത്യത്തിൽ വരുന്ന മറ്റൊരു രാജ്യത്തെ യാണ് വെള്ളികൊണ്ടുള്ള നെഞ്ചും കയ്യും പ്രതിനിധാനം ചെയ്യുന്നത്. ഇത് മീദീയ എന്ന പേർഷ്യൻ സാമ്രാജ്യ ത്തെയാണ് സൂചിപ്പിക്കുന്നത്. ഇവർ ബാബിലോണിനെ പരാജയപ്പെടുത്തി ബി. സി. 539 മുതൽ 331വരെ സുശ ക്തമായ പ്രതാപഗരമയിലായിരുന്നു.

താമ്രം കൊണ്ടുള്ള അരയും വയറും ഗ്രീസ് സാമ്രാജ്യത്തെ പ്രതിനിധാനം ചെയ്യുന്നു. "സർവ്വഭൂമിയിലും വാഴുവാ നായിരിക്കുന്നതായി താമ്രം കൊണ്ടുള്ള മൂന്നാമതൊരു രാജത്വം" (ദാനീ 2:39 ഭാഗിക വാക്യം) ഇത് ഗ്രീക്കു രാജാവായിരുന്ന മഹാനായ അലക്സാണ്ടർ നടത്തിയ പടയോ ട്ടത്തെയാണ് സൂചിപ്പിക്കുന്നത്. വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം അതി ശീഘ്രത്തിൽ അന്ന് അറിയപ്പെട്ടിരുന്ന രാജ്യങ്ങളെയൊക്കെയും പിടിച്ചടക്കി. മഹാ പ്രതാപത്തോടെ ഗ്രീസ് ബി. സി. 331 മുതൽ 168 വരെ അജയ്യമായി നില കൊണ്ടു.

തുടർന്നു ദാനീയേൽ ഇപ്രകാരം വ്യാഖ്യാനിക്കുന്നു.

"നാലാമത്തെ രാജത്വം ഇരുമ്പു പോലെ ബലമുള്ളതായിരിക്കും; ഇരു മ്പു സകലത്തെയും തകർത്തു കീഴട ക്കുന്നുവല്ലോ. തകർക്കുന്ന ഇരുമ്പു

പോലെ അതു അവയെ ഒക്കെയും ഇടിച്ചു തകർത്തുകളയും" (ദാനീ 2:40)

ബിംബത്തിന്റെ ഇരുമ്പുകൊണ്ടുള്ള തുട ഉരുക്കുപോലെ അതിശക്തമായ റോമാ സാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു. അലക്സാണ്ടറുടെ ഗ്രീക്ക് സാമ്രാജ്യത്തെ പരാജയപ്പെടുത്തി ബി. സി. 168 മുതൽ എ. ഡി. 476 വരെ റോമക്കാർ ലോകത്തെ അടക്കിവാണു. അതുല്യമായ റോമാ സാമ്രാജ്യത്തിന്റെ ഉജ്ജ്വല ചരിത്രം വർണ്ണനാതീതമാണ്.

ദാനീയേലിന്റെ വ്യാഖ്യാനത്തിൽ തുടർന്നു നാം ഇപ്രകാരം വായിക്കുന്നു.

" കാലും കാൽവിരലും കാൽപാതികളും കളിമണ്ണും പാതി ഇരുമ്പുകൊണ്ടുള്ളതുമായി കണ്ടതിന്റെ താല്പര്യമോ: അതു ഒരു ഭിന്ന രാജത്വം ആയിരിക്കും. കാൽ വിരൽ പാതി ഇരുമ്പും പാതി കളിമണ്ണും കൊണ്ടു ആയിരുന്നതുപോലെ രാജത്വം ഒട്ടുബലമുള്ളതും ഒട്ടു ഉടഞ്ഞുപോകുന്നതുമായിരിക്കും. (2:41,42)

മേൽ വാകൃത്തിൽ കാൽ പാതി ഇരുമ്പും പാതി കളിമണ്ണുമാണെന്നും അത് ഭിന്ന രാജത്വമായിരിക്കുമെന്നുള്ള വിവരണം റോമാ സാമ്രാജ്യം യൂറോപ്പിന്റെ പകുതിയും ഏഷ്യയുടെ പകുതിയും ആവരണം ചെയ്യപ്പെടുമെന്ന വസ്തുതയെക്കുറിച്ചാണ്. റോമാ സാമ്രാജ്യം യൂറോപ്യൻ രാജ്യങ്ങളെ മാത്രമല്ല ഏഷ്യൻ രാജ്യങ്ങളെയും അധീനതയിലാക്കുമെന്ന് ഇതിനർത്ഥം.

എന്നാൽ വാക്യം ദാനീയേൽ 2:42ൽ പറയപ്പെട്ട കാൽ വിരലുകൾ ഒട്ടുബലമുള്ളതും ഒട്ടു ഉടഞ്ഞുപോകുന്നതുമായിരിക്കുമെന്നു പറഞ്ഞതിന്റെ താല്പര്യം ഇതാണ്.

റോമാ സാമ്രാജ്യം പത്തു രാജ്യങ്ങളായി വിഭജിക്കപ്പെടുമെന്നും (പത്തു കാൽവിരലുകൾ ഇതാണ് പ്രതിനിധാനം ചെയ്യുന്നത്) അതിൽ ചിലത് ബലത്തോടെ നിലനിൽക്കും. ചിലത് ഉടഞ്ഞുപോയി നാമാവശേഷമായിത്തീരുന്നതാണ്. എ.ഡി. 351 മുതൽ 476 വരെയുള്ള 125 വർഷത്തിനിടയിൽ റോമാസാമ്രാജ്യം പത്തുരാജ്യങ്ങളായി ശിഥിലീകരിക്കപ്പെട്ടു. അതിൽ ഏഴു രാഷ്ട്രങ്ങൾ ഒട്ടുബലത്തോടെ നിലനിൽക്കുകയും മൂന്നു രാജ്യങ്ങൾ ഉടഞ്ഞുപോകുകയുമുണ്ടായി.

ഉടഞ്ഞുപോയ രാജ്യങ്ങൾ എ. ഡി. 476 ൽ ഹെറുളിയും 489 ൽ വാൻഡൽസും 534 ൽ ഓസാട്രോഗാത്തും ആകുന്നു. ഈ മൂന്നു രാജ്യങ്ങൾക്കും ശത്രുക്കളെ തടഞ്ഞുനിർത്താനുള്ള പ്രതിരോധ ശേഷി ഇല്ലാതിരുന്നതിനാൽ അവർ പോപ്പിനെ ആശ്രയിക്കുകയും അങ്ങനെ ആ മൂന്നു രാജ്യങ്ങളും പോപ്പിന്റെ അധീനതയിലായിത്തീരുകയുംചെയ്തു. ഒട്ടുബലത്തോടെ (ഇസ്ലാമിന്റെ ആവിർഭാവം വരെ) നിലനിന്ന മറ്റു ഏഴ് രാജ്യങ്ങൾ താഴെ പറയുന്നവയാണ്.

വിസിഗോത്സ് (Visigoths), അലമനി (Alemanni), ഫ്രാങ്ക്സ് (Franks) ന്യൂമി (Suevi), ബർഗാൻഡിയൻസ് (Burgandians) , സോക്സൺസ് (Soxons) ലംബാർഡ്സ് (Lombards) എന്നിവയാണ്.

ഇരുമ്പും കളിമണ്ണും ഇടകലർന്നു കണ്ടതിന് ദാനീയേൽ ബഹുമുഖ വ്യാഖ്യാനങ്ങളാണ് നൽകുന്നത്. മറ്റൊരു വ്യാഖ്യാനം ദാനീയേൽ തുടർന്നു പറയുന്നത് ശ്രദ്ധിക്കുക.

"ഇരുമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതിന്റെ താല്പര്യമോ: അവർ മനുഷ്യബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരുമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുകയില്ല." (ദാനീ 2:43)

അതായത് യൂറോപ്പിലെയും ഏഷ്യയിലെയും ജനങ്ങൾ വിവാഹത്തിൽ പരസ്പരം ബന്ധപ്പെടുമെങ്കിലും അവർ തമ്മിൽ സംസ്ക്കാരപരമായി വിഭിന്നരാകയാൽ അഭികാമ്യമായി ചേർന്നു പോകുകയില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

## ഇസ്ലാമിന്റെ ആവിർഭാവത്തെക്കുറിച്ചുള്ള പ്രവചനം

സ്വപ്നത്തിന്റെ മർമ്മപ്രധാനമായ ഭാഗമാണ് ഇനി വിശകലനം ചെയ്യുന്നത്. നബൂഖദ്നസർ രാജാവ് ബിംബത്തെ ദർശിച്ചുകൊണ്ടിരിക്കെ ഒരു മഹാത്ഭുതം സംഭവിക്കുന്നു. ശ്രദ്ധിക്കുക:

"തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറന്നുവന്നു ബിംബത്തെ ഇരുമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽകാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാത്തവണ്ണം കാറ്റു അവയെ പറപ്പിച്ചുകൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു" (ദാനീ 2:34, 35)

ഇസ്ലാമിന്റെ ആവിർഭാവം, ഭൗതികതയുടെ പ്രതിബിംബത്തിൽ ലയിച്ച രാജ്യങ്ങൾക്ക് നാശത്തിന് ഹേതുഭൂതമായി ഭവിക്കുമെന്ന തത്വമാണ് ഈ പ്രവചനത്തിലടങ്ങിയിട്ടുള്ളത്.

നബൂഖദ്നസർ രാജാവ് ബിംബത്തെ നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ല് പറന്നുവന്ന് ബിംബത്തിന്റെ കാലിൽ അടിച്ച് അതിനെ തകർത്ത് തരിപ്പണമാക്കുന്നതാണ് കാണുന്നത്. കൈ തൊടാതെ പറന്നുവന്ന കല്ല് ഹജറുൽ അസ്വദിനെ അഥവാ ഇസ്ലാം മതത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഹജറുൽ അസ്വദ് എന്ന അരുണ നിറത്തിലുള്ള കല്ല് ബാഹ്യലോകത്തുനിന്നും ഒരത്ഭുത ദൃഷ്ടാന്തമായി ഭൂമിയിൽ പതിച്ച ഉൽക്കയാണെന്നാണ് നിഗമനം. ലോക മുസ്ലിംകളുടെ ആരാധനാലയമായ കഅ്ബാ ദൈവാലയത്തിന്റെ കിഴക്കേ മൂലയിൽ ഇസ്ലാമിന്റെ കേന്ദ്രബിന്ദുവായി അതിന്നും നിലകൊള്ളുന്നു. ഈ കല്ലിനെപ്പറ്റി സങ്കീർത്തനങ്ങൾ വാക്യം 118:22, 23 ൽ പറയുന്നത് നോക്കുക.

"വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു. ഇതു യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യം ആയിരിക്കുന്നു. (സങ്കീ. 118: 22, 23)

യേശുക്രിസ്തു മേൽ പ്രവചനത്തെ ഉദ്ധരിച്ചു ഒന്നുകൂടി വിശദമാക്കുന്നത് കാണുക.

"വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു; ഇതു കർത്താവിനാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു" എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ടു ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോട് പറയുന്നു. ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നു പോകും; അതു ആരുടെ മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു." (മത്താ. 21: 42-44)

യെശയ്യാ പ്രവാചകൻ ഇതു സംബന്ധിച്ചു പറയുന്നത് നോക്കുക:

"സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ; അവൻ തന്നെ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ. എന്നാൽ അവൻ ഒരു വിശുദ്ധമന്ദിരമായിരിക്കും. എങ്കിലും, യിസ്രയേൽ ഗൃഹത്തിനു രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയും യെരുശലേം നിവാസികൾക്കു ഒരു കുടുക്കും കെണിയും ആയിരിക്കും. പലരും അതിന്മേൽ തട്ടിവീണു തകർന്നുപോകയും കെണിയിൽ കുടുങ്ങി പിടിക്കപ്പെടുകയും ചെയ്യും." (യെശ. 8:13-15)

ഇസ്ലാമിന് അതിന്റെ പ്രാരംഭകാലത്തു തന്നെ യുദ്ധപാടവമുള്ള ശക്തമായ റോമാ സാമ്രാജ്യത്തോട് ഏറ്റുമുട്ടേണ്ടിവന്നു. റോമുമായി മുസ്ലിംകൾ ഏറ്റുമുട്ടിയ അവസരത്തിൽ റോമക്കാർ ഗ്രീസിനെ തോല്പിച്ച് ചരിത്ര പ്രാധാന്യമുള്ള പുരാതന ഗ്രീക്കു കോട്ടയായ ബൈസാന്റിയയിൽ കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ അടിസ്ഥാനവും തലസ്ഥാനവും പണിതുയർത്തി ഭൗതിക പ്രമത്തതയിൽ ലയിച്ചിരിക്കുകയായിരുന്നു.

ഇസ്ലാമിന്റെ പ്രാരംഭകാലത്ത് അറേബ്യൻ ഉപദ്വീപിനു ചുറ്റുമുള്ള ഏഷ്യാമൈനർ റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളുടെ കോളനികളായിരുന്നു. സിറിയ, പലസ്തീൻ, വടക്കൻ ആഫ്രിക്ക മുതലായ രാജ്യങ്ങൾ അവരുടെ അധിനിവേശത്തിൽ അകപ്പെട്ടവയായിരുന്നു.

റോമൻ സൈന്യം മുസ്ലിംകളെ ആക്രമിക്കാൻ പദ്ധതിയുണ്ടെന്ന അറിവു കിട്ടിയപ്പോൾ നബി തിരുമേനി (സ) തന്നെ സിറിയൻ അതിർത്തിയിലേക്ക് സൈന്യത്തെ നയിച്ചു. അന്ന് പക്ഷെ, ശരിക്കുള്ള യുദ്ധം നടന്നിരുന്നില്ല. അബൂബക്കറി (റ) ന്റെ കാലത്ത് തുറന്ന യുദ്ധം ആരംഭിക്കുന്നതുവരെ ചെറിയ ഏറ്റുമുട്ടലുകൾ തുടർന്നു പോന്നു.

ഇസ്ലാമിന്റെ തത്വശാസ്ത്രവും അത് ജനങ്ങളിൽ ഉണ്ടാക്കുന്ന അത്ഭുതകരമായ സ്വാധീനവും റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളെ പ്രകോപിതരാക്കി. ഇസ്ലാമിനെ ആക്രമിച്ചു നശിപ്പിക്കാമെന്ന് കരുതിയ ഈ രണ്ടു സാമ്രാജ്യങ്ങളെയും മുസ്ലിംകൾ വിജയകരമായി നേരിട്ടു. എ. ഡി. 637 ൽ ഉമർ ഫാറൂക്കി (റ) ന്റെ കാലത്ത് റോമാ പേർഷ്യൻ സാമ്രാജ്യങ്ങൾ മുസ്ലിംകൾക്കെതിരിൽ തോറ്റ് തുന്നം പാറുകയും നാമാവശേഷമാകുകയും ചെയ്തു. "വേനൽകാലത്തു കളത്തിലെ പതിർ പോലെ ആയിത്തീർന്നു. ഒരിടത്തും തങ്ങാത്തവണ്ണം കാറ്റ് അവയെ പറപ്പിച്ചുകൊണ്ടുപോയി" (ദാനീ 2:35)

സ്വപ്നത്തിലുള്ള കാറ്റ് നാശം വിതക്കുന്ന യുദ്ധത്തെയാണ് സൂചിപ്പിക്കുന്നത് (യിരെ 49:3537 വാകൃങ്ങൾ നോക്കുക.)

പ്രവചനത്തിൽ ഇപ്രകാരം പറയുന്നു:

"ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവ്വതമായിത്തീർന്നു. ഭൂമിയിൽ ഒക്കെയും നിറഞ്ഞു." (ദാനീ 2:25)

സ്വപ്ന വ്യാഖ്യാന ശാസ്ത്ര പ്രകാരം പർവ്വതം വിശുദ്ധ ഭരണകൂടമാകുന്നു. ഇതു തന്നെയാണ് സംഭവിച്ചത്. നബിതിരുമേനി (സ) യും ഭക്ത സഹാബാക്കളും റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളുടെ ഭരണ സാരഥികളായ കൈസർ, കിസ്രാകളെ പരാജയപ്പെടുത്തുകയും ഒപ്പം ഇസ്ലാമിന്റെ അത്യുൽകൃഷ്ടമായ തത്വസംഹിതയിൽ അന്ന് അറിയപ്പെട്ട മുഴുവൻ ലോകവും ആകർഷിതരാവുകയും ഇസ്ലാമെന്ന 'വിശുദ്ധ പർവ്വതത്തിൽ' അഭയം കണ്ടെത്തുകയും ചെയ്തു. ദാനീയേൽ വ്യക്തമാക്കുന്നത് നോക്കുക:

"ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറെ ഒരു ജാതിക്കും ഏല്പിക്കപ്പെടുകയില്ല. അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും." (ദാനീ 2:44)

ഭൗതിക പ്രമത്തതയിൽ വിരാജിച്ചിരുന്ന കൈസർ, കിസ്രാ രാജാക്കന്മാരടക്കം ഭൗതിക പ്രതിബിംബത്തിന് അസ്തിത്വം നൽകിയ എല്ലാ രാജത്വങ്ങളെയും തകർത്ത് സ്വർഗ്ഗസ്ഥനായ ദൈവം തിരുനബി (സ) യിലൂടെ ഒരു നാളും നശിച്ചുപോകാത്ത ദൈവരാജ്യം സ്ഥാപിച്ചു. ❍

*(മൂന്നാം അദ്ധ്യായത്തിന്റെ വിശകലനം അടുത്ത ലക്കത്തിൽ)*

## വിജ്ഞാനി ചന്ദ്രനെപ്പോലെ

എല്ലാ ഗ്രഹങ്ങളെക്കാളും ചന്ദ്രൻ ഉയർന്ന് നിൽക്കുന്നത് പോലെ വിജ്ഞാനി ആരാധകനേക്കാൾ മേലെയാണ്. ജ്ഞാനികൾ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ് പ്രവാചകന്മാർ ജ്ഞാനമല്ലാതെ ദീനാറുകളും ദിർഹമുകളും വിട്ടേച്ച് പോകുന്നില്ല. ആരാണോ അറിവ് അന്വേഷിക്കുന്നത് അവന് അതിന്റെ ഭാഗം ലഭിക്കും.

***മുഹമ്മദ് നബി (സ) (അബുദാവൂദ്, തിർമ്മിദി)***

റിപ്പോർട്ട്

# 37-ാമത് ലണ്ടൻ അഹ്മദിയ്യാ സമ്മേളനം സമാപിച്ചു

**കെ. എ. നദീർ, കോഴിക്കോട്**

യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റെ 37-ാം വാർഷിക സമ്മേളനം ലണ്ടനിനടുത്തുള്ള ടിൽഫോർഡിൽ (ഇസ്‌ലാമാബാദ്) 25 ഏക്കർ സ്ഥലത്ത് സ്ഥാപിച്ച വേദിയിൽ 2003 ജൂലായ് 25, 26, 27 വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ വിജയകരമായി സമപിച്ചു. ദിവംഗതനായ നാലാം ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ന്റെ വിയോഗത്തെ തുടർന്ന് അഞ്ചാം ഖലീഫ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്ന്റെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ ജലസയിൽ പങ്കെടുക്കുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അഹ്മദിയ്യ സഹോദരിസഹോദരന്മാർ ലണ്ടനിലേക്ക് ഒഴുകിയെത്തി. ഈ വർഷം നടന്ന സമ്മേളനത്തിൽ 81 രാജ്യങ്ങളിൽ നിന്ന് 25000 പ്രതിനിധികളായിരുന്നു പങ്കെടുത്തത്.

25-ാനു വെള്ളിയാഴ്ച ഖലീഫതിരുമനസ്സിന്റെജുമുഅ ഖുതുബയോട്കൂടി ഈ ആത്മീയ സംഗമത്തിന് ആരംഭം കുറിച്ചു. അതിന് ശേഷം അദ്ദേഹം അഹ്മദിയ്യത്തിന്റെ പതാക ഉയർത്തികൊണ്ട് സമ്മേളനം ഉൽഘാടനം ചെയ്യുകയുണ്ടായി. തഖ്‌വയെകുറിച്ചും, ഈമാനെകുറിച്ചും 1897-ൽ ഹസ്റത്ത് മസീഹ് മഊദ് (അ) നിർവ്വഹിച്ച ഉപദേശങ്ങളായിരുന്നു. തീർച്ചയായും അല്ലാഹു തഖ്‌വയുള്ള വരുടെ കൂടെയാണ്. ഒരു രോഗിയെ ചികിത്സിക്കുന്നത് പോലെ എത്ര ചെറിയ രോഗമായാലും ചികിത്സയില്ലെങ്കിൽ അതൊരിക്കലും ഭേദമാകുകയില്ല അതു പോലെ തന്നെയാണ് ചെറിയ ചെറിയ ന്യൂനതകളെ ക്കുറിച്ച് ശ്രദ്ധിച്ചില്ലെങ്കിൽ അത് വലിയ പാപമായി തീരുന്നത്. കർമ്മങ്ങൾ നന്നായിട്ടില്ലെങ്കിൽ, സൽപ്രവൃത്തി നന്നായിട്ടില്ലെങ്കിൽ, ഹൃദയം ശുദ്ധമല്ലെങ്കിൽ പാപ കർമ്മങ്ങൾ സംജാതമാകുന്നു. അങ്ങിനെ അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുകയും ചെയ്യുന്നു. എന്റെ ജമാഅത്തിലുള്ളവർ ഒരിക്കലും അങ്ങിനെ ആവാൻ പാടില്ല. ദുആയെക്കുറിച്ചും ദുആയുടെ സ്വീകാര്യതയെക്കുറിച്ചും നന്മകളിൽ മുന്നേറുന്നതിനെക്കുറിച്ചും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്നതിനെക്കുറിച്ചും ഹസ്റത്ത് മസീഹ് മഊദ് (അ) ജമാഅത്തിനോട് ചെയ്ത ഹൃദയസ്പൃക്കായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അതിന്റെ ഗാംഭീര്യതയോടുകൂടിയായിരുന്നു ഹസ്റത്ത് - അമീറുൽ മുഅ്മിനീൻ വായിച്ചുകേൾപ്പിച്ചത്. പരീക്ഷണങ്ങൾ ജീവിതത്തിലാവശ്യമാണ്. ഖുർആനിക അദ്ധ്യാപനമനുസരിച്ചു ജീവിക്കാൻ ശ്രമിക്കണം. അതാണ് നബി തിരുമേനി (സ) നമുക്ക് കാണിച്ചുതരുന്ന മാതൃക. ശത്രുക്കളുടെ എന്തെല്ലാം ദ്രോഹങ്ങൾ അദ്ദേഹം സഹിച്ചു. എന്നിട്ടും തഖ്‌വയിൽ അടിയുറച്ചു ജീവിച്ചു. ഹസ്റത്ത് മസീഹ് മഊദ് (അ) ന്റെ ആഗ്രഹമനുസരിച്ച് നമുക്കും നമ്മുടെ വരുംകാല തലമുറക്കും ജീവിക്കുവാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ എന്ന് ഹുസൂർ തിരുമനസ്സ് ദുആ ചെ യ്യുകയുണ്ടായി. അഞ്ച് നേരം കൃത്യനിഷ്ഠതയോടെ നമസ്കാരമനുഷ്ഠിക്കുന്നതിൽ ശ്രദ്ധ ചെലുത്തണമെന്ന് ജമാഅത്തിനെ ഉപദേശിച്ച ഹുസൂർ തിരുമനസ്സ് ഇസ്ലാമിക പർദ്ദയെക്കുറിച്ചും ദുർനോട്ടങ്ങളിൽ നിന്ന് ദൂരസ്ഥമായിരിക്കാനും ഉപദേശിക്കുകയുണ്ടായി. ഇന്നത്തെ ഈ പരിഷ്കരിച്ച കാലഘട്ടത്തിൽ ഇന്റർനെറ്റ് മുഖേന യുവതലമുറ പല ദുസ്വഭാവങ്ങളിലും ഏർപ്പെടുന്നുണ്ടെന്നും അഹ്മദി യുവാക്കളിൽ ഈ ദുസ്വഭാവം ഉണ്ടാവാൻ പാടില്ല എന്നും ഹുസൂർ ഉപദേശിക്കുകയുണ്ടായി.

26. 03. 07 ന് ഹുസൂർ തിരുമനസ്സ് ലജ്ന ഇമാഇല്ലായെ സംബോധന ചെയ്തുകൊണ്ട് വിജ്ഞാനപ്രദമായ പല ഉപദേശ നിർദ്ദേശങ്ങളും നല്കിയതോടൊപ്പം ഇസ്ലാമിൽ സ്ത്രീകൾക്കുള്ള പ്രാധാന്യവും അവരുടെ കടമകളും വിവരിക്കുകയുണ്ടായി.

സമ്മേളന സെഷനുകളിൽ അഹ്മദി പണ്ഡിതന്മാർ ഇസ്ലാമിലെ കാര്യപ്രസക്തമായ പല വിഷയങ്ങളെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. മൗലാന ലയീഖ് അഹ്മദ് ത്വാഹിർ സാഹിബ് "ജിഹാദിനെ" ക്കുറിച്ചും ഈ കാലഘട്ടത്തിൽ ഏത് തരം ജിഹാദാണ് അനിവാര്യമായിട്ടുള്ളതെന്നും, ഹസ്റത്ത് മസീഹ് മഊദ് (അ) ഈ കാലത്ത് പേനകൊണ്ടുള്ള ജിഹാദിന്റെ ആഹ്വാനവുമായിട്ടാണ് അവതീർണ്ണനനായിരിക്കുന്നത് എന്നും തന്റെ പ്രഭാഷണത്തിൽ വിശദീകരിക്കുകയുണ്ടായി.

മൗലാന അത്താഉൽ മുജീബ്

റാശിദ് സാഹിബ് (ഇമാം, മസ്ജിദ് ലണ്ടൻ) " അഹ്മദിയ്യത്ത് ഈ ലോകത്തിന് എന്ത് നൽകി" എന്ന വിഷയത്തെക്കുറിച്ച് വിജ്ഞാനപ്രദമായ ഒരു പ്രഭാഷണം നടത്തി. 1957 ലെ റബ്വ ജലസ്സയിൽ ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാ : (റ) ദിക്ക്റെ ഹബീബ് എന്ന വിഷയത്തെ ആസ്പദമാക്കി നിർവ്വഹിച്ച പ്രഭാഷണം വീഡിയോവിലൂടെ പ്രദർശിപ്പിക്കുകയുണ്ടായി. 26. 03. 07 ശനിയാഴ്ച അവസാന സെഷനിൽ കഴിഞ്ഞ വർഷം അഹ്മദിയ്യാ ജമാഅത്ത് കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചും ഹസ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് വിശദമായി തന്നെ പ്രതിപാദിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ 176 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം സ്ഥാപിതമായിക്കഴിഞ്ഞു. ഈ വർഷം കൈവരിച്ച നേട്ടങ്ങളിൽ പ്രധാനപ്പെട്ടത് ക്യൂബയിൽ അഹ്മദിയ്യത്ത് സ്ഥാപിക്കാൻ കഴിഞ്ഞു എന്നതാണ്. ഡൽഹിയിൽ നിന്ന് ജോലി ആവശ്യാർത്ഥം ക്യൂബയിൽ പോയിരുന്ന ജനാബ് മുഫീദുൽ ഇസ്ലാം എന്ന അഹ്മദി സഹോദരന്റെ പ്രയത്നം മൂലമാണ് അവിടെ ജമാഅത്ത് സ്ഥാപിതമായതെന്നും ഇപ്പോൾ അവിടെ ഹവാനയിൽ 14 പേർ ബൈഅത്ത് ചെയ്തുകഴിഞ്ഞെന്നും ഹുസൂർ പറയുകയുണ്ടായി.

പാകിസ്ഥാനെ കൂടാതെ കഴിഞ്ഞ വർഷം ലോകത്ത് 518 പുതിയ ജമാഅത്ത് രൂപം കൊള്ളുകയുണ്ടായി. ഇന്ത്യയിൽ മാത്രം 220 പുതിയ ജമാഅത്ത് രൂപീകൃതമായി. ഈ കാര്യത്തിൽ ഇന്ത്യയാണ് ഒന്നാം സ്ഥാനത്ത്. കഴിഞ്ഞ വർഷം 226 പള്ളികൾ ജമാഅത്തിന്റേതായിത്തീർന്നു. അതിൽ 121 പള്ളികൾ പുതുതായി നിർമ്മിച്ചു. 105 പള്ളികൾ നമുക്ക് ഇമാം സഹിതം ലഭിച്ചു. ഇന്ത്യയിൽ മാത്രം 27 പള്ളികൾ കഴിഞ്ഞ വർഷം ലഭിക്കുകയുണ്ടായി. ലോകത്തിന്റെ അറ്റം എന്ന് വിശേഷിപ്പിക്കുന്ന ഫിജിയിലെ മില്ലീനിയം ദ്വീപിൽ ബൈത്തുൽ ജാമിഅ് എന്ന പേരിൽ നല്ലൊരു പള്ളി നിർമ്മിച്ച് കഴിഞ്ഞു. ഇപ്പോൾ ലോകത്ത് മുഴുവനും അഹ്മദിയ്യാ ജമാഅത്തിന് 13225 പള്ളികൾ ഉണ്ടെന്നും പാകിസ്ഥാനിലെ ചില അഹ്മദി പള്ളികൾ ശത്രുക്കൾ ശഹീദാക്കിയതിന്റെ പ്രതിഫലമാണ് ഇതെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു. മിഷ്യൻ ഹൗസുകൾ കഴിഞ്ഞ വർഷം 281 സ്ഥാപിച്ചു. 85 രാഷ്ട്രങ്ങളിലായി 1239 മിഷ്യൻ ഹൗസുകളുണ്ട്. ഇന്ത്യയിൽ മാത്രം 181. ഒന്നാം സ്ഥാനം ഇന്ത്യയാണ്. 57 ഭാഷകളിൽ വിശുദ്ധഖുർആന്റെ പരിഭാഷ പൂർത്തിയായിരിക്കുന്നുവെന്ന് ഹുസൂർ തിരുമനസ്സ് അറിയിച്ചു. അതുപോലെ ഇസ്ലാം മതതത്വജ്ഞാനം 53 ഭാഷകളിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും ഹുസൂർ പറയുകയുണ്ടായി. അതുപോലെ അറബി ഭാഷയിൽ കിശ്തി - നൂഹ് Revelation Rationality Knowledge and Truth, Tafseer Sageer, എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച വിവരം ഹുസൂർ അറിയിച്ചു. വെബ് സൈറ്റിൽ ഹസ്റത്ത് മസീഹ് ഊദ് (അ) ന്റെ പ്രധാനപ്പെട്ട ചില ഗ്രന്ഥങ്ങൾ ലഭ്യമാണെന്നും അതിൽ മൽഫുസാത്ത് ബർക്കാത്തെ ദുആ, ഇസ്ലാം മതതത്ത്വജ്ഞാനം, ഖലീഫ റാബിഅ് (റഹ്ർ) യുടെ 65 ഖുർആൻ ക്ലാസുകളും, ഹോമിയോ ക്ലാസുകളും പെടും. മനുഷ്യത്വത്തെക്കുറിച്ചും ജീവകാരുണ്യത്തെക്കുറിച്ച് ജമാഅത്തിന്റെ ഈ രംഗത്തെ സേവനങ്ങളെക്കുറിച്ചും ഹുസൂർ തിരുമനസ്സ് സുദീർഘമായി വിവരിക്കുകയുണ്ടായി. ഖലീഫാ റാബിഅ് - (റഹ്) യുടെ വഫാത്തിനു ഒരാഴ്ച മുമ്പ് അദ്ദേഹം ചെയ്ത ഖുതുബയിൽ ഇറാഖിലെ മർദ്ദിതരായ ജനങ്ങൾക്ക് സഹായമെത്തിക്കാനുള്ള പദ്ധതി ജമാഅത്തിന്റെ മുമ്പിൽ വെച്ചിരുന്നു. അതിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായിരിക്കുന്നുവെന്നും അതിനുള്ള വഴിതെളിഞ്ഞു കഴിഞ്ഞാൽ അത് വിതരണം ചെയ്യുന്നതാണെന്നും ഹുസൂർ അറിയിച്ചു.

ബൈഅത്ത് ഈ വർഷം ആഗോളതലത്തിൽ 892703 - ബൈഅത്തുകൾ നടന്നു. ഇന്ത്യയിൽ മാത്രം 119625 - ബൈഅത്തുകൾ നടന്നു. സാമ്പത്തിക രംഗത്ത് ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ 19 ശതമാനം ജമാഅത്ത് മുന്നിലാണെന്നും ഹുസൂർ അറിയിച്ചു.

സമ്മേളനത്തിന്റെ സമാപന ദിവസം 27-07-03 ന് ഇന്ത്യൻ സമയം വൈകുന്നേരം 5. 30 ന് നടന്ന ആഗോള ബൈഅത്ത് ആത്മീയാനുഭൂതി പകരുന്നതായിരുന്നു. ലോകമെമ്പാടുമുള്ള അഹ്മദികൾ ഒരേസമയം തങ്ങളുടെ പ്രിയങ്കരനായ നേതാവിന്റെ കയ്യിൽ സാറ്റലൈറ്റ് മുഖേന ബൈഅത്ത് ചെയ്യുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സുജൂദ് ചെയ്ത്കൊണ്ട് ഒരു ആത്മീയ നേതാവിന്റെ കീഴിൽ വ്യവസ്ഥാപിതമായ നിലയിൽ ഇസ്ലാമിന് വേണ്ടി സേവനം ചെയ്യുന്ന പ്രസ്ഥാനം തങ്ങളുടേത് മാത്രമാണെന്ന് ഒരിക്കൽ കൂടി തെളിയിക്കുകയുണ്ടായി. അന്ന് രാത്രി ഇന്ത്യൻ സമയം 9 മണിക്ക് നടന്ന സമാപന യോഗത്തിൽ ഹുസൂർ തിരുമനസ്സ് ബൈഅത്തിനെക്കുറിച്ചും ബൈഅത്തിന്റെ നിബന്ധനകളെക്കുറിച്ചും ഹസ്റത്ത് മസീഹ് മഊദ് (അ) നൽകിയ വിജ്ഞാനപ്രദമായ അദ്ധ്യാപനങ്ങൾ വിവരിച്ചുകൊണ്ട് നമ്മുടെ ഈമാന് ദൃഢത തന്നനുഗ്രഹിച്ചു. ഹുസൂറിന്റെ ഹൃദയസ്പർക്കായ കൂട്ട പ്രാർത്ഥനക്കു ശേഷം ഈ സമ്മേളനം ആത്മീയമായ ഒരന്തരീക്ഷം സംജാതമാക്കി സമംഗളം പര്യവസാനിച്ചു. സമ്മേളാനന്തരം അന്തരീക്ഷം തക്ക്ബീർധ്വനികളാലും ലാഇലാഹുല്ലല്ലാ മുഹമ്മദു റസൂലുല്ലാ എന്ന പരിശുദ്ധ കലിമാധ്വനികളാലും ഒരനുഗ്രഹീത തരംഗം സൃഷ്ടിക്കുകയുണ്ടായി.

ഈ സമ്മേളനത്തിലെ മൂന്ന് ദിവസങ്ങളിൽ നടന്ന യോഗങ്ങളിൽ ആശംസാ പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

മി. എഡ്വേർഡ് ഡ്രോയി. ബ്രിട്ടീഷ് ലേബർ പാർട്ടി & പാർലിമെന്ററി. ഡെപ്യൂട്ടി ലീഡർ ഹിസ് ഹൈനൻസ് കൊളമ്പാ ബ്ലേഗോ. മേയർ - സൗത്ത് വാർക്ക് (സിരാലിയോൺ) മുതലായ നിരവധി പ്രഗത്ഭമതികൾ പങ്കെടുത്തു.

❍

കുറിപ്പുകൾ
മുസാഫിർ

# രാമക്ഷേത്ര നിയമനിർമ്മാണം മുസ്‌ലിം കക്ഷികളും, മുസ്‌ലിം ലീഗും ഓർക്കേണ്ടത്

മത വിശ്വാസ സ്വാതന്ത്ര്യത്തിന്റെ പറുദീസ എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാവുന്നതാണ് ഇന്ത്യൻ ഭരണഘടന. ഇസ്‌ലാമിന്റെ മത സ്വാതന്ത്ര്യ സങ്കൽപത്തെ ഒരു പരിധി വരെ സാക്ഷാൽക്കരിക്കുന്ന മഹനീയ രേഖയായി നമുക്കതിനെ വിശേഷിപ്പിക്കാം. ''ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ, ഇന്ത്യയിലെ ഒരു പരമാധികാര സോഷ്യലിസ്റ്റ് സെക്കുലർ ജനാധിപത്യ റിപ്പബ്ളിക്കായി സംഘടിപ്പിക്കുന്നതിനും...'' എന്നു തുടങ്ങി ആരംഭിക്കുന്ന ഇന്ത്യൻ ഭരണഘടന പൗരന്റെ മതസ്വാതന്ത്ര്യത്തിന് 25 മുതൽ 28 വരെയുള്ള വകുപ്പുകളിലൂടെ സുശക്തമായ സംരക്ഷണമാണ് നൽകിയിരിക്കുന്നത്. ഏത് മതമായികൊള്ളട്ടെ അത് വിശ്വസിക്കാനും, ആചരിക്കാനും, പ്രബോധിക്കാനും വിട്ടുപോരാനും മത പരമായ അസോസിയേഷനുകളും സംഘടനകളും രൂപീകരിക്കാനുമുള്ള അവകാശം പൗരന് ഇന്ത്യൻ ഭരണ ഘടന ഉറപ്പ് നൽകുന്നു. ഇന്ത്യൻ ഭരണ ഘടനയുടെ സെക്കുലർ വീക്ഷണത്തെ സംബന്ധിച്ച് ഭരണഘടനാ നിർമ്മാണ വേളയിൽ പാർലമെന്റിൽ നടന്ന ചർച്ചയിൽ ഡോ: അംബേദ്കർ താഴെ പറയുന്ന വിധത്തിൽ വിശദീകരണം നൽകി. “ഏതെങ്കിലും പ്രത്യേക മതം മറ്റുള്ള ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ പാർലമെന്റിന് അർഹതയുണ്ടായിക്കൂടെന്ന് മാത്രമാണ് മതേതരമെന്നതിന് ആകെകൂടിയുള്ള അർത്ഥം. (പാർലിമെന്ററി ഡിബേറ്റ്സ്. 1951) മറ്റൊരു പാർലിമെന്റംഗമായ ലക്ഷ്മീ കാന്ത് മൈത്രേയുടെ അഭിപ്രായത്തിൽ സെക്കുലരിസം ഇങ്ങനെ വിവരിക്കപ്പെട്ടു. ‘ഏതെങ്കിലും വിധത്തിലുള്ള മത വിശ്വാസം പുലർത്തുന്ന ഒരാൾക്കെതിരായി മതത്തിന്റേയോ സമൂഹത്തിന്റേയോ പേരിൽ എന്തുതന്നെയായാലും സ്റ്റേറ്റ് പക്ഷപാതമൊ ന്നും കാട്ടാനൊരുങ്ങുകയില്ലെന്നാണ് മതേതര രാഷ്ട്രമെന്നതുകൊണ്ട് ഞാൻ മനസ്സിലാക്കുന്നത്. ഒരു പ്രത്യേക മതത്തിനും സ്റ്റേറ്റിന്റെ രക്ഷാധികാരിത്വം ഒരു തരത്തിലും ലഭിക്കില്ലെന്ന് സാരം. ഏതെങ്കിലും മതങ്ങളെ ഒഴിവാക്കിക്കൊണ്ടോ ഒരു പ്രത്യേകമതം സ്ഥാപിക്കാനോ അതിന്റെ രക്ഷാധികാരിയായിരിക്കാനോ അതിനു ദാനം ചെയ്യാനോ സ്റ്റേറ്റിന് ഉദ്ദേശ്യമില്ല. ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നുവെന്നത് കൊണ്ട് മാത്രം രാഷ്ട്രത്തിലെ ഒരു പൗരനോട് മുൻഗണനയോടുള്ള പെരുമാറ്റമോ അയാൾക്കെതിരായുള്ള എന്തെങ്കിലും വിവേചനമോ ഉണ്ടാവില്ല. മറ്റുവിധത്തിൽ പറഞ്ഞാൽ ഏതെങ്കിലും പ്രത്യേക മതാവലംബനം പരിഗണനാർഹമാക്കുകയേ ഇല്ല. ഇതാണ് ഒരു സെക്കുലർ രാഷ്ട്രത്തിന്റെ സത്തയെന്ന് ഞാൻ കരുതുന്നു. (Constituant Assembly Debates Vol VII P. 831) ഉദ്ധരണം- ‘ഇന്ത്യൻ ഭരണഘടന’ ഡോ : എം.വി. പൈലി

അയോദ്ധ്യയിൽ രാമക്ഷേത്രം നിർമ്മിക്കാൻ തടസ്സമായി നിൽക്കുന്ന ഇന്ത്യൻ ഭരണഘടനയെ മറികടക്കാൻ പാർലമെന്റിൽ നിയമം കൊണ്ടുവരുമെന്നാണ് സംഘ് പരിവാർ പറയുന്നത്. രാമക്ഷേത്ര നിർമ്മാണം നീതിപീഠങ്ങളിലൂടെ സാധ്യമാവില്ല എന്ന് കരുതുന്ന സംഘ് പരിവാർ രാമക്ഷേത്രത്തിന് വേണ്ടിയുള്ള ഉൽഖനനവും സന്യാസ പ്രമുഖനായ കാഞ്ചി ശങ്കരാചാര്യരുടെ മാധ്യസ്ഥശ്രമവും നടത്തിയെങ്കിലും പരാജയമായി കലാശിക്കുകയാണ് ഉണ്ടായത്. രാമക്ഷേത്ര നിർമ്മാണം ഒരിക്കലും നീതിയുക്തമായ മാർഗ്ഗങ്ങളിലൂടെ നടത്താൻ സാധ്യമല്ല എന്ന് ഉറപ്പായതോടെ പാർലമെന്റിൽ ഭൂരിപക്ഷത്തിന്റെ ബലത്തിൽ നിയമംകൊണ്ട് വരണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ബി.ജെ.പി. സർക്കാറും അതിന് അനുകൂലമായ നിലപാടാണ്. ഭരണഘടനാഭേദഗതിയ്ക്ക് പാർലമെന്റിൽ മതിയായ ഭൂരിപക്ഷം ബി.ജെ.പിക്ക് ഇല്ല. 1993ലെ അയോദ്ധ്യാ ആക്ട് പ്രകാരം പാർലമെന്റിൽ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചപ്പോൾ 1994 സുപ്രീം കോടതി വിധി ആശ്രമത്തെ നിഷ്ഫലമാക്കിയിരുന്നു.

ഭരണ ഘടനയിലെ ആർട്ടിക്കിൾ 25 പ്രകാരം ഏത് മതമാവട്ടെ അതിൽ വിശ്വാസ പ്രഖ്യാപനം നടത്താനും, ആചരിക്കാനും, പ്രബോധിക്കാനും അവകാശമുണ്ടായിരിക്കും. ഈ ആർട്ടിക്കിളിന്റെ ഉപവകുപ്പുപ്പിൽ “മതാചരണവുമായി ബന്ധപ്പെട്ട സാമ്പത്തികമോ, മതപരമോ, രാഷ്ട്രീയമോ മറ്റു വ്യവഹാരികമോ ആയ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ സ്റ്റേറ്റിന് അധികാരമുണ്ട്” എന്ന് കാണാം. ഈ ഉപവകുപ്പ് ഉപയോഗിച്ച് മതകാര്യങ്ങളിൽ പാർലമെന്റിന് ഇടപെടാമെന്നാണ് സംഘ്പരിവാർ വാദം. വാസ്തവത്തിൽ ഭൗതികവും സാമൂഹികവുമായ കാര്യങ്ങളിൽ മതം ഇടപെടുമ്പോൾ തന്നെ അത് ഒരു ഭൗതിക കാര്യമായി വരുന്നു. അത് നിയന്ത്രിക്കാൻ രാജ്യത്തിന്റെ നിലവിലുള്ള നിയമങ്ങൾ തന്നെമതി. വ്യക്തിനിയമം, സാമൂഹ്യക്ഷേമം, സാമ്പത്തിക ഇടപാട്, മത സ്ഥാപനങ്ങളുടെ സ്വത്തുക്കളുടെ ഉട

മസ്ഥാവകാശം എന്നീ മേഖലയിലെ അഹിതകരമായ കാര്യങ്ങളുടെ നിയന്ത്രണവും കാലാകാലങ്ങളിലുള്ള പരിഷ് കരണവുമാണ് ഈ ഉപവകുപ്പ് കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അല്ലാതെ മതവിശ്വാസ തർക്കങ്ങളിലുള്ള സ്റ്റേറ്റിന്റെ ഇടപെടലല്ല. സംഘ് പരിവാറിന് രാമക്ഷേത്രം നിർമ്മാണത്തിന് ഈ ഉപവകുപ്പ് ഉപയോഗിക്കാനാവില്ല എന്നാണ് കരുതുന്നത്. സെക്കുലറിസത്തിന്റേയും മാനുഷിക നീതിയുടെയും എല്ലാ സങ്കൽപങ്ങളും കാറ്റിൽ പരത്തി രാജ്യത്ത് മുഴുവനും വർഗ്ഗീയ ധ്രുവീകരണവും കലാപങ്ങളും സംഘർഷ ങ്ങളും വളർത്തി ഒരു മതവിഭാഗത്തിന്റെ ആരാധനാലയം യാതൊരു നിതീകരണവും ഇല്ലാത്തെ പൊളിച്ചുനീക്കുകയാണ് സംഘ് പരിവാർ ചെയ് തത്. പാവനമായ ഹിന്ദുമതത്തിന്റെ സനാതന ധാർമ്മിക മൂല്യങ്ങൾ ഒരിക്കലും ഇത് അംഗീകരിക്കില്ല. ആ കുറ്റം ചെയ്തവർക്ക് തന്നെ തൽസ്ഥാനത്ത് മറ്റൊരു ആരാധനാലയം സ്ഥാ പിക്കാനുള്ള നിയമനിർമ്മാണത്തിന് ഇന്ത്യൻ പാർലമെന്റ് കൂട്ടുനിൽക്കു മോ? ബാബറി മസ്ജിദ് നിന്ന സ്ഥല ത്ത് തന്നെയാണ് ഇതിഹാസ പുരുഷനായ ശ്രീരാമചന്ദ്രൻ ജനിച്ചതെന്നും അവിടെ രാമക്ഷേത്രമുണ്ടായിരുന്നുവെന്നുമുള്ള സംഘ്പരിവാറിന്റെ വാദം പാർലമെന്റിലെ നിയമത്തോടെ സത്യമാണെന്ന് വരുമോ? അങ്ങിനെയാണെങ്കിൽ ഇന്ത്യൻ ഭരണഘടന ഉയർത്തിപിടിക്കുന്ന നിരവധി ജനാധിപത്യ മൂല്യങ്ങളുടെയും ധാർമ്മിക യുക്തിയുടെയും ലംഘനവും വർഗ്ഗീയതക്ക് വിധേയപ്പെടലുമായിരിക്കുമത്.

ജനാധിപത്യ പ്രബുദ്ധമായ നമ്മുടെ രാജ്യം ഇത്തരമൊരു നിയമനിർമ്മാണത്തിന് മുതിരാതിരിക്കട്ടെ. ബാബരി മസ്ജിദ് തകർത്തതിൽ പരിതപിക്കുകയും രാമക്ഷേത്ര നിർമ്മാണത്തിന് പാർലമെന്റിൽ നിയമം കൊണ്ടുവരുന്നതിനെ ഉപരോധിക്കുകയും ചെയ്യുന്ന ഇവിടുത്തെ മുസ്ലിം കക്ഷികൾക്കും മുസ്ലിം ലീഗിനും അത്തരം പ്രതിഷേധങ്ങൾ നടത്താൻ ധാർമ്മികാവകാശമുണ്ടോ? ഇസ്ലാമിലെ മതഫാസിസത്തിന്റെ ആചാര്യനും ജമാഅത്തെ ഇസ്ലാമി നേതാവുമായ അബുൽ അഅ്ലാ മൗദൂദിയുടെ നേതൃത്വത്തിൽ വിവിധ മുസ്ലിം കക്ഷികളുടെ രക്തരൂക്ഷിതമായ കലാപത്തെ തുടർന്ന് 1974 സെപ്തംബർ 7-ാം തിയ്യതി പാക്കിസ്ഥാൻ പാർലമെന്റ് അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയുണ്ടായി. ഇസ്ലാമിലെ എല്ലാ പ്രമാണങ്ങളിലും വിശ്വസിക്കുകയും കർമ്മാനുഷ്ഠാനങ്ങൾ ആചരിക്കുകയും മുസ്ലിംങ്ങളാണെന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്ന അഹ്മദികളെ അമുസ്ലിങ്ങളാണെന്ന് പ്രഖ്യാപിക്കാൻ ഒരു രാജ്യത്തെ പാർലമെന്റിന് അധികാരമുണ്ടോ? മതവിശ്വാസങ്ങൾ പാർലമെന്റിന്റെ ജനകീയ ഭൂരിപക്ഷമാണോ തീരുമാനമെടുക്കേണ്ടത്?. ഏറ്റവും കിരാതവും കിടിലം കൊള്ളിക്കുന്നതുമായ പാക്കിസ്ഥാൻ പാർലമെന്റിന്റെ ഈ മതസ്വാതന്ത്ര്യ ധ്വംസന നിയമം അംഗീകരിക്കുന്നവരും ആവേശപൂർവ്വം പൊതുവേദികളിൽ അതിനനുകൂലമായി പ്രസംഗിക്കുന്നവരുമാണ് ഇവിടുത്തെ ജമാഅത്തെ ഇസ്ലാമി, മുജാഹിദ്, സുന്നി, തബ്ലീഗ്, മുസ്ലിം ലീഗ് നേതാക്കന്മാരിൽ പലരും. പാക്കിസ്ഥാനിലെ പാർ ലിമെന്ററി ഭൂരിപക്ഷത്തിന്റെ ഈ നീതിഹത്യയെ അംഗീകരിക്കുകയും വാഴ്ത്തിപറയുകയും ചെയ്യുന്നു. ഇവിടുത്തെ മുസ്ലിം കക്ഷികൾക്ക് ഇന്ത്യയിലെ ഭൂരിപക്ഷം രാമക്ഷേത്ര നിർമ്മാണത്തിന് വേണ്ടി പാർലമെന്റിൽ നിയമം കൊണ്ട് വന്നാൽ എതിർക്കാൻ എന്താ ണ് ന്യായം? ബാബ്രി മസ്ജിദ് ഇവിടുത്തെ തീവ്രവാദികളായ ജനക്കൂട്ടം പൊളിച്ചപ്പോൾ പാക്കിസ്ഥാനിൽ വർഗ്ഗീയ വാദികൾക്ക് വേണ്ടി സർക്കാർ തന്നെയാണ് അഹ്മദികളുടെ പള്ളി പൊളിക്കാൻ നേതൃത്വം നൽകിയത്. അവിടെ ചങ്ങലക്ക് തന്നെയാണ് ഭ്രാന്ത്!!.

അത് പാക്കിസ്ഥാനിലെ കാര്യം അതിവിടെ എന്തിന് പറയുന്നു എന്നാണ് ചില സഹോദരന്മാരുടെ സംശയം. പാക്കിസ്ഥാനിൽ ഇസ്ലാമിന്റെ പേരിൽ നടത്തിയ ഈ കാട്ടാള കൃത്യങ്ങൾ അംഗീകരിക്കുന്നവരും അതിന് ശക്തി പകരുന്നവരും അത് ന്യായമാണെന്ന് കരുതുന്നവരുമാണ് ഇവിടുത്തെ മുസ്ലിം കക്ഷികൾ. വാസ്തവത്തിൽ ഈ ഭീകര മനോഭാവങ്ങളും ജിഹാദീ സങ്കൽപങ്ങളും ഒന്നൊന്നായി മുസ്ലിം സമൂഹത്തിന് നേരെ തിരിഞ്ഞടിക്കുകയാണ്. സ്വന്തം സമൂഹത്തിനെതിരെ വരുമ്പോഴെങ്കിലും അവർ ചെയ്യുന്ന ഇസ്ലാമിക വിരുദ്ധമായ ഈ അനീതിയെക്കുറിച്ച് അല്ലെങ്കിൽ ക്രിമിനൽ മനോഭാവത്തെക്കുറിച്ച് ആത്മവിമർശനം നടത്തട്ടെ. ഇന്ത്യയിൽ അനുവദിക്കുന്നതുപോലെ എല്ലാ മതസ്ഥർക്കും വിശ്വാസസ്വാതന്ത്ര്യം ഏത് മുസ്ലിം രാജ്യത്താണ് അനുവദിച്ചിട്ടുള്ളത്? ഇനി നിങ്ങൾ പറയൂ ഇസ്ലാം ഊന്നിപ്പറയുന്ന മത സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങൾ ആരാണ് ഉയർ ത്തിപ്പിടിക്കുന്നത്. മുസ്ലിം രാജ്യങ്ങളോ? അതോ ഇന്ത്യൻ ഭരണഘടനയോ? ❍

**പ്രസ്താവന**

# വർഗ്ഗീയത ആശങ്കാജനകം - *അമീർ സാഹിബ്*

**കോഴിക്കോട്:** ദൗർഭാഗ്യകരമായ മാറാട് സംഭവത്തി ന് ശേഷം കേരളത്തിൽ ഉയർന്നുവരുന്ന വർഗ്ഗീയമായ അസ്വാരസ്യങ്ങളിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അമീർ ഉത് കണ്ഠ രേഖപ്പെടുത്തി. മനുഷ്യന്റെ ആ ത്മീയവും സാമൂഹികവുമായ സമാധാനത്തിനുവേണ്ടി നിലകൊള്ളേണ്ട മതങ്ങൾ പരസ്പരം സംഘർഷങ്ങൾ വളർത്തുന്നതും രക്തം ഒഴുക്കുന്നതും അപലപനീയമാണെന്ന് അമീർസാഹിബ് പറഞ്ഞു. മതവിരുദ്ധമായ മൃഗീയ വികാരങ്ങൾക്ക് മനുഷ്യൻ വശംവദനാകുന്നതാ ണ് ഇത്തരം വർഗ്ഗീയ സംഘർഷങ്ങൾക്ക് കാരണം. നിർഭാഗ്യകരമായ അത്തരം സംഭവങ്ങളോട് രാഷ്ട്രീയ പാർട്ടികളുടെ സമീപനം

**അനുസ്മരണം**

## മൗലവി അലവി സാഹിബ് എച്ച്. എ.



**അലനല്ലൂർ:** പ്രഗത്ഭ അഹ്മദി പണ്ഡിതനും പ്രചാരകനുമായിരുന്ന മൗലവി അലവി സാഹിബ് എച്ച്. ഏ.(85) അലനല്ലൂരിൽ വെച്ച് 23. 7. 2003 ന് ബുധനാഴ്ച രാവിലെ 4 മണിക്ക് ദിവംഗതനായി. ഇന്നാലില്ലാഹി..... ഒരു പണ്ഡിതകുടുംബത്തിൽ ജനിച്ച മൗലവി സാഹിബ് വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ടാണ് പാണ്ഡിത്യത്തിന്റെ ഔന്നത്യങ്ങൾ കീഴടക്കിയത്. അഹ്മദ് സാഹിബിന്റെയും മർയം സാഹിബയുടെയും പുത്രനായി 1918 ലാണ് മൗലവി സാഹിബ് ജനിച്ചത്. വാഗ്ദത്ത മസീഹിന്റെ ഒരു അറബിക് കൃതി വായിച്ച മാത്രയിൽ തന്നെ അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിൽ ആകൃഷ്ടനാവുകയാണുണ്ടായത്. ഗ്രാമീണമായ നിഷ്കളങ്കതയോടെ നാട്യങ്ങളില്ലാതെ ജീവിച്ചു ശീലിച്ച മൗലവി സാഹിബ് സത്യം ഗ്രഹിച്ച ഉടനെ തന്നെ ഖാദിയാനെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. പാഥേയവും മുൻകരുതലുമൊന്നുമില്ലാതെ ഖാദിയാനിലേക്കുള്ള തന്റെ സത്യാന്വേഷണ യാത്ര മൗലവി സാഹിബിന് സമ്മാനിച്ചത് ദുരിതങ്ങളായിരുന്നു. പദയാത്രികനായാണ് അദ്ദേഹം ഖാദിയാനിയിലേക്ക് യാത്ര തിരിച്ചത്. മർക്കരയിലായിരുന്നു ആദ്യത്തെ താവളം. അവിടെ അദ്ദേഹം മരം മുറിക്കുന്ന ജോലി ചെയ്തു. മർക്കരയിലെ അഹ്മദിയ്യാ പള്ളിയിൽ പോകുമായിരുന്നെങ്കിലും താൻ ഒരു അഹ്മദിയ്യാണെന്ന രഹസ്യം അദ്ദേഹം പുറത്തുവിട്ടില്ല. കുറച്ചു കാലം അവിടെ തങ്ങിയ ശേഷം ബോംബയിലേക്ക് യാത്ര തിരിച്ചു. നടന്നു തന്നെയായിരുന്നു യാത്ര. പിന്നീട് അവിടെ മാങ്ങാ കച്ചവടം നടത്തി. പിന്നീട് ട്രെയിനിൽ ഡൽഹിയിലേക്ക് യാത്ര തിരിക്കുകയുണ്ടായി. അറബിയും മലയാളവും മാത്രമറിയുന്ന മൗലവി സാഹിബ് തന്റെ യാത്രക്കിടയിൽ ഒരു യു. പി. ക്കാരനെ തബ്‌ലീഗ് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിലേക്ക് ബൈഅത്ത് ചെയ്യിച്ചു. പിന്നീട് ഇരുവരും ചേർന്നായിരുന്നു യാത്ര. യാത്രക്കിടയിൽ പാകിസ്ഥാൻ ചാരൻമാരാണെന്ന് കരുതി 2 പേരെയും പോലീസ് അറസ്റ്റ് ചെയ്തു. 10 മാസം ജയിൽവാസം വിധിച്ചു. ഈ വിവരം എങ്ങിനെയോ ഖാദിയാനിൽ അറിയുകയും 1000 രൂപ മോചന ദ്രവ്യവുമായി ജമാഅത്ത് അംഗങ്ങൾ ജയിലിലെത്തുകയുണ്ടായി. ജമാഅത്തിന്റെ സാമ്പത്തിക നഷ്ടമോർത്ത് മൗലവി സാഹിബ് അത് നിരസിക്കുകയാണുണ്ടായത്. പകരം ജയിൽ ശിക്ഷ തന്നെ ഏറ്റുവാങ്ങാനാണ് തീരുമാനിച്ചത്. ജയിലിൽ വെച്ചുള്ള നല്ല പെരുമാറ്റത്തിന്റെയും ജോലിയുടെയും അടിസ്ഥാനത്തിൽ നാലുമാസം ശിക്ഷ ഇളവു ചെയ്തു. ആറുമാസത്തെ ശിക്ഷ പൂർത്തിയാക്കിയാണ് മൗലവി സാഹിബ് ഖാദിയാനിൽ എത്തുന്നത്.

ഖാദിയാനിയിൽ മദ്രസ അഹ്മദിയ്യായിൽ വെച്ച് മൗലവി പരീക്ഷയും പഞ്ചാബ് യൂണിവേഴ്സിറ്റിയുടെ എച്ച്. ഏ. ബിരുദവും അദ്ദേഹം കരസ്ഥമാക്കി. അറബി ഭാഷയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മൗലവി സാഹിബ് ആ ബാച്ചിലെ ഏറ്റവും മാർക്ക് നേടിയ വിദ്യാർത്ഥിയായിരുന്നു. അഹ്മദിയ്യത്തിന്റെ ഔദ്യോഗിക ചരിത്ര ഗ്രന്ഥമായ 'താരീകെ അഹ്മദിയ്യ'ത്തിന്റെ 18-ാം വാല്യത്തിൽ അദ്ദേഹത്തിന്റെ പേരും ഫോട്ടോയും ഉണ്ട്. കേരളത്തിലെ മിക്കവാറും എല്ലാ ജമാഅത്തുകളിലും തമിഴ്നാട്ടിലും അദ്ദേഹം സേവനമനുഷ്ടിച്ചിട്ടുണ്ട്. മൗലവി സാഹിബ് വാഗ്മി ആയിരുന്നില്ലെങ്കിലും തബ്‌ലീഗ് രംഗത്ത് ഉജ്ജ്വലമായി ശോഭിച്ച ഒരു സംഭാഷണ വിദഗ്ധനായിരുന്നു.

എറണാകുളം, കൊച്ചി, പള്ളിരുത്തി, കാക്കനാട്, മൂവാറ്റുപുഴ, കൊടുങ്ങല്ലൂർ, ആലപ്പുഴ തുടങ്ങിയ ജമാഅത്തുകളുടെ രൂപീകരണത്തിൽ അദ്ദേഹം മുഖ്യ പങ്കു വഹിച്ചു. ഭാര്യ : ഖദീജ കെ. മക്കൾ: മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് എച്ച്. ഏ. (മുബല്ലിഗ്), മുഹമ്മദ് സലിം (മുബല്ലിഗ്), മുബാറക്ക് ബീഗം, മൻസൂറാ ബീഗം, നുസ്റത്ത് ബീഗം, ബുഷറ ബീഗം, ഫാഇസാ ബീഗം. മരുമക്കൾ: ശൗക്കത്തലി സാഹിബ് (മുഅലിം), മൗലവി ജമാലുദ്ദീൻ സാഹിബ് എച്ച്. എ. (മുബല്ലിഗ്), മൗലവി ആലിക്കുഞ്ഞ് (ബി.ഏ.എച്ച്.ഏ., മുബല്ലിഗ്), മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എച്ച്. എ, (മുബല്ലിഗ്), മൗലവി ബശീറുദ്ദീൻ എച്ച്. ഏ. (ലക്ചർ, ഖാദിയാൻ), സീനത്ത്, എസ്. എം. ഫാത്തിമ.

***– പി. എം. ബഷീർ അഹ്മദ്***

**കോഴിക്കോട്:** മൗലവി അലവി സാഹിബിന്റെ നിര്യാണത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ ഏ. പി. കുഞ്ഞാമു സാഹിബ് അഗാധമായ ദു:ഖം രേഖപ്പെടുത്തി. കേരളത്തിൽ ജമാഅത്തിന്റെ പ്രചരണത്തിന് വമ്പിച്ച സേവനം അർപ്പിച്ച മൗലവി സാഹിബിന്റെ കർമ്മങ്ങൾ നിത്യസ്മരണീയമാണെന്ന് അമീർ സാഹിബ് പറഞ്ഞു. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിരത്തും നൽകി അനുഗ്രഹിക്കട്ടെ എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. ❍

തികച്ചും നിഷ്പക്ഷവും മാനുഷിക മൂല്യങ്ങൾക്ക് ഉന്നൽ നൽകുന്നതും സമാധാനം പുലർത്താൻ സഹായകരവുമായിരിക്കുന്ന രീതിയിലുമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ന്യൂനപക്ഷങ്ങൾ രാഷ്ട്രീയമായി സംഘടിച്ചത് ഭൂരിപക്ഷ വർഗ്ഗീയതയെ വളർത്താൻ സഹായകരമായേക്കാമെന്ന് അമീർ സാഹിബ് സംശയം പ്രകടിപ്പിച്ചു. മുഖ്യമന്ത്രി ആന്റണിയുടെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു അദ്ദേ ഹം. സമൂഹത്തിന്റെ പൊതുക്ഷേമമായിരിക്കണം രാഷ്ട്രീയ പാർട്ടികളുടെ ല ക്ഷ്യം. രാഷ്ട്രീയ പാർട്ടികൾ വൈകാരിക ഭാവമുൾക്കൊള്ളുന്ന മതങ്ങളുടെ പേരിൽ സംഘടിക്കുമ്പോൾ വിവിധമതങ്ങളുള്ള ഇന്ത്യയെപ്പോലെയുള്ള രാജ്യത്ത് സംഘർഷങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്ന് അമീർ സാഹിബ് പറഞ്ഞു. മുസ്‌ലിംലീഗ് രാഷ് ട്രീയമായി സംഘടിച്ച് നേട്ടങ്ങളുണ്ടാക്കു ന്നുവെന്ന ധാരണയിൽ മറ്റു മതങ്ങളിലെ സാമുദായിക സാംസ്കാരിക സംഘടനകളും രാഷ്ട്രീയമായി സംഘടിച്ച് വിലപേശാനൊരുങ്ങുവാൻ സാധ്യതയുണ്ട്. മുസ്‌ലിം ലീഗ് വർഗ്ഗീയത ഇല്ലാതാക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുവെങ്കിലും രാഷ്ട്രീയ രംഗത്ത് ലീഗിന്റെ സാന്നിദ്ധ്യം തന്നെ വർഗ്ഗീയതയ്ക്ക് ഹേതുവായി തീരുന്നു എന്നാണ് ജനസംസാരം. മുസ്‌ലിംലീഗ് മന്ത്രിമാർ അഴിമതിക്കാരും പൊതുജനങ്ങളുടെ പണം ദുർവിനിയോഗം ചെയ്യുന്നവരുമാണെന്ന് എന്റെ പേരിൽ ഒരു പത്രത്തിൽ വന്ന പ്രസ്താവന വാസ്തവ വിരുദ്ധമാണ്. ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല. യോഗ്യന്മാരായ പലരും മുസ്‌ലിംലീഗ് മന്ത്രിമാരുടെ കൂട്ടത്തിലുണ്ടെന്നും അമീർ എ.പി. കുഞ്ഞാമു സാഹിബ് പറഞ്ഞു.

ആന്റണി ന്യൂനപക്ഷത്തിന്റെ, സമ്മർദ്ദ രാഷ്ട്രീയത്തെപറ്റി പറഞ്ഞെങ്കിലും ഈ അപ്രിയ സത്യം അനവസരത്തിലായിപ്പോയി. വിദേശങ്ങളിൽ അദ്ധ്വാനിക്കുന്ന ന്യൂനപക്ഷവിഭാഗങ്ങളെ സംബന്ധിച്ച് ആന്റണിയുടെ പരാമർശം തികച്ചും അപലപനീയമാണ്. അവരുടെ ധനസ്ഥിതി മെച്ചപ്പെട്ടത് കൊണ്ടാണ് ഇവിടെ സംഘർഷങ്ങളുണ്ടാവുന്നത് എന്ന ആന്റണിയുടെ പ്രസ്താവന യാതൊരുതരത്തിലും യുക്തിസഹമമല്ലാത്തതും വിനാശകരവുമാണെന്നും അദ്ദേഹം പറഞ്ഞു. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരിൽ എല്ലാ മതസ്ഥരും ഉണ്ടെന്ന കാര്യവും അദ്ദേഹം അനുസ്മരിച്ചു. ❍